


G20 L20 INDIA 2023

# മസ്ദൂർ ഭാരതി

MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

ഭാരതീയ മസ്ദൂർ സംഘം കേരളപ്രദേശ് മുഖപത്രം

Volume: 40 2023 MAY Issue 5

മസ്ദൂർഭാരതി
കല്ലായ് റോഡ്, കോഴിക്കോട് – 673002
ഫോൺ : 0495 2305040
e-mail : mazdoorbharathi@gmail.com

മുഖപ്രസംഗം — തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷിതയോ? 4

ജീവിതവേതനം തൊഴിലാളിയുടെ മുഖ്യ ആവശ്യം......6
ടി.എം.നാരായണൻ

തൂക്കുമരങ്ങളെ ചുംബിച്ചുണർത്തിയ വിപ്ലവകാരികൾ ......9
കെ.വി.രാജേന്ദ്രൻ

ബി.എം.എസ്. ദേശീയ സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ ......11
സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ

കോഴിക്കോടിന്റെ നിലച്ചുപോയ ഓടുവ്യവസായം......15
എൻ.ശശിധരൻ

വാർത്തകൾ......20

നിരീക്ഷണങ്ങൾ വിശകലനങ്ങൾ — കല്ലറ അജയൻ — പിഎച്ച്ഡി പ്രബന്ധങ്ങളുടെ നിലവാരത്തകർച്ച 17

## മസ്ദൂർ ഭാരതി

**ഉപദേശക സമിതി**

അഡ്വ.സി.കെ.സജി നാരായണൻ
കെ.ഗംഗാധരൻ
പി.ഗോപാലൻകുട്ടി മാസ്റ്റർ
വി.രാധാകൃഷ്ണൻ
ഡോ.എം.വി.നടേശൻ
ഡോ.കെ.ആർ.രാധാകൃഷ്ണപിള്ള
കല്ലറ അജയൻ
എം.എസ്. ശ്യാംകുമാർ
കെ.വി.രാജേന്ദ്രൻ

മാനേജർ : ഇ.ദിവാകരൻ

**പത്രാധിപസമിതി**

എഡിറ്റർ : കെ.കെ.വിജയകുമാർ
അസി.എഡിറ്റർ : ടി.എം.നാരായണൻ
സബ് എഡിറ്റർ : കെ.പി.അഖിലേഷ്

സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ
ജി.കെ.അജിത്ത്
കെ.മഹേഷ്
എം.പി.രാജീവൻ

അദ്ധ്വാനം ആരാധനയാണ്

മസ്ദൂർ ഭാരതി
MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

പുസ്തകം: 40 2023 മെയ് ലക്കം 5

# തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷിതയോ ?

**കൊ**ട്ടാരക്കര താലൂക്ക് ആശുപത്രിയിൽ പോലീസ് കൊണ്ടുവന്ന ഒരു അക്രമിയുടെ കുത്തേറ്റ് വന്ദന ദാസ് എന്ന യുവ വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവം ജനങ്ങളെയെല്ലാം നടുക്കി. ആശുപത്രികൾക്കുനേരെയും ഡോക്ടർമാർക്കുനേരെയും പല തവണ ആക്രമണങ്ങളും ഇതിനുമുൻപും ഉണ്ടായിട്ടുണ്ട്. ചികിത്സാപിഴവിന്റെ പേരിലൊക്കെയാണ് അവ നടന്നിട്ടുള്ളത്. യാതൊരു കാരണവുമില്ലാതെ ഡ്യൂട്ടിക്കിടെ ഒരു ഡോക്ടർ കൊല്ലപ്പെടുന്ന സംഭവം ആദ്യമായാണ് സംസ്ഥാനത്ത് ഉണ്ടാകുന്നത്. ഒരു സബ്ബ് ഇൻസ്പെക്ടർ ഉൾപ്പെടെയുള്ള നാലു പോലീസുകാരുടെ ബന്തവസ്സിൽ കൊണ്ടുവന്ന ഒരു രോഗിയാണ് അത്യാഹിത വിഭാഗത്തിൽവെച്ച് ഈ ആക്രമം നടത്തിയത്. അക്രമാസക്തനായ രോഗിയെ കീഴടക്കാൻ കഴിയാതിരുന്ന പോലീസുകാർ ഡോക്ടറോടൊപ്പം അയാളെയും പൂട്ടിയിട്ട് ഓടിപ്പോവുകയാണുണ്ടായത്. ആ സമയത്താണ് കയ്യിൽകിട്ടിയ കത്രികയെടുത്ത് അക്രമി ഡോക്ടറെ പലതവണ കുത്തിയത്. അക്രമി സർക്കാർ ശമ്പളം പറ്റുന്ന ഒരു അധ്യാപകനാണ് എന്നത് അക്രമത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. മദ്യത്തിനോ മയക്കുമരുന്നിനോ അടിമപ്പെട്ട് അക്രമാസക്തനായി പെരുമാറുന്നയാളെ ഒരു സുരക്ഷാ നടപടിയുമില്ലാതെയാണ് പോലീസ് രാത്രിസമയം ആശുപത്രിയിൽ ചികിത്സക്കു കൊണ്ടുവന്നത്. മദ്യപിച്ചോ മയക്കുമരുന്നിന് അടിമപ്പെട്ടോ സ്വബോധം നഷ്ടപ്പെട്ട ഒരാൾ ഏതുസമയത്തും അക്രമവാസന കാണിച്ചേക്കാമെന്ന് പോലീസ് അനുമാനിക്കേണ്ടതായിരുന്നു. പ്രതിരോധിക്കാൻ ഒരു ലാത്തിപോലും ഇല്ലാതെ പോലീസിനെ പുറത്തേയ്ക്കുവിടുന്ന സർക്കാർ നയവും തിരുത്തേണ്ടതാണ്. അക്രമിയെ പ്രതിരോധിക്കാൻ വിമുക്തഭടനായ ഹോംഗാർഡ് തയ്യാറാവുകയും കുത്തുകൾ ഏറ്റുവാങ്ങുകയും ചെയ്തെങ്കിലും മറ്റു പോലീസുകാർക്ക് അതിനുള്ള ധൈര്യം എന്തുകൊണ്ട് ഉണ്ടായില്ല എന്നതും പരിശോധിക്കേണ്ടതുണ്ട്.

ഈ സംഭവത്തിനുശേഷം കൊല്ലം ജില്ലാ ആശുപത്രിയിലും ഒരു രോഗി അക്രമാസക്തനായി ഡോക്ടറെ ആക്രമിക്കാൻ വന്ന സംഭവവുമുണ്ടായി. സംസ്ഥാനത്ത് ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള അക്രമണങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യപ്രവർത്തകരുടെ ചെറിയ പാകപ്പിഴവുകളുടെ പേരിൽ അവരെ സമൂഹമദ്ധ്യത്തിൽ കുറ്റപ്പെടുത്തി സംസാരിക്കുന്ന സംഭവങ്ങൾ അടുത്തിടെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഡോക്ടർമാർ അടികൊള്ളേണ്ടവരാണ് എന്നാണ് നിയമസഭയിൽ ഒരു സാമാജികൻ പ്രസംഗിച്ചത്. അക്രമപ്രവണതയെ പ്രോത്സാഹിപ്പിക്കുന്നവിധം ഇത്തരം ഭാഷയിൽ സംസാരിക്കുന്നത് നല്ലതല്ല. ഒരിക്കലും നടക്കാൻ

പാടില്ലാത്ത ഒരു അക്രമം തന്റെ വകുപ്പിന്റെ കീഴിലുള്ള ഒരു ആശുപത്രിയിലുണ്ടാവുകയും സംസ്ഥാനത്ത് ഡ്യൂട്ടിക്കിടെ ഒരു ഡോക്ടർ കൊല ചെയ്യപ്പെടുകയും ചെയ്തപ്പോൾ വനിതയായ ആരോഗ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായ പ്രതികരണവും സന്ദർഭത്തിന് യോജിച്ചതല്ലായിരുന്നു. ആതുര സേവനരംഗത്തുള്ളവരെയെല്ലാം ഭീതിയിലും ദുഃഖത്തിലും ആഴ്ത്തിയ ഒരു മുറിവുണ്ടായപ്പോൾ അവരെ ആശ്വസിപ്പിക്കാൻ ഉതകുന്ന വാക്കുകളാണ് അവർ ഉപയോഗിക്കേണ്ടിയിരുന്നത്. മുറിവുകെട്ടുന്നതിനുപകരം അതിൽ മുളകിട്ടുകൊടുക്കുന്ന വാക്കുകകളാണ് മന്ത്രിയിൽനിന്നുണ്ടായത്. പൗര സമൂഹം അതിൽ പ്രതിഷേധിച്ചപ്പോഴും തന്റെ വാക്കുകളിൽ അവർ ഉറച്ചുനില്ക്കുകയാണുണ്ടായത്. സേവനമേഖലയിലെ മുഴുവൻ ജീവനക്കാരോടും അവർ മാപ്പുപറയേണ്ടിയിരുന്നു. ആശുപത്രി സംരക്ഷണനിയമം സമഗ്രമായി പരിഷ്കരിക്കാൻ സർക്കാർ തയ്യാറാവേണ്ടതുണ്ട്.

അടുത്തടുത്തായി കേരളത്തിൽ ജനമനസ്സാക്ഷിയെ ഞെട്ടിക്കുന്ന സംഭവങ്ങൾ ആവർത്തിക്കുകയാണ്. അധികൃതരുടെ അനാസ്ഥമൂലമാണ് ഇത്തരം ദുരന്തങ്ങൾ ഉണ്ടാവുന്നത്. താനൂരിലെ ബോട്ടപകടത്തിൽ മരണപ്പെട്ട 22 പേരിൽ 15 പേരും കുട്ടികളായിരുന്നു എന്നത് ദുഃഖത്തിന്റെ കാഠിന്യം വർദ്ധിപ്പിക്കുന്നു. 21 യാത്രക്കാരെ കയറ്റാൻ അനുമതിക്ക് അപേക്ഷിച്ച ബോട്ടിൽ 37 യാത്രക്കാരാണ് ഉണ്ടായിരുന്നത്. 29 പേർ മരിച്ച 2002-ലെ കുമരകം ബോട്ടപകടത്തിലും, 18 പേർ മരിച്ച 2007-ലെ തട്ടേക്കാട് അപകടത്തിലും, 45 പേർ മരിച്ച 2009 -ലെ തേക്കടി അപകടത്തിലും വില്ലൻ അമിതഭാരം തന്നെയായിരുന്നു. മാത്രമല്ല യാത്രക്കാർക്ക് ലൈഫ് ജാക്കറ്റ് നല്കാത്തതും മരണസംഖ്യ വർദ്ധിക്കുന്നതിന് കാരണമായി. ഉപേക്ഷിക്കപ്പെട്ട ഒരു മത്സ്യബന്ധന ബോട്ടാണ് പരിഷ്കരിച്ച് ടൂറിസ്റ്റ് ബോട്ടാക്കിയിരുന്നത്. അന്തിമാനുമതി ലഭിക്കാതെയാണ് ഏതാനും ആഴ്ചകൾക്കുമുൻപ് ബോട്ട് സർവ്വീസ് ആരംഭിച്ചത്. സൂര്യാസ്തമയത്തിനു മുൻപ് സർവ്വീസ് അവസാനിപ്പിച്ചു തിരിച്ചുവരണമെന്ന നിബന്ധനയും പാലിക്കപ്പെട്ടിരുന്നില്ല. മുകൾത്തട്ടിൽ യാത്രക്കാരെ കയറ്റരുതെന്ന നിർദ്ദേശവും ലംഘിക്കപ്പെട്ടു. ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച് സമഗ്ര നിയമനിർമ്മാണം നടത്തണമെന്ന മുൻ അന്വേഷണകമ്മീഷൻ ശുപാർശയും അവഗണിക്കപ്പെട്ടു. ദുരന്തങ്ങൾ ഉണ്ടാകുന്ന സമയത്ത് മാത്രമാണ് അധികൃതർ ഉണർന്നു പ്രവർത്തിക്കുന്നതെന്ന് ഭരണകക്ഷിനേതാവിന് കുറ്റപ്പെടുത്തേണ്ടിവന്നു.

3200 ജലയാനങ്ങൾ പ്രവർത്തിക്കുന്ന കേരളത്തിൽ ഇവ പരിശോധിക്കുന്നതിന് ജലഗതാഗത വകുപ്പിൽ 2 സർവ്വേയർ മാത്രമാണ് ഉള്ളത്. രക്ഷാപ്രവർത്തനത്തിനു പോകാൻ കോസ്റ്റൽ പോലീസിന്റെ ബോട്ടിൽ, പണമില്ലാത്തതുമൂലം ഡീസൽ ഇല്ലായിരുന്നു എന്നതും നമ്മുടെ ഭരണ സംവിധാനത്തിന്റെ ദുഃസ്ഥിതി ചൂണ്ടിക്കാണിക്കുന്നു. മത്സ്യത്തൊഴിലാളികളും നാട്ടുകാരും ചേർന്നാണ് ഇരുട്ടിൽ രക്ഷാപ്രവർത്തനം നടത്തിയത്. സാമ്പത്തികശേഷിയും രാഷ്ട്രീയ സ്വാധീനവുമുള്ളവർക്ക് ഒരു നിയമത്തേയും പേടിക്കേണ്ടതില്ല എന്ന അവസ്ഥയാണ് കേരളത്തിൽ ഇന്നുള്ളത്. ലൈസൻസില്ലാതെയും സുരക്ഷാ മുൻകരുതലുകളില്ലാതെയുമാണ് ബോട്ട് ഓടിക്കുന്നത് എന്ന് യാത്രക്കാർക്ക് അറിയില്ല. ഇതെല്ലാം അറിഞ്ഞിട്ടും ബോട്ട് സർവ്വീസിന് മൗനാനുവാദം നല്കിയവരാണ് ഈ ദുരന്തത്തിലെ കുറ്റവാളികൾ. നിയമങ്ങൾ പാലിക്കാൻ തയ്യാറായാൽത്തന്നെ ഒരു പരിധിവരെ ദുരന്തങ്ങൾ കുറക്കാൻ കഴിയും. റോഡപകടങ്ങളും കൂടുതൽ ഉണ്ടാകുന്നത് മോട്ടോർ വാഹനനിയമങ്ങൾ കൃത്യമായി പാലിക്കപ്പെടാത്തതുകൊണ്ടാണ്. ദുരന്തത്തിന്റെ കാരണങ്ങൾ പകൽപോലെ വ്യക്തമായിരിക്കെ ഒരു ജൂഡിഷ്യൽ അന്വേഷണക്കമ്മീഷനെക്കൂടി നിയോഗിച്ചതുകൊണ്ട് എന്തു ഗുണം? നേരത്തെയുള്ള ശുപാർശകൾ നടപ്പാക്കാനാണ് സർക്കാർ തയ്യാറാകേണ്ടത്. ■

# ജീവിത വേതനം തൊഴിലാളിയുടെ മുഖ്യ ആവശ്യം



**ടി. എം. നാരായണൻ**



**ഡോ.** ബി.ആർ. അംബേദ്കർ വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ തൊഴിൽവകുപ്പ് കൈകാര്യം ചെയ്യുന്ന അംഗമായി പ്രവർത്തിച്ച 1942 മുതൽ 1946 വരെയുള്ള കാലഘട്ടത്തിലാണ് ഇന്ത്യയിൽ പല പുതിയ തൊഴിൽനിയമങ്ങളും രൂപപ്പെട്ടത്. ഇന്ത്യൻ ലേബർ കോൺഫറൻസുകളിൽ തൊഴിലാളി പ്രതിനിധികളെ പങ്കെടുപ്പിക്കാൻ തുടങ്ങിയതും അദ്ദേഹത്തിന്റെ ശ്രമത്തിലാണ്. 1942-ൽ നടന്ന നാലാം ഇന്ത്യൻ ലേബർ കോൺഫറൻസിലാണ് ആദ്യമായി തൊഴിലുടമാ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും മുഖത്തോട് മുഖം ഇരുന്ന് തൊഴിൽപ്രശ്നങ്ങൾ ചർച്ച ചെയ്തത്. അതുവരെ കേന്ദ്രത്തിലേയും പ്രവിശ്യകളിലേയും തൊഴിൽവകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ മാത്രമാണ് സമ്മേളനത്തിൽ പങ്കെടുത്തിരുന്നത്. ജോലിസമയം 14 മണിക്കൂറിൽനിന്ന് 8 മണിക്കൂറായി കുറച്ചതും ആഴ്ചയിൽ പരമാവധി 48 മണിക്കൂർ ജോലി എന്നു നിശ്ചയിച്ചതും അദ്ദേഹമാണ്. 1942-ൽതന്നെ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മിനിമം വേജസ് നിയമം തയ്യാറാക്കിയിരുന്നു. ആയത് ലേബർ കോൺഫറൻസിൽ ചർച്ച ചെയ്ത് കേന്ദ്രനിയമനിർമ്മാണസഭ 1944-ൽ അംഗീകരിച്ചു. തുടർന്ന് വ്യവസായ തർക്ക നിയമം 1947, എംപ്ലോയീസ് പ്രൊവിഡണ്ട് ഫണ്ട്, സ്റ്റേറ്റ് ഇൻഷൂറൻസ് എന്നിവയും നടപ്പാക്കി. വർക്ക്മെൻ കോംപൻസേഷൻ ആക്റ്റ് 1923, ഫാക്ടറീസ് ആക്ട് 1944, ട്രെയ്ഡ് യൂണിയൻ ആക്ട് 1926 എന്നിവയിൽ സുപ്രധാനമായ ഭേദഗതികളും അദ്ദേഹത്തിന്റ നേതൃത്വത്തിൽ നടത്തുകയുണ്ടായി.

മിനിമം വേജസ് ആക്ട് നടപ്പിലായത് 1948-ലാണ്. അതിനുശേഷം പല ഘട്ടങ്ങളിലായി ധാരാളം ഭേദഗതികൾ അതിൽ വരുത്തിയിട്ടുണ്ട്. നിയമത്തിൽ ചേർത്തിട്ടുള്ള പട്ടിക (ഷെഡ്യൂൾ) യിൽപറയുന്ന മേഖലകളിലാണ് മിനിമം വേജ് ആക്ട് ബാധകമാകുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളാണ് ഓരോ മേഖലയിലെയും മിനിമം വേതനം നിശ്ചയിക്കുകയും പുതു




ക്കുകയും ചെയ്യേണ്ടത്. ഒരു സംസ്ഥാനത്ത് 1000 തൊഴിലാളികളെങ്കിലും പ്രവർത്തിക്കുന്ന മേഖലകളെ സർക്കാരിന് പട്ടികയിൽ ഉൾപ്പെടുത്താം. അഞ്ചുവർഷത്തിലൊരിക്കൽ വേതനം പുതുക്കി നിശ്ചയിക്കണമെന്നും നിയമം അനുശാസിക്കുന്നു. മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിയമം വിശദീകരിക്കുന്നില്ല. 1957-ലെ ഇന്ത്യൻ ലേബർ കോൺഫറൻസ് മിനിമം വേതനം നിശ്ചയിക്കുന്നതിന് ചില മാനദണ്ഡങ്ങൾ ശുപാർശ ചെയ്യുകയുണ്ടായി. ഇവ അവശ്യാധിഷ്ഠിത മിനിമം വേതനതത്വം എന്ന പേരിലാണ് അറിയപ്പെടുന്നത്.

തൊഴിലാളികളുടെ കുടുംബത്തിൽ മൂന്ന് ഉപഭോക്തൃ യൂണിറ്റുകൾ ഉള്ളതായി കണക്കാക്കിക്കൊണ്ടാണ് മിനിമം വേതനം കണക്കാക്കുന്നത്. ഭർത്താവ്, ഭാര്യ എന്നിവർക്ക് രണ്ടു യൂണിറ്റും രണ്ടു കുട്ടികൾക്ക് ഒരു യൂണിറ്റുമാണ് കണക്കാക്കിയിട്ടുള്ളത്. വേതനം കണക്കാക്കുമ്പോൾ 2700 കലോറി ഊർജ്ജം ലഭിക്കുന്നതിനാവശ്യമായ ഭക്ഷണമാണ് ഒരു യൂണിറ്റിന് കണക്കാക്കേണ്ടത്. കുടുംബത്തിന് മൊത്തം 72 മീറ്റർ തുണിയാണ് വർഷത്തിൽ ആവശ്യമായി കണക്കാക്കിയിട്ടുള്ളത്. സർക്കാർ ക്വാർട്ടേഴ്സുകളിലെ മിനിമം വിസ്തൃതിയുള്ള വീടിനാവശ്യമായ വാടകയും കണക്കാക്കി. വിറക്, വെളിച്ചം തുടങ്ങിയവക്കുവേണ്ടി ആകെ വേതനത്തിന്റെ 20 ശതമാനം വേണമെന്നുമാണ് അന്ന് കണക്കാക്കിയത്. 1992-ൽ സുപ്രീം കോടതി കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, വിനോദം തുടങ്ങിയ കാര്യങ്ങൾക്കായി 25 ശതമാനം കൂടി കണക്കിലെടുക്കാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഇതൊന്നുംതന്നെ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. നിലവിലുള്ള വേതനത്തിൽ എന്തെങ്കിലും വർദ്ധനകൊടുത്ത് പുതിയ വേതനം നിശ്ചയിക്കുന്ന സ്ഥിതിയാണുള്ളത്. മിനിമം വേതനം ശുപാർശ ചെയ്യുന്നതിന് ഓരോ മേഖലയ്ക്കും പ്രത്യേകം വേജ് ബോർഡുകൾ/കമ്മിറ്റികൾ ഉണ്ടായിരിക്കും. തൊഴിൽ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്നതിനാൽ കേന്ദ്രം അതിന്റെ കീഴിൽ വരുന്ന മേഖലകളിലും സംസ്ഥാനങ്ങൾ അവരുടെ പരിധിക്കുകീഴിലുള്ള മേഖലകളിലും കമ്മിറ്റികൾ രൂപീകരിക്കുന്നു.

1948-ൽതന്നെ കേന്ദ്രസർക്കാർ ഫെയർവേജ് കമ്മിറ്റിയെ നിശ്ചയിക്കുകയുണ്ടായി. മിനിമം വേജ് (ചുരുങ്ങിയ വേതനം), ഫെയർവേജ് (മാന്യ വേതനം), ലിവിംഗ് വേജ് (ജീവിതവേതനം) എന്നിവ സംബന്ധിച്ച നയം പ്രസ്തുത കമ്മിറ്റി തയ്യാറാക്കുകയുണ്ടായി. സ്വാതന്ത്ര്യസമരനായകർ സ്വപ്നംകണ്ട ഇന്ത്യ ഫലപ്രാപ്തിയിലെത്തിക്കാനുള്ള ആഗ്രഹത്തോടെയാണ് സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന തയ്യാറാക്കാൻ ഭരണഘടന നിർമ്മാണസമിതി പ്രവർത്തിച്ചത്. എന്നാൽ ദരിദ്രാവസ്ഥയിലുള്ള രാജ്യത്തിന് പെട്ടെന്ന് മാറ്റങ്ങൾ വരുത്താനുള്ള കഴിവില്ലായിരുന്നു. അതിനാൽ സ്വാതന്ത്ര്യസമരനായകന്മാരുടെ ആഗ്രഹങ്ങൾ പലതും നിർദ്ദേശകതത്വങ്ങളായിട്ടാണ് ഭരണഘടനയുടെ 4-ാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മൂന്നാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മൗലികാവകാശങ്ങൾ സ്ഥാപിച്ചുകിട്ടാൻ ഏതൊരു പൗരനും കോടതികളെ സമീപിക്കാമെങ്കിലും നിർദ്ദേശക തത്വങ്ങൾ നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കാൻ കോടതികൾക്കു അധികാരമില്ല. എങ്കിലും സർക്കാരിന്റെ ലക്ഷ്യമായി നിർദ്ദേശക തത്വങ്ങളെ കാണേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ നയരൂപീകരണം നടത്തേണ്ടതെന്ന് കോടതികൾ നിരീക്ഷിച്ചിട്ടുമുണ്ട്. പൗരന്മാർക്ക് മാന്യമായ ജീവിതം, സ്ത്രീപുരുഷവ്യത്യാസമില്ലാതെ തുല്യജോലിക്കു തുല്യവേതനം, ചൂഷണരഹിതമായ തൊഴിലാളിസമൂഹം തുടങ്ങിയവ ഭരണഘടനയുടെ ആർട്ടിക്കിൾ 39 വാഗ്ദാനം ചെയ്യു

ന്നു. തൊഴിലാളികൾക്ക് ജോലിചെയ്യാൻ അനുയോജ്യമായ സാഹചര്യങ്ങൾ, ലിവിംഗ് വേജ് (ജീവിതവേതനം) എന്നിവയും ഭരണഘടനയുടെ ആർട്ടിക്കിൾ 49 വാഗ്ദാനം ചെയ്യുന്നു. ക്ഷേമരാഷ്ട്ര സങ്കല്പമാണ് നിർദ്ദേശകതത്വത്തിന്റെ കാതൽ. അന്തർദേശീയ തൊഴിൽസംഘടനയുടെ ഭരണഘടനയുടെ ആമുഖത്തിലും ജീവിതവേതനം ലക്ഷ്യമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. അതിന്റെ കൂടി അടിസ്ഥാനത്തിലാണ് നമ്മുടെ ഭരണഘടനയിലും ഈ വകുപ്പുകൾ ചേർത്തിട്ടുള്ളത്. 1976-ലെ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഭരണഘടനയുടെ ആമുഖത്തിൽ രാജ്യത്തെ ജനാധിപത്യ-സോഷ്യലിസ്റ്റ്-മതേതര റിപ്പബ്ലിക്കായി പ്രഖ്യാപിച്ചിട്ടുണ്ട്. സ്വപ്നതുല്യമായ ഒരു ജീവിതം എല്ലാവർക്കും നല്കണമെന്ന ഭരണഘടനാശില്പികളുടെ ആഗ്രഹംതന്നെയാണ് സോഷ്യലിസ്റ്റ് പദത്തിലൂടെ ഭരണഘടനയിൽ ഇടംപിടിച്ചിട്ടുള്ളത്. തൊഴിലാളികൾക്ക് മാന്യമായ ജീവിതം നയിക്കുന്നതിനാവശ്യമായ വേതനവും വിശ്രമവും സാമൂഹ്യ-സാംസ്കാരിക സൗകര്യങ്ങളും ഉറപ്പാക്കാൻ ഐ.എൽ.ഒ. പല നിർദ്ദേശങ്ങളും പല ഘട്ടങ്ങളിലായി നല്കിയിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ച് തൊഴിലാളികൾക്ക് ജീവിതവേതനം നല്കാൻ സർക്കാർ തയ്യാറാകേണ്ടതുണ്ട്.

ആധുനിക സമൂഹത്തിൽ ഒരു പൗരൻ എങ്ങിനെ ജീവിക്കേണ്ടതുണ്ടോ അതിനു പര്യാപ്തമായ വേതനമാണ് ലിവിംഗ് വേജ് (ജീവിതവേതനം) ആയി കണക്കാക്കേണ്ടത് എന്നാണ് ഫെയർ വേജ് കമ്മിറ്റി ശുപാർശ ചെയ്തത്. മിനിമം വേജിനേക്കാൾ ഉയർന്ന നിലവാരത്തിലുള്ളതും ലിവിംഗ് വേജിനു താഴെയുള്ളതുമായ വേതനത്തെയാണ് ഫെയർ വേജ് (മാന്യ വേതനം) ആയി ഫെയർവേജ് കമ്മിറ്റി വിലയിരുത്തിയത്. നിയമപ്രകാരം നിർബ്ബന്ധമായി നല്കേണ്ടതായ വേതനമാണ് മിനിമം വേതനം. തൊഴിലാളികളുടെ ജീവിതം നിലനിർത്താൻ മാത്രം പര്യാപ്തമായതാണ് മിനിമം വേതനമായി നിശ്ചയിക്കുന്നത്. മിനിമം വേതനം നല്കാൻ കഴിയില്ല എന്ന് ഒരു തൊഴിലുടമയ്ക്കും പറയാൻ അധികാരമില്ല. അതിലും താഴ്ന്ന വേതനത്തിൽ തൊഴിലാളിയെക്കൊണ്ട് ജോലി ചെയ്യിക്കുന്നത് കുറ്റമാണ്. എന്നാൽ സർക്കാർ നിശ്ചയിക്കുന്ന മിനിമം വേതനം പോലും പല തൊഴിൽമേഖലയിലും നല്കുന്നില്ല എന്നതാണ് ദുഃഖകരമായ യാഥാർത്ഥ്യം.

**തൊഴിലാളികൾക്ക് മാന്യമായ ജീവിതം നയിക്കുന്നതിനാവശ്യമായ വേതനവും വിശ്രമവും സാമൂഹ്യ-സാംസ്കാരിക സൗകര്യങ്ങളും ഉറപ്പാക്കാൻ ഐ.എൽ.ഒ. പല നിർദ്ദേശങ്ങളും പല ഘട്ടങ്ങളിലായി നല്കിയിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ച് തൊഴിലാളികൾക്ക് ജീവിതവേതനം നല്കാൻ സർക്കാർ തയ്യാറാകേണ്ടതുണ്ട്.**

ഇന്ത്യാരാജ്യം സ്വാതന്ത്ര്യലബ്ധിയെത്തുടർന്നുള്ള കാലഘട്ടത്തിൽ ദരിദ്രാവസ്ഥയിലായിരുന്നു. ആദ്യ മൂന്നു ദശകങ്ങളിൽ രാജ്യത്തെ ആളോഹരി വരുമാനം ഒരു ശതമാനം വീതമാണ് വാർഷികവളർച്ച കൈവരിച്ചിരുന്നത്. 1980 മുതലാണ് വളർച്ചാനിരക്കിൽ വർദ്ധന രേഖപ്പെടുത്തപ്പെട്ടു തുടങ്ങിയത്. ഇരുപത്തിഒന്നാം നൂറ്റാണ്ടിലേയ്ക്ക് പ്രവേശിച്ചതിനുശേഷം ശരാശരി വാർഷികവളർച്ച 7.5 ശതമാനത്തിലെത്തി. ഇന്ത്യ ലോകരാജ്യങ്ങളിൽ ഏറ്റവും വളർച്ചാനിരക്കുള്ളതായി മാറിയിരിക്കുന്നു. ഏറ്റവും വലിയ സാമ്പത്തികശക്തികളിൽ നമ്മുടെ രാജ്യം അഞ്ചാംസ്ഥാനത്താണ്. 2001-ൽ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉല്പാദനം 480 ബില്യൻ ഡോളറായിരുന്നു. ഇന്നത് 3.4 ട്രില്യൺ ഡോളറായി വർദ്ധിച്ചിട്ടുണ്ട്.

എന്നാൽ സമ്പത്തിന്റെ വലിയൊരു ഭാഗവും ചെറിയ ഒരു വിഭാഗത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന അവസ്ഥയുണ്ട്. 46 കോടി തൊഴിലാളികളിൽ 39 കോടിയും അസംഘടിത മേഖലയിലാണ് ജോലിചെയ്യുന്നത്. ഇവരെല്ലാം സർക്കാർ നിശ്ചയിക്കുന്ന മിനിമം വേതനത്തിൽ ഇനിയും ജോലി ചെയ്യേണ്ടിവരുന്നത് അംഗീകരിക്കാവുന്നതല്ല. അതുകൊണ്ടാണ് രാജ്യത്തെ ഏറ്റവും വലിയ ട്രെയ്ഡ് യൂണിയനായ ഭാരതീയ മസ്ദൂർസംഘം പാറ്റ്നയിൽവെച്ച് 2023 ഏപ്രിലിൽ നടന്ന 20-ാം ത്രൈവാർഷിക അഖിലേന്ത്യാ സമ്മേളനത്തിൽവെച്ച് ജീവിതവേതനത്തിനുള്ള ആവശ്യം ഉന്നയിച്ചിട്ടുള്ളത്. ഇതു നേടിയെടുക്കാനുള്ള പ്രക്ഷോഭത്തിന്റെ ഭാഗമായി രാജ്യമെങ്ങും സംസ്ഥാന തലസ്ഥാനങ്ങളിലും ജില്ലാകേന്ദ്രങ്ങളിലും തൊഴിലാളികളുടെ വൻ റാലികൾ നടന്നുകഴിഞ്ഞു. ഇനിയുള്ള ദിവസങ്ങളിൽ ബി.എം.എസ്സിന്റെ പ്രക്ഷോഭങ്ങളിൽ മുഖ്യമായ ആവശ്യമായി ജീവിതവേതനം ഉയർത്തിപ്പിടിക്കാനാണ് സംഘടനാനേതൃത്വം ഉദ്ദേശിക്കുന്നത്. ●



# വിപ്ലവകാരികളും ഡോക്ടർജിയും


**കെ. വി. രാജേന്ദ്രൻ**
9495493071




**പൊതുസുരക്ഷിതത്വനിയമം വളർന്നുവരുന്ന സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താനായി ഉപയോഗിക്കുമെന്ന് ഭാരതം മുഴുവൻ ചർച്ച ചെയ്തു. എച്ച്.എസ്.ആർ.എ ഈ ബില്ല് അവതരിപ്പിക്കുന്ന ദിവസം ആൾനാശം വരാതെ പാർലമെന്റിൽ ബോംബ് ഏറിയാൻ തീരുമാനിച്ചു.**

**ലാ**ലാലജ്പത്റായിയുടെ മരണത്തിനുത്തരവാദിയായ വില്യം സ്കോട്ടിനെ ഭയപ്പെടുത്താനും സാൻഡേഴ്സണെ വധിക്കാനും ഭഗത്സിംഗും മറ്റു വിപ്ലവകാരികളും തീരുമാനിച്ചു. 1928 ഡിസംബർ 17ന് ഉച്ചയ്ക്ക് പോലീസ് സ്റ്റേഷന് മുമ്പിൽ ആ ദേശീയ ദൗത്യം അവർ നിർവ്വഹിച്ചു. അതിനുശേഷം ബ്രിട്ടീഷുകാരന്റെ വേഷത്തിൽ ഭഗത്തും ജോലിക്കാരനായി വേഷംമാറിയ രാജ്ഗുരുവും ഭഗവതി ചരണിന്റെ ഭാര്യ ദുർഗ്ഗാദേവിയെന്ന 20 വയസ്സുകാരി മദാമ്മയുടെ വേഷത്തിലും തന്റെ ഭർത്താവിനും വേലക്കാരനും മകനുമൊപ്പം ലാഹോർ റെയിൽവെസ്റ്റേഷനിലെത്തി. അരിച്ചുപെറുക്കുന്ന ബ്രിട്ടീഷ് പോലീസ് കണ്ണുകളെ വെട്ടിച്ച് അവർ തീവണ്ടിയിൽ കൽക്കത്തയിലെത്തി. ഈ യാത്രയിൽ തീവണ്ടി ലഖ്നൗവിൽ എത്തിയപ്പോൾ രാജ്ഗുരു നേരെ നാഗ്പൂരിൽ ആർ.എസ്.എസ്. സ്ഥാപകനായ ഡോ. കേശവ ബലിറാം ഹെഡ്ഗേവാറിന്റെ അടുത്തേയ്ക്ക്പോയി.

ബ്രിട്ടനെ ആക്രമിക്കാനുള്ള പദ്ധതികൾ ഒന്നിനുപുറകെ മറ്റൊന്നായി ആവിഷ്കരിച്ച വിപ്ലവകാരികൾ വൈസ്രോയി ഇർവ്വിൻ പ്രഭുവിനെ വധിക്കാൻ തീരുമാനിച്ചു. ചുമതല ഏല്പിച്ച ലളിത് മോഹൻ ബാനർജിക്ക് തെറ്റി. ആ ദൗത്യം പൂർത്തിയാക്കാനായില്ല. ജനങ്ങളെ ദ്രോഹിക്കുന്ന പൊതുസുരക്ഷിതത്വനിയമം, തൊഴിൽതർക്കനിയമം, പത്രനിയന്ത്രണ നിയമം എന്നിവ ഡൽഹിയിലെ കേന്ദ്രനിയമനിർമ്മാണസഭ പാസ്സാക്കാൻ തീരുമാനിച്ചു. പൊതുസുരക്ഷിതത്വനിയമം വളർന്നുവരുന്ന സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താനായി ഉപയോഗിക്കുമെന്ന് ഭാരതം മുഴുവൻ ചർച്ച ചെയ്തു. എച്ച്.എസ്.ആർ.എ ഈ ബില്ല് അവതരിപ്പിക്കുന്ന ദിവസം ആൾനാശം വരാതെ പാർലമെന്റിൽ ബോംബ് ഏറിയാൻ തീരുമാനിച്ചു. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ബധിരകർണ്ണ വിസ്ഫോടനം നടത്തി. ആ ദൗത്യം ഏറ്റെടുത്ത

ത് ബഡ്കേശ്വർ ദത്തുമായിരുന്നു. ദുർഗ്ഗാഭായിയും സുശീലാദീദിയും രണ്ട് സഹോദരിമാർ കുങ്കുമതിലകം ചാർത്തി ദൗത്യനിർവ്വഹണത്തിനായി അയച്ചു. 1929 ഏപ്രിൽ 3–ന് വൈസ്രോയിയുടെ വീറ്റോ അധികാരംകൊണ്ട് ബിൽ പാസ്സാക്കി ആഭ്യന്തരമന്ത്രി ''സർ ജോൺ ഷൂട്ട്സൺ'' എഴുന്നേറ്റ് പ്രസ്താവന നടത്തുമ്പോൾ അദ്ദേഹത്തിന്റെ പിന്നിലായി മിന്നൽ പിണരായിപ്പതിച്ച ബോംബ് ഭഗത്സിംഗിന്റെ കൈകളിൽനിന്നായിരുന്നു. തുടർന്ന് ബഡ്കേശ്വർ ദത്തും തന്റെ ദൗത്യം പൂർത്തിയാക്കി. ബ്രിട്ടീഷ് സിംഹാസനത്തിന്റെ ആധാരശിലകളെ വിറകൊള്ളിച്ച മുദ്രാവാക്യങ്ങൾ മുഴക്കി HSRA യുടെ ലഘുലേഖ വലിച്ചെറിഞ്ഞുകൊണ്ട് അക്ഷോഭ്യരായി അറസ്റ്റിന് വഴങ്ങി.

1929 ജൂൺ 12ന് പാർലമെന്റ് ബോംബാക്രമണക്കേസിൽ ഭഗത്തിനെയും ബഡ്കേശ്വർ ദത്തിനെയും നാടുകടത്താൻ വിധിച്ചു. തുടർന്ന് ലാഹോർ ഗൂഢാലോചനക്കേസ്സും സാൻഡേഴ്സൺവധവും ചുമത്തി. ആകെ 30 പേരിൽ ആറുപേർ ഒളിവിൽപോവുകയും 6 പേർ മാപ്പ് സാക്ഷികളാവുകയും ചെയ്തു. 18 പേരിൽ ഭഗത്സിംഗ്, രാജ്ഗുരു, സുഖ്ദേവ് എന്നിവരെ വധശിക്ഷക്കും വിജയകുമാർ, കിഷോരിലാൽ, ശിവശർമ്മ തുടങ്ങി 8 പേരെ ജീവപര്യന്തവും നാടുകടത്തൽ ശിക്ഷയ്ക്കും ബഡ്കേശ്വർ ദത്തിന് ജീവപര്യന്തവും കുന്ദൻലാലിനും അഞ്ജുറാമിനും 7 വർഷം ശിക്ഷയും വിധിച്ചു. ബാക്കിയുള്ളവരെ വെറുതെവിട്ടു. 1931 ഫെബ്രുവരി 22ന് അലഹബാദിലെ ആനന്ദഭവനിലെത്തി ജവഹർലാൽ നെഹ്റുവിനെക്കണ്ട ചന്ദ്രശേഖർ ആസാദ് നിരാശനായി. ഭഗത്സിംഗിനെയും കൂട്ടുകാരെയും വധശിക്ഷയിൽനിന്ന് മോചിപ്പിക്കാൻ ശ്രമിക്കണമെന്ന നെഹ്റുവിനോടുള്ള ആസാദിന്റെ അഭ്യർത്ഥന വിപ്ലവകാരികൾ ഫാസിസ്റ്റുകളാണെന്ന നെഹ്റുവിന്റെ കുറ്റാരോപണത്തിൽ മനംനൊന്താണ് തന്റെ രഹസ്യകേന്ദ്രത്തി



**ഡോക്ടർജിയുടെ അഭ്യർത്ഥന പ്രകാരം മോഹിതവാഡയിലെ സംഘശാഖയിൽ ഭഗത്സിംഗ് പങ്കെടുത്തിരുന്നു. അന്ന് മോഹിത വാഡെയ്ക്ക് സമീപം ഒരുക്കിയ രഹസ്യതാവളത്തിൽ ഭഗത്സിംഗിനോടൊപ്പം ഡോ. ഹെഡ്ഗെവാറും താമസിച്ചിരുന്നു.**

ലേക്ക് മടങ്ങിയത്. 1931 ഫെബ്രുവരി 27ന് അലഹബാദിലെ ആൽഫ്രഡ് പാർക്കിൽ യശ്പാലും സുരേന്ദ്രപാണ്ഢെയും ആസാദുമായി രഹസ്യസംഭാഷണം നടത്തവെയാണ് ഏതോ രാജ്യദ്രോഹി ഒറ്റു കൊടുത്തതനുസരിച്ച് ഉത്തർപ്രദേശ് പോലീസ് ഐ.ജി. മിസ്റ്റർ കേളിൻ നല്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് കമ്മീഷണർ ''നാട്ബോവർ'' CID ഇൻസ്പെക്ടർ വിശ്വേശ്വർ സിംഗ്, അസി. കമ്മീഷണർ ഡാൽചന്ദ് എന്നിവരുടെ നേതൃത്വത്തിൽ പാർക്ക് വളഞ്ഞ പോലീസ്പടയ്ക്ക് നേരെ നിറയൊഴിച്ച് ഭയപ്പെടുത്തി. അവസാന വെടിയുണ്ട തന്റെ ശിരസ്സിലോട്ടുപായിച്ച നെടുംകനി മരത്തിന്റെ ചുവട്ടിൽ ചോരചിന്തി അവസാനിച്ച ആസാദിന്റെ മരണത്തോടെ ഭഗത്തിന്റെ മോചനത്തിനായുള്ള പോരാട്ടവും തീർന്നു. ചന്ദ്രശേഖർ ആസാദ് അലഹബാദിൽ ഉള്ള കാര്യം അറിയാവുന്ന ഒരേ ഒരു കോൺഗ്രസ് നേതാവ് നെഹ്റുവായിരുന്നു.

കേന്ദ്ര പാർലമെന്റിലേയ്ക്ക് ബോംബ് എറിയുന്നതിന് മുമ്പാണ് തന്റെ വിപ്ലവ പ്രവർത്തനങ്ങളുടെ വ്യാപനത്തിന്റെ ഭാഗമായി ഭഗത്സിംഗ് നാഗ്പൂരിൽ എത്തുന്നത്. ആർ.എസ്.എസ്. സ്ഥാപകൻ ഡോ. കേശവ ബലിറാം ഹെഡ്ഗെവാറിന്റെ സഹപ്രവർത്തകനും പ്രസിദ്ധ വിപ്ലവകാരിയുമായിരുന്ന ഭാവുജി കാവ്റെയുടെ സാന്നിദ്ധ്യത്തിൽ ഡോക്ടർജി സംഘത്തിന്റെ കാഴ്ചപ്പാടുകൾ വിശദീകരിച്ചുകൊടുത്തു. സംഘത്തിന്റെ സഹായം ആവശ്യപ്പെട്ട ഭഗത്സിംഗിന് ഡോക്ടർജി തന്റെ പരിചയക്കാരനായ രാജ്ഗുരുവിനെ ആയുധ ഇടപാടുകാരനായ വിനായകറാവു കപോലയുമായി ബന്ധപ്പെടുത്തി. ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസ്സോസ്സിയേഷൻ ആവശ്യമായ തോക്കുകളും പിസ്റ്റളുകളും എത്തിച്ചു നല്കാമെന്ന് അദ്ദേഹം വാക്ക് കൊടുത്തു. ഡോക്ടർജിയുടെ അഭ്യർത്ഥന പ്രകാരം മോഹിതവാഡയിലെ സംഘശാഖയിൽ ഭഗത്സിംഗ് പങ്കെടുത്തിരുന്നു. അന്ന് മോഹിത വാഡെയ്ക്ക് സമീപം ഒരുക്കിയ രഹസ്യതാവളത്തിൽ ഭഗത്സിംഗിനോടൊപ്പം ഡോ. ഹെഡ്ഗെവാറും താമസിച്ചിരുന്നു. ഭഗത്സിംഗിന് സംഘത്തെക്കുറിച്ചും ഹെഡ്ഗെവാറിനെക്കുറിച്ചും കൂടുതൽ അറിവ് പകർന്നുകൊടുത്തത് സംഘ അനുഭാവിയും ഡോക്ടർജിയുടെ ഉത്തമ മിത്രവുമായ രാജ്ഗുരുവാണ്. ലാഹോർ സംഭവത്തിനുശേഷം വേഷപ്രച്ഛന്നരായി കൽക്കത്തയിലേക്കുവരുന്ന വഴി ലഖ്നോവിൽവെച്ച് വഴിപിരിഞ്ഞ് രാജ്ഗുരു നാഗ്പൂരിലേയ്ക്ക് വരുമ്പോൾ ഭഗത്സിംഗ് ഡോക്ടർജിക്ക് കൊടുക്കാൻ ഒരു കത്ത് നൽകിയിരുന്നു. ഡോക്ടർജിയും ഭഗത്സിംഗും സൈദ്ധാന്തികതലത്തിൽ ഏകീഭവിക്കുന്ന രണ്ട് വ്യക്തികളായിരുന്നു. "ഭാരതം ഹിന്ദുരാഷ്ട്രമാണ്." ഇതായിരുന്നു രണ്ടുപേരുടെയും ചിന്തയുടെ കാതൽ.

**(അവസസാനിച്ചു)**

**2023 ഏപ്രിൽ 7,8,9 തിയ്യതികളിൽ ബീഹാറിലെ പാറ്റ്നയിൽ നടന്ന ഭാരതീയ മസ്ദൂർ സംഘത്തിന്റെ ഇരുപതാമത് ത്രൈ വാർഷിക സമ്മേളനം അംഗീകരിച്ച പ്രമേയങ്ങളുടെ പൂർണ്ണ രൂപം**

# മിനിമം വേതനത്തിനുപകരം ലിവിങ്ങ് വേജസ് നടപ്പാക്കണം

- **സാമ്പത്തിക വികസനത്തിന് ദേശീയ തൊഴിൽ നയം രൂപീകരിക്കണം**
- **എല്ലാവര്ക്കും സാമൂഹ്യ സുരക്ഷാ പദ്ധതി ഏർപ്പെടുത്തണം**
- **കരാർ തൊഴിലാളി നിയമത്തിൽ കാതലായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരണം.**

ഇന്ത്യ ലോകത്തിലെ ഏറ്റവും സാമ്പത്തിക വളർച്ചയുള്ള രാജ്യമാണ്. നാം ലോകത്തെ 5-ാം സാമ്പത്തിക ശക്തിയാണിന്ന്. ലോകബാങ്കിന്റെ കണക്കനുസരിച്ച് 2022-2023 ൽ 6 മുതൽ 7% വരെ GPD വളർച്ച ഇന്ത്യ നേടും. ഇത് നമുക്ക് ഏറെ അഭിമാനിക്കാവുന്നതാണ്. എന്നാൽ ഇതിന്റെ മറുപുറം 2021-ലെ ദരിദ്രരുടെ പട്ടികയിൽ 109 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 66 ആണ്. 22 കോടി ദരിദ്രരുമായി എണ്ണത്തിൽ ഇന്ത്യ ഒന്നാംസ്ഥാനത്താണ്.

കേന്ദ്രസർക്കാരിന്റെ ഒരു സർവ്വെ പ്രകാരം ഇന്ത്യയിലെ 10 ശതമാനമാളുകളാണ് രാജ്യത്തെ 64 ശതമാനം സമ്പത്ത് കൈവശപ്പെടുത്തിയിട്ടുള്ളത്. അതിൽത്തന്നെ 1% പേരുടെ കൈവശമാണ് 33% സമ്പത്ത്. 50 ശതമാനം വരുന്ന സാധാരണക്കാരും ദരിദ്രരുമായ ജനങ്ങളുടെ കൈവശം 10% സമ്പത്ത് മാത്രമാണുള്ളത്. സാമ്പത്തിക വളർച്ചയുടെ ഗുണം അനുഭവിക്കുന്നത് ഒരു വിഭാഗം മാത്രമാണെന്നതാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. സമ്പന്നർ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരും ആകുന്ന സ്ഥിതിയാണ് കാണാൻ കഴിയുന്നത്. ദരിദ്ര-സമ്പന്ന വിഭാഗങ്ങൾ തമ്മിലുള്ള ഈ അന്തരം കുറച്ചുകൊണ്ടുവരേണ്ടത് അത്യാവശ്യമാണ്.

ദാരിദ്ര്യരേഖയ്ക്കു കീഴിലുള്ള ജനങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ആർജ്ജവം ദേശീയ നേതൃത്വം പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. തൊഴിലാളികൾക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ ഉറപ്പുവരുത്താനും തയ്യാറാകേണ്ടതുണ്ട്.

ഇന്ത്യയിൽ തൊഴിലാളികൾക്ക് മിനിമം വേതനമാണ് സർക്കാർ ഉറപ്പുനല്കുന്നത്. എല്ലാ തൊഴിലുടമകളും തൊഴിലാളികൾക്ക് ഏതു സാഹചര്യത്തിലും മിനിമം വേതനം നല്കണമെന്ന് നിർബന്ധിക്കുന്ന മിനിമം വേതന നിയമങ്ങൾ രാജ്യത്തുണ്ട്. തൊഴിലാളിക്കും കുടുംബത്തിനും മിനിമം ജീവിതാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, താമസം എന്നിവ ഉറപ്പുവരുത്തുന്നതിന് പര്യാപ്തമായ കാര്യങ്ങൾ മാത്രം കണക്കിലെടുത്തുകൊണ്ടാണ് മിനിമം വേതനം നിശ്ചയിക്കുന്നത്.

രാജ്യം കൈവരിച്ചിട്ടുള്ള സാമ്പത്തിക വളർച്ച കണക്കിലെടുത്തുകൊണ്ടുള്ള ഒരു വേതന നയനം രൂപീകരിക്കാൻ സമയമായിരിക്കുന്നു.

അടിസ്ഥാനപരമായി മൂന്നു തരം വേതനമാണുള്ളത്. (1) മിനിമം വേജസ് (2) ഫെയർ വേജസ് (3)ലിവിംഗ് വേജസ്. ഇതിൽ മിനിമം വേജസ് നിയമം മൂലം ഉറപ്പാക്കിയിട്ടുള്ളതാണ്. ഫെയർ വേജസ് എന്നത് ലിവിംഗ് വേജസിന്റെ തൊട്ടുതാഴെയുള്ളതാണ്. നാഷണൽ ലേബർ കമ്മീഷൻ നിശ്ചയിച്ച മാനദണ്ഡമനുസരിച്ച് മിനിമം വേജസിനു വേണ്ട മൂന്നുമാനദണ്ഡങ്ങൾ (1) കുടുംബത്തിലെ അംഗത്തിന് 2700 കലോറി ഭക്ഷണം, 72 മീറ്റർ വസ്ത്രം, 10% മുറിവാടക, 20% മറ്റ് ഇതര ചിലവുകൾക്കുമായി എന്നതാണ്.

ഒരു സാമൂഹ്യജീവി എന്ന നിലയിൽ അന്തസ്സോടെ ജീവിക്കുന്നതിന് ആവശ്യമായ ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസം, ശാരീരിക-മാനസികോല്ലാസങ്ങൾ എന്നിവയെല്ലം കണക്കിലെടുത്ത് കൊണ്ടുള്ള ജീവിതവേതനം (Living wages) എല്ലാ തൊഴിലാളികൾക്കും ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. ഭരണഘടനയുടെ 43-ാം

അനുച്ഛേദം ജീവിത വേതനം ഉറപ്പുവരുത്തണമെന്ന് അനുശാസിക്കുന്നുണ്ട്.

സുപ്രീംകോടതിയും ജീവിത വേതനം നല്കേണ്ടതിന്റെ ആവശ്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 2022 ജൂണിൽ നടന്ന അന്തർദ്ദേശീയ തൊഴിൽ സമ്മേളനവും ജീവിത വേതനം നടപ്പാക്കേണ്ടതിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടിയിട്ടുണ്ട്. അതിനാൽ ഇന്ന് രാജ്യത്ത് നിലവിലുള്ള മിനിമം വേതന നിയമത്തിനു പകരം ലിവിംഗ് വേജസ് ആക്ട് നടപ്പാക്കാൻ തയ്യാറാകണമെന്ന് ബി.എം.എസ്. കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

National labour policy should be made for economic development

## സാമ്പത്തിക വികസനത്തിന് ദേശീയ തൊഴിൽനയം രൂപീകരിക്കണം

സമ്പദ്‌വ്യവസ്ഥയുടെ രണ്ട് പ്രധാന സ്തംഭങ്ങളുണ്ട്. മൂലധനവും അധ്വാനവും - സാമ്പത്തിക വികസനത്തിൽ ഇരുവരും തുല്യ പങ്കാളികളാണ്.

എന്നാൽ സാമ്പത്തിക വികസനത്തിൽനിന്ന് ലഭിക്കുന്ന ലാഭത്തിന്മേൽ മൂലധനത്തിന് ഏതാണ്ട് ഏകപക്ഷീയമായ അവകാശങ്ങൾ ഉണ്ട്. അധ്വാനമാകട്ടെ അവഗണിക്കപ്പെടുന്നു.

ഒരു രാജ്യത്തിന്റെ അഭിവൃദ്ധി മൂലധനത്തിന്റെ അഭിവൃദ്ധി കൊണ്ടുമാത്രം സാധ്യമല്ല. സമൃദ്ധവും സന്തുഷ്ടവുമായ അധ്വാനവും ഇതിന് ആവശ്യമാണ്.

ഇന്ന് നമ്മുടെ രാജ്യം ദ്രുതഗതിയിലുള്ള സാമ്പത്തികവികസനത്തിലേക്കു നീങ്ങുകയാണ്.

സാമ്പത്തിക വികസനത്തിന്റെ ഈ കാലഘട്ടത്തിൽ സമ്പന്നരുടെ സമ്പത്തിൽ ദ്രുതഗതിയിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതേസമയം തൊഴിലാളികളുടെ സാമ്പത്തിക നിലവാരത്തിൽ ആനുപാതികമായ പുരോഗതി ഉണ്ടായിട്ടില്ല. രാജ്യത്തെ നിലവിലുള്ള തൊഴിൽനയവും തൊഴിൽനിയമങ്ങളും 7% സംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മാത്രമുള്ളതാണ്. 93% ത്തിനും തൊഴിൽനയവും തൊഴിൽനിയമവുമില്ല.



അസംഘടിതമേഖലയിലെ തൊഴിലാളികളുടെ, ഇന്ത്യയുടെ ദേശീയ തൊഴിൽനയത്തെ പ്രധാനമായും സ്വാധീനിക്കുന്നത് താഴെ പറയുന്ന കാര്യങ്ങളാണ്.

1. ഇന്ത്യൻ ഭരണഘടന
2. ഐ.എൽ.ഒ. നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ
3. രാജ്യത്തിന്റെ പഞ്ചവത്സര പദ്ധതികളിൽ പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽനയങ്ങൾ
4. ഒരു തൊഴിലാളിയുടെ വൈദഗ്ദ്ധ്യം, ആരോഗ്യം, ജീവിത നിലവാരം, കാര്യക്ഷമത എന്നിവ മെച്ചപ്പെടുത്തുന്നതിൽ പരാജയപ്പെട്ടു.

### റോയൽ കമ്മീഷൻ ഓൺ ലേബർ നാഷണൽ ലേബർ കമ്മീഷൻ

തൊഴിലുമായി ബന്ധപ്പെട്ട് നിരവധി റിപ്പോർട്ടുകളും ശുപാർശകളും നല്കിയിട്ടുണ്ട്. ഒരു ത്രികക്ഷി ഫോറത്തിന്റെ രൂപത്തിൽ ILCയും ലേബർ സ്റ്റാൻഡിംഗ് കമ്മിറ്റിയും സർക്കാരിന് ഏകകണ്ഠമായ പരിഷ്കാരങ്ങളും ശുപാർശകളും നല്കിയിട്ടുണ്ട് - എന്നാൽ ഇവ നടപ്പാക്കാൻ ഇതുവരെ തയ്യാറായില്ല.

- ത്രികക്ഷി സംവിധാനത്തിൽ സർക്കാരിന് വിശ്വാസമില്ലെന്നു തെളിയിക്കുന്നതാണ് ILC യുടെ പരിപാടി നിർത്തുന്നത് വ്യക്തമാക്കുന്നത്.
- ഒരു രാജ്യത്തിന്റെ പുരോഗതി ആ രാജ്യത്തെ തൊഴിലാളികളുടെ സംഭാവനയെ ആശ്രയിച്ചിരിക്കുന്നു.
- തൊഴിൽനയം, ഇന്ത്യയിൽ കടലാസ്സിൽ മാത്രം ഒതുങ്ങി. അതിനാൽ താഴെപ്പറയുന്ന പ്രശ്നങ്ങൾക്ക് നാളിതുവരെ പരിഹാരമായിട്ടില്ല.

1. ശമ്പളപ്രശ്നങ്ങൾ പരിഹരിക്കാൻ ഫലപ്രദമായ ഒരു ഫോറം ഇതുവരെ രൂപീകരിച്ചിട്ടില്ല.
2. കൂട്ടായ വിലപേശൽ സംബന്ധിച്ച് ഏകകണ്ഠമായ നയം രൂപകല്പന ചെയ്തിട്ടില്ല.
3. ലിവിംഗ് വേതനം സംബന്ധിച്ച ചോദ്യം ഇതുവരെ സർക്കാർ ഔദ്യോഗികമായി അംഗീകരിച്ചിട്ടില്ല.
4. തൊഴിലാളി യൂണിയനുകളെ ശക്തവും ഫലപ്രദവുമാക്കാൻ കൃത്യമായ നയമില്ല.
5. പേകമ്മീഷനുകളുടെ/ബോർഡുകളുടെ പ്രവർത്തനസംവിധാനം ലളിതവും വേഗത്തിലുള്ളതുമല്ല.
6. ലേബർ വെൽഫയർ ഓഫീസറെ നിയമിച്ചിട്ടും ഫാക്ടറികളിൽ വേണ്ടത്ര തൊഴിലാളിക്ഷേമ പ്രവർത്തനങ്ങൾ നടന്നില്ല.

7. അച്ചടക്ക കോഡ് നടപ്പാക്കുന്നതിലെ അലംഭാവം സംഘടിതവും അസംഘടിതവുമായ മേഖലകളിലെ തൊഴിലാളികൾ ഉൾപ്പെടെ, സാർവത്രികമായി ബാധകമാകുമ്പോൾ മാത്രമെ തൊഴിൽനയങ്ങളും തൊഴിൽനിയമങ്ങളും ഫലപ്രദമാകൂ.

– ദേശീയ തൊഴിൽനയം രൂപീകരിക്കാതെ നിയമനിർമ്മാണ ഇടപെടൽ സാധ്യമല്ല.

– ഉല്പാദന മേഖലയിലെ ഉയർന്ന ഓട്ടോമേഷൻ കാരണം രാജ്യത്ത് തൊഴിലില്ലായ്മ അതിവേഗം ഉയരുകയാണ്. വിദേശനിക്ഷേപം ആകർഷിക്കാൻ സ്വീകരിച്ച സാമ്പത്തിക നയവും തൊഴിലവസരങ്ങളിൽ പ്രതീക്ഷിച്ച വർദ്ധനവിന് കാരണമായിട്ടില്ല. ആത്യന്തികമായി കേന്ദ്രഗവ. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണ്.

അതിനാൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ദേശീയ തൊഴിൽനയം രൂപീകരിച്ച് നടപ്പാക്കണമെന്ന് ബി.എം.എസ്. സർക്കാരിനോട് ആവശ്യപ്പെടുന്നു.

1. മുഴുവൻ അസംഘടിതവും സംഘടിതവുമായ തൊഴിൽമേഖലയ്ക്കുവേണ്ടി തൊഴിൽനയവും നിയമങ്ങളും ഉണ്ടാക്കണം.

2. പരസ്പര ഉടമ്പടിയും കൂട്ടായ വിലപേശലും പ്രോത്സാഹിപ്പിക്കണം.

3. വ്യാവസായിക സമാധാനം നിലനിർത്തുന്നതിന് മുൻഗണന നല്കണം.

4. മാനേജ്മെന്റിൽ തൊഴിലാളിപങ്കാളിത്തം ഉറപ്പുവരുത്തണം.

5. ത്രികക്ഷി ചർച്ചക്ക് ഫലപ്രദമായ ഫോറം ഉണ്ടാക്കണം, ILC പുനരാരംഭിക്കണം.

6. തൊഴിൽ നൈപുണ്യവും പരിശീലനവും വിദ്യാഭ്യാസത്തിൽ കൊണ്ടുവരണം.

7. തൊഴിലില്ലായ്മ പരിഹരിക്കാൻ പുതിയ തൊഴിലവസരം സൃഷ്ടിക്കണം.

**ഒരു രാജ്യത്തിന്റെ അഭിവൃദ്ധി മൂലധനത്തിന്റെ അഭിവൃദ്ധി കൊണ്ടുമാത്രം സാധ്യമല്ല. സമൃദ്ധവും സന്തുഷ്ടവുമായ അധ്വാനവും ഇതിന് ആവശ്യമാണ്. ഇന്ന് നമ്മുടെ രാജ്യം ദ്രുതഗതിയിലുള്ള സാമ്പത്തികവികസനത്തിലേക്കു നീങ്ങുകയാണ്. സാമ്പത്തിക വികസനത്തിന്റെ ഈ കാലഘട്ടത്തിൽ സമ്പന്നരുടെ സമ്പത്തിൽ ദ്രുതഗതിയിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്.**

8. മിനിമം വേതനത്തിനുപകരം ജീവിതവേതനം നിശ്ചയിക്കണം.

9. സാമ്പത്തിക വികസനത്തിന്റെ നേട്ടങ്ങളിൽ തൊഴിലാളികളുടെ ആനുപാതികമായ വിഹിതം ഉറപ്പാക്കണം.

10. കൂലിനിരക്കിലെ വ്യത്യാസം ഇല്ലാതാക്കണം.

11. തൊഴിൽസുരക്ഷയുടെയും ആരോഗ്യത്തിന്റെയും മാനദണ്ഡങ്ങൾ നിശ്ചയിക്കണം.

12. തൊഴിൽ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

13. ദേശീയ തൊഴിൽനയം രൂപീകരിക്കുന്നതിന് ത്രികക്ഷിസമിതി രൂപീകരിക്കണം.

**1. Social Security for all**
**എല്ലാവർക്കും സാമൂഹ്യസുരക്ഷ**

-സാമൂഹ്യസുരക്ഷ- ഇന്ത്യൻഭരണഘടനയുടെ 7-ാം ഷെഡ്യൂളിനുകീഴിൽ കൺകറന്റ് ലിസ്റ്റിൽ വരുന്ന വിഷയമാണ്.

– ഇതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നിയമം നിർമ്മിക്കാൻ കഴിയും.

– 1993-ലെ മനുഷ്യാവകാശ സംരക്ഷണനിയമത്തിന്റെ 2(1) D യിൽ മനുഷ്യാവകാശം നിർവ്വചിച്ചിട്ടുണ്ട്.

അതിൽ ഓരോ വ്യക്തിയുടെയും ജീവനും സമത്വവും അന്തസ്സും ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സുപ്രീംകോടതി ഭരണഘടനയുടെ ആർട്ടിക്കിൾ (21) നെ സംബന്ധിച്ച് വിശദമായ ഒരു വിധിയും നല്കിയിട്ടുണ്ട് – സാമൂഹിക സുരക്ഷയുടെ ഉത്തരവാദിത്വം സർക്കാരിനാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ (41) (46) എന്നിവയിൽ പരാമർശിച്ചിരിക്കുന്ന ' 'സാമൂഹികസുരക്ഷ'' എന്ന ബാദ്ധ്യത നിറവേറ്റേണ്ടത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്വമാണ്.

– ഐ.എൽ.ഒ. കൺവൻഷനും (102) ഇന്ത്യക്കു ബാധകമാണ്. 'സാമൂഹിക സുരക്ഷ' സംബന്ധിച്ച ശുപാർശയും (202) പാസ്സാക്കി.

– 2-ാം ലേബർ കമ്മീഷൻ ശുപാർശയുടെ (7) (8) വിഭാഗത്തിലും U.O.S. ലെ തൊഴിലാളികൾക്കായി സാമൂഹിക സുരക്ഷയും നല്കുന്നുണ്ട്. (ശുപാർശ)

– ILC യുടെ 45-ാമത് സെഷനിൽ org./U.O.S. ലെ തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള സാർവത്രിക സാമൂഹ്യസുരക്ഷക്കായി ഒരു പ്രമേയവും പാസ്സാക്കി.

– അസംഘടിത മേഖലയ്ക്കുവേണ്ടി ഉണ്ടാക്കിയ നിയമങ്ങൾ കൃത്യമായി നടപ്പാക്കപ്പെടുന്നില്ല.

1. സാമൂഹ്യ സുരക്ഷാ കോഡ് 2020 എത്രയുംവേഗം നടപ്പാക്കുക.

2. നിലവിലെ തൊഴിൽനിയമത്തിന്റെ സമയപരിധിക്കുള്ളിൽ കർശനമായ പാലിക്കൽ ഉറപ്പാക്കണം.

3. വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷണം, വീട്, തൊഴിൽസൗകര്യങ്ങൾ എന്നിവയുടെ പ്രയോജനം എല്ലാവർക്കും ലഭിക്കുന്ന തരത്തിൽ ശക്തമായ ഭരണനയം ഉണ്ടാക്കണം – മതിയായ ഫണ്ട് അനുവദിക്കണം.

4. ILC യുടെ 45-ാമത് സെഷ

ന്റെ ശുപാർശ നടപ്പിലാക്കണം.

– അംഗൻവാടി – ആശ – സർവശിക്ഷാഅഭിയാൻ – ദേശീയ ആരോഗ്യ മിഷൻ – മറ്റ് സ്കീം വർക്കർമാർ എന്നിവരുടെ അവരുടെ സേവന വ്യവസ്ഥയ്ക്കൊപ്പം ശമ്പളത്തിന്റെയും സാമൂഹിക സുരക്ഷയുടെയും ആനുകൂല്യം ലഭിക്കും. സ്വയംതൊഴിൽ ചെയ്യുന്ന തൊഴിലാളികളെയും സ്കീം വർക്കറെയും പെൻഷന്റെ പരിധിയിൽ കൊണ്ടുവരുകയും അത് പണപ്പെരുപ്പവുമായി ബന്ധിപ്പിക്കുകയും വേണം.

– പെൻഷൻ കാലാനുസൃതമായി പരിഷ്കരിക്കണം.

5. ദേശീയ സാമൂഹിക സുരക്ഷാ സ്വയംഭരണ സ്ഥാപനം സ്ഥാപിക്കണം.

6. നൂതന ധനസഹായരീതി ഉപയോഗിച്ച് സാമൂഹിക സുരക്ഷാ നിക്ഷേപ പദ്ധതി വികസിപ്പിക്കുക.



7. സാർവത്രിക ആരോഗ്യ പരിരക്ഷാ പദ്ധതി നടപ്പാക്കി – കുറഞ്ഞ ചിലവിൽ ചികിത്സ ഉറപ്പാക്കണം.

**കരാർ തൊഴിലാളികൾ**

അന്ധമായ കരാർതൊഴിലാളിവല്ക്കരണം ഉടൻ അവസാനിപ്പിക്കുകയും 1970–ലെ കരാർ ലേബർ (റെഗുലേഷൻ & അബോളിഷൻ) ആക്ടിലെ ചില വ്യവസ്ഥകളിൽ ഭേദഗതി വരുത്തുകയും വേണം.

ഈ നിയമംവഴി മിനിമം സ്ഥിരം ജീവനക്കാരും കൂടുതൽ കരാർ ജീവനക്കാരുമെന്നായി. സ്ഥിരം ജീവനക്കാർക്ക് ഉയർന്ന വേതനം കരാർതൊഴിലാളികൾക്ക് നാമമാത്ര വേതനം എന്നായി. കൂലി കൂട്ടാൻ ആവശ്യപ്പെട്ടാൽ ജോലി നഷ്ടപ്പെടുന്നു.

നിലവിൽ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ മേഖലകളിൽ വിവേചനരഹിതമായി കരാർതൊഴിലാളികളെ ഏർപ്പെടുത്തികൊണ്ടിരിക്കുകയാണ്. തൊഴിലില്ലായ്മ മുതലെടുത്ത് കുറഞ്ഞ കൂലി നല്കി പ്രിൻസിപ്പൽ തൊഴിലുടമയുമായി ഒരു ബന്ധവുമില്ലാതെ എല്ലാ സ്ഥാപനങ്ങളിലും കരാർതൊഴിലാളികളുടെ ചൂഷണം നടക്കുന്നുണ്ട്. വ്യവസായ മേഖലയിൽ 46 ശതമാനവും സേവന മേഖലയിൽ 9 ശതമാനവും കരാർതൊഴിലാളികളാണ്. ഇൻഡ്യൻ സ്റ്റാഫിംഗ് ഫെഡറേഷന്റെ (ഐ.എസ്.എഫ്.) കണക്കനുസരിച്ച് 1.3 കോടി പേർ ജോലി ചെയ്യുന്നു.

ഇതിൽ 43% പേർ കാഷ്വൽ തൊഴിലാളികളായി ജോലിചെയ്യുന്നവരാണ്.

മിനിമം വേതനവും സാമൂഹികസുരക്ഷയും പോലും ലഭിക്കാത്ത 69 ലക്ഷം പേരാണ് സർക്കാരിന്റെ അഭിമാനപദ്ധതികളിൽ ജോലിചെയ്യുന്നത്.

കരാർ തൊഴിലാളികളെ ചൂഷണത്തിൽനിന്ന് സംരക്ഷിക്കുന്നതിനായി ഇന്ത്യാഗവണ്മെന്റ് കരാർ ലേബർ (റെഗുലേഷൻ & അബോളിഷൻ) നിയമം 1970 നടപ്പാക്കിയെങ്കിലും കരാർതൊഴിലാളികളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കുന്നതിൽ പൂർണ്ണമായി പരാജയപ്പെട്ടു.

കൂട്ടായ വിലപേശലിന്റെ ആനുകൂല്യംപോലും അവർക്ക് ലഭിക്കുന്നില്ല.

ഇക്കാര്യത്തിൽ താഴെപ്പറയുന്ന ആവശ്യം മുന്നോട്ടുവയ്ക്കുന്നു

1. ഒരു നിയമം ഉണ്ടാക്കിയാൽ മാത്രം പോരാ അത് നടപ്പാക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം വേണം.

2. നിയമം നടപ്പാക്കണമെങ്കിൽ കുറഞ്ഞത് ഇരുപതോ അതിലധികമോ തൊഴിലാളികൾ വേണം. ഇതിനാൽ തൊഴിലുടമ അവരുടെ യഥാർത്ഥ നമ്പർ മറയ്ക്കുന്നു.

3. ഇന്ത്യൻഭരണഘടനയും സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് കരാർ തൊഴിലാളികളുടെ കാര്യത്തിൽ തുല്യ ജോലിക്കു തുല്യവേതനം (റൂൾ 25) എന്ന തത്വം നടപ്പാക്കണം.

1. തുല്യജോലിക്ക് തുല്യവേതനം എന്ന വ്യവസ്ഥ നിയമത്തിൽതന്നെ നിർബന്ധമാക്കണം.

2. കരാർതൊഴിലാളികൾക്ക് സ്ഥിരംതൊഴിലാളിക്ക് തുല്യമായ വേതനം നല്കണം.

3. 1970–ലെ കരാർ ലേബർ (റെഗുലേഷൻ & അബോളിഷൻ) ആക്ടിന്റെ സെക്ഷൻ 35–ൽ അടിയന്തിര സാഹചര്യത്തിൽ നിയമത്തിലെ വ്യവസ്ഥകൾ ഒഴിവാക്കാനുള്ള അവകാശം സർക്കാരിന് നല്കിയിട്ടുണ്ട്. പൊതുവെ ദുരുപയോഗം ചെയ്യുന്ന ഈ നിയമം ദുരുപയോഗം ചെയ്യാതിരിക്കാൻ അടിയന്തിര സാഹചര്യം നിർവ്വചിക്കണം.

4. കരാർ തൊഴിലാളികൾക്ക് സർക്കാർ ജീവനക്കാർക്ക് തുല്യമായ വേതന സ്കെയിലിലെ മിനിമം വേതനം ലഭിക്കാനും അവരുടെ തുടർച്ചയായ സേവനത്തിന്റെ അടിസ്ഥാനത്തിൽ ഇൻക്രിമെന്റ് വ്യവസ്ഥ നടപ്പാക്കാനും നിയമത്തിൽ ഉചിതമായ വ്യവസ്ഥകൾ ഉണ്ടാക്കണം.

**തയ്യാറാക്കിയത്**

**സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ**

**ബി.എം.എസ് സംസ്ഥാന പ്രസിഡന്റ്**

# കോഴിക്കോടിന്റെ നിലച്ചുപോയ ഓടുവ്യവസായം






**എൻ. ശശിധരൻ, കോഴിക്കോട്**

**(ടൈൽ വർക്കേഴ്സ് സംഘം മുൻ ജനറൽ സെക്രട്ടറി)**

**ലോക**ത്തിലെ കളിമൺ വ്യവസായത്തിന്റെ കേന്ദ്രം ജർമ്മനിയിലാണ്. ബാസൽ മിഷൻ ജർമൻകാർ വഴിയാണ് ഓടുവ്യവസായത്തിന് പതിനെട്ടാംനൂറ്റാണ്ടിന്റെ അവസാനത്തിൽ തുടക്കമിട്ടത്. പിന്നീട് സാങ്കേതിക വിദ്യയുടെ മുന്നേറ്റത്തോടെ യന്ത്രവൽക്കരണത്തിലൂടെ ഉല്പാദനമേഖല വികസിപ്പിച്ച് കോമൺവെൽത്ത് ട്രസ്റ്റ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം കോഴിക്കോട്ടും ഫറോക്കിലും സ്ഥാപിച്ചു. തുടർന്ന് കേരളത്തിന്റെ പല ഭാഗങ്ങളിലും കർണ്ണാടകയിലും വ്യവസായം ആരംഭിച്ചു. ഓടുല്പന്നത്തിന് വിപണിയിൽ അസാധാരണമായ കുതിപ്പ് ഉണ്ടായപ്പോൾ മറ്റ് സ്വകാര്യ വ്യവസായികളും ഈ മേഖലയിലേക്ക് കടന്നുവന്നു. വിദേശ വിപണിയിൽവരെ കോഴിക്കോട്ടെ ഓടിന് വലിയ ഡിമാന്റ് ഉള്ളതുകൊണ്ട് ഉരുവിലും കപ്പലിലും കയറ്റി വിദേശ രാജ്യങ്ങളിലേക്ക് കൊണ്ടുപോയി. അവിടെ ചൂടപ്പംപോലെ കോഴിക്കോട്ടെ ഓടുകൾ വിപണി കൈയ്യടക്കി. ഇതിനിടയ്ക്ക് കമ്പനികളുടെ എണ്ണവും പെരുകിവന്നു. ഇക്കാലയളവിൽ കോഴിക്കോട് ജില്ലയിൽ മാത്രം പതിനാറോളം കമ്പനികൾ വൻ മുതൽമുടക്കോടെ സ്ഥാപിച്ചു. ഏകദേശം പതിനായിരത്തില്പരം തൊഴിലാളികൾ പ്രത്യക്ഷമായും പരോക്ഷമായും ഈ മേഖലയെ ആശ്രയിച്ചു ഉപജീവനം നടത്തിപ്പോന്നിരുന്നു.

ദശാബ്ദങ്ങളുടെ പൈതൃകം നിലനിർത്തി വിപണിയിൽ ഉത്സവലഹരി പടർന്ന് തൊഴിലാളികുടുംബങ്ങൾ ആനന്ദബ്ധിയോടെ കഴിഞ്ഞുപോന്നിരുന്ന ഒരു ഭൂതകാലം ഈ വ്യവസായത്തിലുണ്ടായിരുന്നു. പിന്നീട് കാലത്തിന്റെ ഗതിവേഗത്തിൽ നിർമ്മാണമേഖലയിലെ രൂപമാറ്റത്തിൽ കോൺക്രീറ്റ് ഭവനങ്ങങ്ങൾ കയ്യടക്കി. ഇത്തരം നിർമ്മിതികൾ അതിവേഗത്തിൽ ഉയർന്നുവന്നതിനാൽ മേൽക്കൂര ഓടിനുപകരം കോൺക്രീറ്റായി മാറിയത് വിപണിയിൽ ഉല്പന്നത്തിന് മാന്ദ്യം സംഭവിച്ചു. എന്നാൽ അധികം വൈകാതെ കോൺക്രീറ്റ് റൂഫിന് മുകളിൽ ഓടുപതിച്ചാൽ ഉറപ്പും സുരക്ഷിതവും ശീതീകരണവും ലഭിക്കുമെന്നുള്ളതി

നാൽ തുടർന്നും വൻ ഡിമാന്റ് മേഖലയിലെ ഉല്പന്നങ്ങൾക്ക് കൈവന്നു. നാടിന്റെ നാനാഭാഗങ്ങളിലുള്ള നിർമ്മിതികൾക്ക് ഓടുകൾ അനിവാര്യമായിതീർന്നു. ഇത്തരത്തിൽ വ്യവസായം നല്ല രീതിയിൽ മുന്നേറി, തൊഴിലാളികൾക്ക് വളരെ മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥയുമായി മുന്നോട്ടുപോയ സമയത്താണ് 2008-ൽ കേരളത്തിന്റെ ബഹു. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ കാർഷികമേഖലയെ സംരക്ഷിക്കാനെന്നപേരിൽ ഒരു നിയമം കൊണ്ടുവന്നത്. കേരള നെൽവയൽ നീർത്തട സംരക്ഷണനിയമം. ഈ നിയമപ്രകാരം കളിമണ്ണ് ഖനനം ചെയ്യുന്നതിന് സാധ്യമല്ലാതായി. കൃഷിക്ക് ആവശ്യമായ വളക്കൂറുള്ള മണ്ണ് ഒഴിവാക്കി ചാലിയാറിന്റെ തീരത്തുള്ള കൃഷി ചെയ്യാൻ പറ്റാത്ത മണ്ണ് ഖനനം ചെയ്യുന്നതിന് നിയമത്തിൽ ഇളവ് അനുവദിക്കുന്നതിന് നിരവധി തവണ തൊഴിലാളിസംഘടനകൾ സർക്കാരിന് പരാതി ബോധിപ്പിച്ചെങ്കിലും ഫലമുണ്ടായില്ല. ഇക്കാര്യത്തിൽ കേരളസർക്കാരിന്റെ കുറ്റകരമായ അനാസ്ഥ കാരണം ആയിരക്കണക്കിന് തൊഴിലാളികളുടെ തൊഴിലും ജീവിതവും അസ്തമിക്കുകയാണ് ഉണ്ടായത്. ഈ കരിനിയമത്തിന്റെ അനന്തരഫലമായി 15 കമ്പനികൾ ഈ മേഖലയിലും കണ്ണൂർ, തൃശൂർ, കൊല്ലം ഉൾപ്പെടെ കേരളത്തിൽ ഏകദേശം 2 ലക്ഷത്തോളം തൊഴിലാളികളും അവരുടെ കുടുംബങ്ങളും വഴിയാധാരമായിക്കഴിഞ്ഞു. ഉല്പന്നങ്ങൾക്ക് വിപണി ഇല്ലാത്തതുകൊണ്ടോ, തൊഴിൽതർക്കങ്ങൾ കാരണമോ അല്ല ഈ വ്യവസായം തകർന്നത്. സർക്കാറിന്റെ ഉൾക്കാഴ്ചയുടെ കുറവും നയവൈകല്യവും മാഫിയകൾക്ക് അനുകൂലമായ നിലപാടും മാത്രമാണ്. ഫാക്ടറികൾ അയൽ



**വിദേശ വിപണിയിൽ വരെ കോഴിക്കോട്ടെ ഓടിന് വലിയ ഡിമാന്റ് ഉള്ളതുകൊണ്ട് ഉരുവിലും കപ്പലിലും കയറ്റി വിദേശ രാജ്യങ്ങളിലേക്ക് കൊണ്ടുപോയി. അവിടെ ചൂടപ്പം പോലെ കോഴിക്കോട്ടെ ഓടുകൾ വിപണി കൈയ്യടക്കി.**

സംസ്ഥാനങ്ങളിൽനിന്ന് കളിമണ്ണ് ഇറക്കുമതി ചെയ്തു നടത്താൻ ശ്രമിച്ചെങ്കിലും ഭീമമായ സാമ്പത്തികച്ചെലവ് താങ്ങാൻ കഴിയാതെ അത് അവസാനിപ്പിച്ചു.

ഈ കാലയളവിൽതന്നെയാണ് കേരളത്തിലെ മണൽവാരൽ മേഖലയും തകർന്നടിഞ്ഞത്. പരിസ്ഥിതിസംരക്ഷണത്തിന്റെ പേരിൽ മണൽ ഖനനം ചെയ്യാൻ അനുവദിക്കാതെ മണലിനു പകരമായി പാറപൊട്ടിച്ചു മണൽ ഉണ്ടാക്കുകയാണ് നിലവിൽ കേരളത്തിൽ ചെയ്യുന്നത്. നദിയിൽനിന്ന് മണൽ വാരിയെടുത്താൽ ഒരു മഴക്കാലം കഴിഞ്ഞുവരുമ്പോൾ പൂർവ്വസ്ഥിതിയിലാവുന്നത് നാം വർഷങ്ങളായി കണ്ടുവരുന്നതാണ്. എന്നാൽ പാറപൊട്ടിച്ചു മണൽ നിർമ്മിച്ചാൽ പാറമലകൾ പിന്നീട് ഉയർന്നുവരുമോ? ആയതിനാൽ ഏതു രീതിയാണ് പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്താൻ ഉചിതം എന്ന് കേരളത്തിലെ സാമാന്യബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാൻ പ്രയാസമുണ്ടാകില്ല. ഇതും മറ്റൊരു മാഫിയകൾക്കുവേണ്ടിയുള്ള നിയമനിർമ്മാണമായിരുന്നു. കേരളസർക്കാരിന്റെ ഖനനാനുമതി ലഭിച്ച 200 ക്വാറികൾ മാത്രമാണ് കേരളത്തിൽ ഉള്ളത്, എങ്കിൽ അനധികൃതമായി 6000 ക്വാറികൾ ഇവിടെ പ്രവർത്തിക്കുന്നു. പരിസ്ഥിതി സംരക്ഷണമല്ല, മറിച്ച് പാർട്ടി സംരക്ഷണമാണ് ഇക്കൂട്ടർക്ക് പ്രധാനം എന്ന് തൊഴിലാളികൾ തിരിച്ചറിഞ്ഞ് അവരിൽനിന്നു വഴിപിരിയുന്നതും കേരളം നേരിൽ കാണുന്നുണ്ട്. കൃഷിയുടെയും വ്യവസായത്തിന്റെയും മേഖലയിൽ ഇന്ത്യയിലെ അവസാനത്തെ സംസ്ഥാനമായി നാം മാറിക്കഴിഞ്ഞു. അനുകൂലമായ പ്രകൃതിയും കാലാവസ്ഥയും പാശ്ചാത്തല സൗകര്യങ്ങളും വിദഗ്ദ്ധ തൊഴിലാളികളും ഉള്ള ഈ ദൈവത്തിന്റെ സ്വന്തം നാട്ടിൽ കൃഷിയിലും വ്യവസായത്തിലും മുന്നേറ്റമുണ്ടാക്കാൻ അനിവാര്യമായ ഒരു പരിവർത്തനം ആവശ്യമാണ്.

നിരീക്ഷണങ്ങൾ

വിശകലനങ്ങൾ

# പി.എച്ച്.ഡി. പ്രബന്ധങ്ങളുടെ നിലവാരത്തകർച്ച




**കല്ലറ അജയൻ**
**9446751163**





**ഈ**യടുത്ത കാലത്താണ് കവി ബാലചന്ദ്രൻ ചുള്ളിക്കാട് അദ്ദേഹത്തെക്കുറിച്ച് ഗവേഷണം നടത്തിയ ഒരാൾ വരുത്തിവച്ച അബദ്ധത്തെക്കുറിച്ച് രോഷപ്രകടനം നടത്തിയത്. ചുള്ളിക്കാടിന്റെ 'താതവാക്യം' എന്ന കവിത കേകവൃത്തത്തിലാണെന്നും കേകയെ ഇത്ര മനോഹരമായി ഉപയോഗിച്ചതിൽ കവിയെ അഭിനന്ദിക്കണമെന്നും പ്രബന്ധകാരൻ (കാരി) എഴുതി. ആ പ്രബന്ധം അംഗീകരിക്കപ്പെടുകയും എഴുതിയ ആളിനു പി.എച്ച്.ഡി. ലഭിക്കുകയും ചെയ്തു. 'താതവാക്യം' എന്ന കവിത എഴുതപ്പെട്ടിരിക്കുന്നത് 'വസന്തതിലകം' എന്ന സംസ്കൃതവൃത്തത്തിലാണ്. കേകയ്ക്കും വസന്തതിലകത്തിനും 14 അക്ഷരം വീതമായതിനാലാണ് പ്രബന്ധകാരി തെറ്റിച്ചത്. എന്നാൽ സംസ്കൃതവൃത്തമാണെന്ന് പെട്ടെന്നുതന്നെ തിരിച്ചറിയാൻ മറ്റൊരു മാർഗ്ഗമുണ്ട്. അതു ശ്ലോകങ്ങളായി എഴുതുന്ന രീതിയാണ്. സംസ്കൃതവൃത്തത്തിലുള്ള കവിതകൾ സാധാരണ നാലുവരികളായി ശ്ലോകരൂപത്തിൽ വേർതിരിച്ചാണെഴുതുക. എന്നാൽ ഭാഷാവൃത്തമായ കേക ഈരടികളായാണെഴുതുക. അതൊന്നും പ്രബന്ധകാരൻ ശ്രദ്ധിച്ചില്ല.

ഭാഷാവൃത്തങ്ങൾക്ക് ലഘുക്കളെ പാടിനീട്ടാം എന്നൊരു വ്യവസ്ഥയുള്ളതിനാൽ പാവം ഗവേഷകൻ ലഘുക്കളെ മുഴുവൻ നീട്ടി ഗുരുക്കളാക്കി കഷ്ടപ്പെട്ട് കേകയാക്കിയതാവണം. പ്രബന്ധം പരിശോധിച്ച ഭാഷാധ്യാപകരായുള്ള ഗൈഡുകളും തെറ്റുകണ്ടിപിടിച്ചില്ല എന്നത് ദുഃഖകരായ സംഗതിയാണ്.

ഇത് താരതമ്യേന ലഘുവായ ഒരു അബദ്ധമാണെന്നു സമ്മതിച്ചാലും വർഷങ്ങൾക്കുമുൻപ് നടന്ന മറ്റൊരു ഭീമാബദ്ധം ഓർമയിൽ വരുന്നു. തിരുവനന്തപുരത്തെ ഒരു വേദിയിൽ ഒരാൾ വയലാറിന്റെ ഗാനങ്ങളെക്കുറിച്ച് പ്രഭാഷണം നടത്തുന്നു. ആൾ ഗവേഷണബിരുദം നേടിയ പണ്ഡിതയാണ്. അവരുടെ ഗവേഷണ വിഷയം വയലാർ ആയിരുന്നുവത്രെ! പക്ഷേ പ്രസംഗത്തിൽ വയലാറിന്റേതായി ഉദ്ധരിക്കുന്ന കെ.പി.എ.സി. നാ

**കോളേജ് അധ്യാപകനാകാൻ പി. ജി. ക്കുശേഷം എം. ഫിൽ ഓ എം. എഡ്. ഓ അടിസ്ഥാനയോഗ്യതയാക്കണം. പി. എച്ച്. ഡി. താല്പര്യമുള്ളവർ മാത്രം നേടട്ടേ. ഇന്നത്തെ രീതിയിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് കോളേജിലെത്തി അറ്റൻഡൻസ് മാർക്ക് ചെയ്യുന്ന തെല്ലാം ശുദ്ധ വിഡ്ഢിത്തം. ഗവേഷണം ഒരു കോഴ്സ് അല്ല. അത് വളരെക്കാലത്തെ അന്വേഷണത്തിനുശേഷം മാത്രം നേടിയെടുക്കേണ്ട അംഗീകാരമാണ്. അതിനെ ഒരു സാധാരണ കോഴ്സ് ആക്കി മാറ്റിയ യു. ജി. സി. നിലപാട് തിരുത്തേണ്ടതുതന്നെയാണ്.**

ടകഗാനങ്ങൾ മിക്കവാറും എല്ലാം ഒ.എൻ.വി. എഴുതിയവയാണ്. പ്രസംഗശേഷം ഞാൻ ഗവേഷണ ബിരുദധാരിയോട് വിനയത്തോടെ പാട്ടുകൾ ഒ.എൻ.വി.യുടെതല്ലേ എന്ന് ആരാഞ്ഞു. പൊട്ടിത്തെറിച്ച ഗവേഷക താൻ വയലാറിൽ പി.എച്ച്.ഡി. നേടിയ ആളാണെന്ന് രോഷത്തോടെ പറഞ്ഞു. എന്നാലും ഒരിക്കൽകൂടി ഒന്നു പരിശോധിക്കുന്നത് നന്നായിരിക്കും എന്നു ഞാൻ ഓർമ്മിപ്പിച്ചു. ചിറികോട്ടി പുച്ഛരസത്തിൽ അവർ എന്നെ അവഗണിച്ചു. ആ ഗവേഷകയുടെ പ്രബന്ധം ഞാൻ കണ്ടിട്ടില്ല. അതിൽ ഒ.എൻ.വി.യുടെ ഗാനങ്ങൾ വയലാറിന്റേതായി കൊടുത്തിട്ടുണ്ടോ എന്നറിയില്ല.

മറ്റൊരു സംഭവം: മലയാളത്തിൽ പി.എച്ച്.ഡി. നേടിയ ഒരാൾ സ്കൂൾക്ലാസിൽ കുട്ടികളെ പഠിപ്പിക്കുന്നു. ' അംശം മേനവനുപോലും ഒന്നും കൊടുത്തില്ല' എന്നോ മറ്റോ ആണ് വാക്യം. അദ്ദേഹം അർത്ഥം പറഞ്ഞുകൊടുക്കുന്നത് മേനവനുപോലും അംശവും (അല്പവും) കൊടുത്തില്ല എന്നായിരുന്നു. തൊട്ടടുത്ത ക്ലാസ്സിൽ ഇംഗ്ലീഷ് പഠിപ്പിച്ചുകൊണ്ടുനിന്ന ഈ ലേഖകൻ ഞെട്ടിപ്പോയി. അംശം എന്നാൽ ഇന്നത്തെ വില്ലേജ് ആണ്. അംശം മേനോൻ വില്ലേജ് ആഫീസറാണ്. വില്ലേജ് ആഫീസർക്കുപോലും (ഗ്രാമത്തിലെ മുഖ്യനുപോലും) കൊടുത്തില്ല എന്നത് ഡോക്ടറേറ്റ് കാരൻ മേനോനുപോലും അല്പവും കൊടുത്തില്ല എന്നാക്കി.

മലയാളം അടിസ്ഥാനവിഷയമായി എടുത്തു ഗവേഷണം നടത്തിയവരുടെ സ്ഥിതി മാത്രമാണ് നമുക്കറിയാവുന്നത്. മറ്റുവിഷയങ്ങളുടെ അവസ്ഥയും ഇതുതന്നെയാണോ എന്ന് പറയാൻ കഴിയില്ല. പ്രബന്ധങ്ങൾ പരിശോധിച്ചാൽ അറിയാൻ കഴിഞ്ഞേയ്ക്കും. കോളേജ് അധ്യാപകനാവാനുള്ള അടിസ്ഥാനയോഗ്യതയായി പി.എച്ച്.ഡി.യെ നിർദ്ദേശിച്ച യു.ജി.സി.യുടെ വങ്കത്തരമാണ് ഇതിനൊക്കെ കാരണം. പി.എച്ച്.ഡി.യെ അത്തരത്തിൽ തൊഴിൽസമ്പാദനത്തിനുള്ള ഒരു കോഴ്സ് ആക്കി തരംതാഴ്ത്താൻ പാടുണ്ടായിരുന്നില്ല. ഗവേഷണം ആ മേഖലയിൽ അഭിരുചിയുള്ളവർമാത്രം നടത്തേണ്ടതാണ്. അല്ലാതെ എം.എ.യും എം.എസ്.സി.യും ബി.എഡ്. ഒക്കെപ്പോലെ വെറും ഒരു കോഴ്സ് ആക്കി അതിനെ അധഃപതിപ്പിച്ച യു.ജി.സി. നിലപാട് അമ്പേ തിരുത്തേണ്ടതാണ്.

കോളേജ് അധ്യാപകനാകാൻ പി.ജി.ക്കുശേഷം എം.ഫിൽ. ഓ എം.എഡ്. ഓ അടിസ്ഥാനയോഗ്യതയാക്കണം. പി.എച്ച്.ഡി. താല്പര്യമുള്ളവർ മാത്രം നേടട്ടേ. ഇന്നത്തെ രീതിയിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് കോളേജിലെത്തി അറ്റൻഡൻസ് മാർക്ക് ചെയ്യുന്നതെല്ലാം ശുദ്ധ വിഡ്ഢിത്തം. ഗവേഷണം ഒരു കോഴ്സ് അല്ല. അത് വളരെക്കാലത്തെ അന്വേഷണത്തിനുശേഷം മാത്രം നേടിയെടുക്കേണ്ട അംഗീകാരമാണ്. അതിനെ ഒരു സാധാരണ കോഴ്സ് ആക്കി മാ

റ്റിയ യു.ജി.സി. നിലപാട് തിരുത്തേണ്ടതുതന്നെയാണ്.

പല കുട്ടികളും ഗവേഷണത്തിനുള്ള ഗ്രാന്റ് ഒരു ജീവനോപാധിയായി കണക്കാക്കി റിസർച്ച് ഫെലോ ആയി മാറുന്നു. ആസ്ഥിതി അനുവദിക്കാനാവില്ല. പോസ്റ്റ് ഗ്രാഡ്യുവേഷന് ഉയർന്ന മാർക്കും നേരത്തേ പ്രസ്തുത വിഷയത്തിൽ പ്രസിദ്ധീകരണപ്രവർത്തനങ്ങൾ നടത്തിയതിന്റെ തെളിവുകളും ഹാജരാക്കുന്ന മിടുക്കന്മാരായ വ്യക്തികൾക്കേ ഗവേഷണാനുമതി ലഭിക്കാവൂ. ഒരു ഗവേഷകന് ഒന്നിലധികം ഗൈഡുകൾ മാർഗ്ഗനിർദ്ദേശം നല്കാം. എന്നാൽ ഇന്ന ത്തെ രീതിയിൽ അവരെ പീഡിപ്പിക്കാനുള്ള അവസരം ഗൈഡുകൾക്ക് ഒരിക്കലും ലഭിക്കരുത്. ഗവേഷണശേഷം പ്രബന്ധം സമർപ്പിച്ചാലും വിശദമായ ഗുണനിലവാര ചർച്ചകൾക്കുശേഷമേ ബിരുദം നല്കാവൂ, ഇന്നത്തേതുപോലുള്ള തട്ടിക്കൂട്ടുപ്രബന്ധങ്ങൾക്ക് ഒരിക്കലും പി.എച്ച്.ഡി. അനുവദിക്കാൻ പാടില്ല. മാത്രവുമല്ല ഗവേഷകന്റെ സ്വന്തമായ കണ്ടെത്തലുകൾക്കാവണം പ്രാമുഖ്യം.

ഒരിക്കൽ മലയാളത്തിലെ ഒരു പ്രത്യേക വിഭാഗം നാടൻപാട്ടുകളെക്കുറിച്ച് ഗവേഷണം നടത്തിയ ഒരു വിദ്യാർത്ഥിയുടെ പ്രബന്ധം കാണാനിടയായി. ആ പ്രബന്ധത്തിൽ ഇംഗ്ലീഷിൽനിന്നും മറ്റു യൂറോപ്യൻഭാഷകളിൽനിന്നും പലരും ഫോക്‌ലോറിനെക്കുറിച്ച് നടത്തിയ നിരീക്ഷണങ്ങളാണ് കൂടുതലുണ്ടായിരുന്നത്. ആ നിരീക്ഷണങ്ങൾ പലതിനും നമ്മുടെ നാടൻപാട്ടുകളുമായി ചേർത്തുവെച്ച് നോക്കിയാൽ ഒരു മൂല്യവുമില്ല. എന്നിട്ടും അതൊക്കെ വേണമെന്ന് ഗൈഡ് നിർബന്ധം പിടിക്കുന്നുവെന്നാണ് ഗവേഷക പറഞ്ഞത്. ദിശാബോധമില്ലാത്ത ഇത്തരം വഴികാട്ടികൾ നമ്മുടെ ഭാഷയെത്തന്നെ തകർത്തുകളയുമെന്നു പറയാതെ വയ്യ.



പേരിനോടൊപ്പം ഡോക്ടർ എന്ന് ഉൾപ്പെടുത്തിയാൽ അവരെ എല്ലാരംഗത്തും പരിഗണിക്കുന്ന ഒരു പതിവ് നമ്മുടെ നാട്ടിലുണ്ട്. ഇന്നത്തെ ഗവേഷണ സമ്പ്രദായത്തിലൂടെ ബിരുദം നേടുന്ന ഡോക്ടറേറ്റുകാർക്ക് അത്തരം പരിഗണനകൾ നല്കുന്നതിൽ ഒരർത്ഥവുമില്ല. ഒരു ഡോക്ടറേറ്റ് പ്രതിഭ പ്രസംഗത്തിൽ വരുത്തുന്ന തെറ്റുകളും വിഡ്ഢിത്തങ്ങളും താങ്ങാനാവാതെ സാധാരണക്കാരായ ഭാഷാസ്നേഹികൾ മൈക്ക് ഓഫ് ചെയ്ത ഒരു മീറ്റിങ്ങിൽ അടുത്തകാലത്ത് പങ്കെടുക്കാനിടയായി. ഇത്തരത്തിലുള്ള 'ഗവേഷകദുരന്തം' കേരളത്തിലിപ്പോൾ ഒരു പതിവുകാഴ്ചയാണ്.

ഇത് ഗവേഷകവിദ്യാർത്ഥികളെ മാത്രം ബാധിക്കുന്ന കാര്യമായി ചുരുക്കിക്കാണുന്നത് ശരിയല്ല. നമ്മുടെ വിദ്യാഭ്യാസമേഖലയിൽ പൊതുവെ കാണുന്ന നിലവാരത്തകർച്ച ഗവേഷകമേഖലയെയും ബാധിച്ചുവെന്നേയുള്ളു. യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മിഷൻ ഇനിയെങ്കിലും യാഥാർത്ഥ്യബോധത്തോടെ കാര്യങ്ങൾ കാണേണ്ടിയിരിക്കുന്നു. ഗവേഷണം എന്നത് ഷോട്ട്ഹാന്റും ടൈപ്പ്റൈറ്റിങ്ങും പഠിക്കുന്നതുപോലുള്ള ഒരു സർട്ടിഫിക്കറ്റ് കോഴ്സ് അല്ലെന്ന് അവർ മനസ്സിലാക്കണം. അത് അടിസ്ഥാനയോഗ്യതയായി കണക്കാക്കേണ്ടത് ഏതെങ്കിലും വലിയ സ്ഥാപനങ്ങളുടെ മേധാവികൾക്കും യൂണിവേഴ്സിറ്റി വിസിമാർക്കും മറ്റുമായിരിക്കണം. അല്ലാതെ സാധാരണ അധ്യാപകരാകാനല്ല.

# സ്വകാര്യ ആശുപത്രിജീവനക്കാർ സംയുക്ത പ്രക്ഷോഭത്തിലേക്ക്

**തൃശൂർ:** ജില്ലയിലെ സ്വകാര്യ ആശുപത്രി ജീവനക്കാരും അനുബന്ധ സ്ഥാപനങ്ങളിലെ ജീവനക്കാരും സംയുക്തസമരസമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി വാഹന പ്രചരണ ജാഥ സംഘടിപ്പിച്ചു.

മുഴുവൻ സ്വകാര്യ ആരോഗ്യ പ്രവർത്തകർക്കും 50 ശതമാനം ഇടക്കാല ആശ്വാസം അനുവദിക്കുക, തുല്യ പ്രാധാന്യത്തോടെ തൊഴിലെടുക്കുന്ന ആരോഗ്യ പ്രവർത്തകരെ വിവേചനത്തോട് പരിഗണിക്കുന്നത് ഒഴിവാക്കുക, നിയമവിരുദ്ധമായി ഒരു വിഭാഗത്തിന് മാത്രം വേതനവർദ്ധനവിനും മറ്റും കരാർ ഉണ്ടാക്കുന്നത് റദ്ദ് ചെയ്യുക, നിയമാനുസൃത അവകാശങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കാൻ ലേബർ എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കുക, തൊഴിലാളി ചൂഷണം ലക്ഷ്യംവെച്ചുള്ള കരാർ നിയമനങ്ങൾ നിരോധിക്കുക തുടങ്ങി വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് തൃശൂർ ജില്ലയിലെ സി.ഐ.ടി.യു., ബി.എം.എസ്., എ.ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി. തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിലാണ് സമരം പ്രഖ്യാപിച്ചിരിക്കുന്നത്.

തൃശൂർ അശ്വനി ആശുപത്രി ജംഗ്ഷനിൽനിന്നും ആരംഭിച്ച വാഹനപ്രചരണ ജാഥ ബി.എം.എസ്. ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം ഉദ്ഘാടനം ചെയ്തു. സി.ഐ.ടി.യു, സംസ്ഥാനകമ്മിറ്റിയംഗം ഐ.എ. ഡേവിഡ് അദ്ധ്യക്ഷത വഹിച്ചു. ജാഥാക്യാപ്റ്റൻ സ്റ്റാൻലി ജോസഫ്, എ.സി. കൃഷ്ണൻ, ജെയിംസ് റാഫേൽ, എൻ.എ. ഗോപകുമാർ, ബാബു കള്ളായി തുടങ്ങിയവർ സംസാരിച്ചു. നിരവധി സാംക്രമിക രോഗ സാഹചര്യങ്ങളിൽ രാവും പകലും തുല്യ പ്രാധാന്യത്തോടെ പണിയെടുക്കുന്ന ആരോഗ്യപ്രവർത്തകർക്ക് വിവേചനപരമായി ശമ്പളവും ആനുകൂല്യങ്ങളും നല്കുന്നതിനെതിരെ നിരവധി പരാതികൾ മാനേജ്മെന്റുകൾക്കും ലേബർ ഡിപ്പാർട്ട്മെന്റ് നല്കിയിട്ടും സ്റ്റാറ്റ്യൂട്ടറി ആനുകൂല്യങ്ങൾ പോലും ലഭ്യമാക്കാൻ തൊഴിൽവകുപ്പിന് ആകുന്നില്ല എന്നും ഇവർ ആരോപിച്ചു. മെയ് 15 മുതൽ ആരംഭിക്കാനിരുന്ന അനിശ്ചിതകാല പണിമുടക്ക് അധികൃതർ ഇടപെട്ടതിനെത്തുടർന്നു മാറ്റി വച്ചിരിക്കുന്നതായും സംയുക്ത പ്രക്ഷോഭ സമിതി അറിയിച്ചു.




**വാഹന പ്രചരണ ജാഥ ബി.എം.എസ്. തൃശ്ശൂർ ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം ഉദ്ഘാടനം ചെയ്യുന്നു.**



മയ്യിൽ മേഖലാ അസംഘടിത തൊഴിലാളി രജനിക്ക് ബി.എം.എസ്. കണ്ണൂർ ജില്ലാ വൈസ് പ്രസിഡന്റ് പി.കൃഷ്ണൻ സഹായ നിധി നൽകുന്നു.

# നിർമ്മാണ തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കണം

**തിരുവനന്തപുരം** : തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിൽ ക്ഷേമനിധി ബോർഡ് പരാജയപെട്ടിരിക്കുകയാണെന്നും ബോർഡിൽ നിന്നും റിട്ടയർമെന്റായ മൂന്നര ലക്ഷം പെൻഷൻകാർക്കും പെൻഷൻ നിഷേധിക്കുന്ന സർക്കാർ നടപടി മനുഷ്യാവകാശ ലംഘനമാണെന്നും ബി.എം.എസ് സംസ്ഥാന പ്രസിഡന്റ് സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ പറഞ്ഞു.

തൊഴിലാളികളിൽ നിന്നും അംശാദായം സ്വീകരിച്ചതിനു ശേഷം അവർക്ക് അവകാശപ്പെട്ട ആനുകുല്യങ്ങൾ നൽകാതിരിക്കുന്ന നിലപാട് പിടിച്ച് പറിക്കാരന്റെതിനു സമാനമാണെന്നും അദ്ദേഹം ആരോപിച്ചു. കേരളാ പ്രദേശ് നിർമ്മാണ തൊഴിലാളി ഫെഡറേഷൻ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് സെക്രട്ടറിയേറ്റിനു മുന്നിൽ നടത്തുന്ന രാപ്പകൽ സമരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫെഡറേഷൻ പ്രസിഡന്റ് എം.കെ.ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ഫെഡറേഷൻ ജനറൽ സെക്രട്ടറി സലീം തെന്നിലാപുരം, ട്രഷർ കെ ജയൻ, ഭാരവാഹികളായ എം.എൻ.വിജേഷ് കുമാർ,പി.കെ മുരളീധരൻ, എസ് .രാജേന്ദ്രൻ,സി.പി.രാജേഷ്, എൽ സതീഷ്, പി.കൃഷ്ണൻ, പ്രദീപ് കുമാർ, പി.എസ് രഘുനാഥ് എന്നിവർ പ്രസംഗിച്ചു. സമാപന യോഗം ബി.എം.എസ് സംസ്ഥാന സെക്രട്ടറി സിബി വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു.



കേരള പ്രദേശ് നിർമ്മാണ തൊഴിലാളി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സെക്രട്ടറിയേറ്റിനു മുൻപിൽ നടത്തിയ രാപ്പകൽ സമരം ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്യുന്നു.

# കേന്ദ്ര – സംസ്ഥാന സർക്കാരുകൾ ലേബർ പോളിസി പ്രഖ്യാപിക്കണം

**തിരുവനന്തപുരം:** കേന്ദ്ര – സംസ്ഥാനസർക്കാരുകൾ ലേബർ പോളിസി പ്രഖ്യാപിക്കണമെന്ന് ബി.എം.എസ്. ദേശീയ സെക്രട്ടറി വി. രാധാകൃഷ്ണൻ. ബി.എം.എസ്. ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര സുരക്ഷാ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാമൂഹിക സുരക്ഷ, തൊഴിൽസുരക്ഷ, ആരോഗ്യ സുരക്ഷ, വേതനസുരക്ഷ എന്നിവ ഉറപ്പാക്കാൻ നിയമനിർമ്മാണം വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത തൊഴിലിടങ്ങളിൽ ആരോഗ്യവും ജീവനും നഷ്ടമാകുന്ന തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുകയാണ്. സുരക്ഷിത തൊഴിലിടം തൊഴിലാളികളുടെ അവകാശമാണ്. സുരക്ഷാ ഉപകരണങ്ങളില്ലാതെ കീടനാശിനികൾ പ്രയോഗിക്കുന്നത് മൂലം തോട്ടം തൊഴിലാളികൾക്കിടയിൽ ക്യാൻസർ രോഗികൾ വർദ്ധിക്കുന്നു. നിയമം അനുശാസിക്കുന്ന വിധത്തിൽ തൊഴിലിടത്തിൽ ഉണ്ടാകേണ്ട സുരക്ഷാ സംവിധാനങ്ങളെ കുറിച്ച് തൊഴിലാളികൾ മാത്രമല്ല, തൊഴിലുടമകളും ബോധവാന്മാരാകണം. വ്യവസായ മേഖലയിലെ സ്ഥിരം തൊഴിലാളികളുടെ എണ്ണം കുറയുകയാണ്. വരുംനാളുകളിൽ കരാർ തൊഴിലാളികൾ വ്യവസായ മേഖലകൾ കീഴടക്കുമെന്നും അദ്ദേഹം പറഞ്ഞു.

സുരക്ഷിതത്വും ആരോഗ്യപരവുമായ അന്തരീക്ഷം തൊഴിലാളിയുടെ മൗലികാവകാശമെന്ന മുദ്രാവാക്യം ഉയർത്തി ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ (ഐ.എൽ.ഒ.) യുമായി ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. ജില്ലാ വൈസ്പ്രസിഡന്റ് ഡി. കുഞ്ഞുമോൻ അദ്ധ്യക്ഷനായി. സെക്രട്ടറി കെ. ജയകുമാർ, ജില്ലാ ഖജാൻജി കെ. വിജയകുമാർ, പെൻപോൾ ജില്ലാ ജനറൽസെക്രട്ടറി പി.ജി. അനിൽ തുടങ്ങിയവർ പങ്കെടുത്തു.




**അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്ര ജീവനക്കാരനായിരുന്ന എം.വേണുഗോപാലിന് മലബാർ ദേവസ്വം എംപ്ലോയീസ് സംഘിന്റെ ആഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകുന്നു.**



ലിഫ്റ്റ് തകരാറായ കാസർക്കോട് ജില്ലാ ആശുപത്രിയിലെ രോഗികൾക്ക് താഴെ ഇറങ്ങാൻ സഹായിച്ച ഹെഡ് ലോഡ് തൊഴിലാളികളെ ബി.എം.എസ്. സംസ്ഥാന സെക്രട്ടറി പി. മുരളിധരൻ ആദരിച്ചപ്പോൾ

# സുരക്ഷാ ആരോഗ്യദിനം ആചരിച്ചു

**കല്പറ്റ:** വയനാട് എസ്റ്റേറ്റ് മസ്ദൂർസംഘം (ബി.എം.എസ്.)ന്റെ നേതൃത്വത്തിൽ ജില്ലയിലെ തോട്ടം കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര സേഫ്റ്റി ആൻഡ് ഹെൽത്ത് അറ്റ് ഡേ ആചരിച്ചു. ഐ.എൽ.ഒ.യുടെ ആഹ്വാനപ്രകാരം തൊഴിലാളികളുടെ സുരക്ഷയും ആരോഗ്യവും സംരക്ഷിക്കുവാനാണ് എല്ലാ വർഷവും ഏപ്രിൽ 28 സേഫ്റ്റി ഡേയായി ആചരിച്ചുവരുന്നത്. തൊഴിൽ ഇടങ്ങളിൽ ഇന്ന് യാതൊരുവിധ സുരക്ഷയും കൃത്യമായി തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. തന്മൂലം നിരവധി അപകടങ്ങളും മാറാരോഗങ്ങളും ആണ് തൊഴിലാളികൾ അനുഭവിക്കുന്നത്. വിരമിച്ചുകഴിഞ്ഞാൽ ആശുപത്രികളിൽ അഭയം പ്രാപിക്കുകയാണ് തൊഴിലാളികൾ. ഈ അവസ്ഥയ്ക്ക് മാറ്റം വരണമെന്ന് ദിനാചരണ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് കേരളപ്രദേശ് പ്ലാന്റേഷൻ മസ്ദൂർ ഫെഡറേഷൻ സംസ്ഥാനപ്രസിഡന്റ് പി.കെ. മുരളീധരൻ പറഞ്ഞു. വിവിധ എസ്റ്റേറ്റുകളിൽ നടന്ന പരിപാടികൾക്ക് എ. സുരേഷ്, രവി എം., എ. ഹരിഭാസ്കരൻ, പ്രജീഷ്, ടി. ഉണ്ണികൃഷ്ണൻ, ബൈജു, കെ. പ്രകാശൻ, മുത്തു കെ., നവീൻ കുമാർ, പി. നാരായണൻ, ശിവഗുരു, ജയ കെ., ശൈലജ, പത്മിനി തുടങ്ങിയവർ നേതൃത്വം നല്കി.




വയനാട് എസ്റ്റേറ്റ് മസ്ദൂർ സംഘത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ തോട്ടം കേന്ദ്രങ്ങളിൽ നടത്തിയ അന്താരാഷ്ട്ര സേഫ്റ്റി ആൻഡ് ഹെൽത്ത് ഡേയിൽ കേരള പ്രദേശ് പ്ലാന്റേഷൻ മസ്ദൂർ ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് പി.കെ.മുരളീധരൻ സംസാരിക്കുന്നു.

# ഡോക്ടർമാർക്ക് നേരെയുള്ള അക്രമം പ്രതിഷേധാർഹം – കെ. ജി. ഒ. സംഘ്

**തൃശൂർ:** കൊട്ടാരക്കര ഗവൺമെന്റ് ആശുപത്രിയിൽ ഡ്യൂട്ടിക്കിടയിൽ രോഗിയുടെ ആക്രമണത്തിൽ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൽ കെ.ജി.ഒ. സംഘ് തൃശ്ശിവപേരൂർ ജില്ലാസമിതി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

അക്രമികൾക്കുനേരെ സർക്കാർ കൈക്കൊള്ളുന്ന മൃദുസമീപനമാണ് തുടർച്ചയായി ആശുപത്രി ജീവനക്കാർ ആക്രമണം നേരിടേണ്ടിവരുന്ന സാഹചര്യം ഉണ്ടാക്കുന്നതെന്ന് യോഗം വിലയിരുത്തി.

സംസ്ഥാനസമിതിയംഗം കെ. എം. രാജീവ് ഉദ്ഘാടനം ചെയ്ത യോഗത്തിൽ ജില്ലാപ്രസിഡണ്ട് അജിത കമൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാസെക്രട്ടറി എം.കെ. നരേന്ദ്രൻ സ്വാഗതവും സി.എ. ഹരികുമാർ നന്ദിയും പറഞ്ഞു.

എൽ. അനിൽകുമാർ, ഡോ. ജെ.എം. ഭട്ട്, എൻ.ജി.ഒ. സംഘ് ജില്ലാട്രഷറർ ബി. പ്രദീപ് കുമാർ എന്നിവർ സംസാരിച്ചു.

## വനിതാ ഡോക്ടറെ കൊലപ്പെടുത്തിയതിൽ ഫെറ്റോ പ്രതിഷേധിച്ചു

**തൃശൂർ:** കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കൃത്യനിർവ്വഹണത്തിനിടെ റിമാന്റ് പ്രതിയുടെ കുത്തേറ്റ് വനിതാഡോക്ടർ മരിച്ച സംഭവം ഞെട്ടലുളവാക്കുന്നതാണെന്ന് ഫെറ്റോ ജില്ലാസമിതിക്കുവേണ്ടി പ്രസിഡണ്ട് കെ.കെ. ഗിരീഷ്കുമാർ, സെക്രട്ടറി ജയൻ പൂമംഗലം എന്നിവർ പ്രസ്താവിച്ചു. കേരളത്തിൽ കൃത്യനിർവ്വഹണത്തിനിടയ്ക്ക് ആശുപത്രി ജീവനക്കാരും സർക്കാർ ജീവനക്കാരും നിരന്തരം ആക്രമിക്കപ്പെടുകയാണെന്നും ഇവർക്ക് സുരക്ഷയൊരുക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണമെന്നും പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

# അപകടം ഉണ്ടാവുമ്പോൾ മാത്രം പോര ജാഗ്രത

കോഴിക്കോട്: ഒരു അപകടം നടക്കുമ്പോൾ സർക്കാർ കാണിക്കുന്ന ജാഗ്രത എല്ലായ്പോഴും ഉണ്ടാവണമെന്നും മദ്യത്തിലും മയക്കുമരുന്നിലും അകപ്പെട്ട സമൂഹത്തിൽ യാതൊരാൾക്കും സുരക്ഷ ഇല്ല എന്ന സന്ദേശമാണ് ഡ്യൂട്ടിയിൽ ഇരുന്ന യുവ വനിതാഡോക്ടർ കൊല്ലപ്പെട്ടതിലൂടെ പ്രകടമായത് എന്നും കേരള സ്റ്റേറ്റ് പെൻഷനേഴ്സ് സംഘ് കോഴിക്കോട് ജില്ലാസമിതി അഭിപ്രായപ്പെട്ടു. മെയ് 17, 18 തിയ്യതികളിൽ ആലുവയിൽ നടക്കുന്ന 25–ാം സംസ്ഥാന സമ്മേളനം വിജയിപ്പിക്കാൻ ജില്ലാസമിതി പ്രവർത്തകരെ ആഹ്വാനം ചെയ്തു.

ജില്ലാ പ്രസിഡന്റ് സുരേന്ദ്രൻ പുതിയേടത്ത് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് എം.കെ. സദാനന്ദൻ, സംസ്ഥാനസെക്രട്ടറി കെ. ബാലമണി, സംസ്ഥാന ജോയിന്റ് ട്രഷറർ അഡ്വ. ജയഭാനു പി., ജില്ലാ വൈസ്പ്രസിഡന്റ്മാർ എം. ഗൗതമൻ, കെ. ഗോപാലൻ മാസ്റ്റർ, ജില്ലാ ഖജാൻജി കുട്ടിനാരായണൻ, ജില്ലാസെക്രട്ടറി ശ്യാമപ്രസാദ്, ജില്ലാ ജോയിന്റ് സെക്രട്ടറി ബാലചന്ദ്രൻ മാസ്റ്റർ, ബ്ലോക്ക് ഭാരവാഹികളായ വേലായുധൻ നായർ, എൻ. പ്രേംകുമാർ, രഘുനാഥ്, സദാശിവൻ, ബാലകൃഷ്ണൻ മാസ്റ്റർ, വി.പി. രാജൻ, ഗോപാലകൃഷ്ണൻ മാസ്റ്റർ, രവീന്ദ്രൻ മാസ്റ്റർ, ജനാർദ്ദനൻ എന്നിവർ സംസാരിച്ചു.

# കരാർ തൊഴിൽ സമ്പ്രദായം അവസാനിപ്പിക്കണം - ബി.സുരേന്ദ്ര

**കോട്ടയം:** രാജ്യത്തെ തൊഴിലാളികളുടെ സ്ഥിരം തൊഴിലവകാശം ഇല്ലാതാക്കുന്നതും ഭരണഘടന ഉറപ്പുനല്കുന്ന തുല്യജോലിക്കു തുല്യവേതനം എന്ന തത്വം അട്ടിമറിക്കുന്നതും മനുഷ്യാവകാശങ്ങളെ ഹനിക്കുന്നതും സാമൂഹ്യസുരക്ഷ നിഷേധിക്കുന്നതുമായ കോൺട്രാക്ട് ലേബർ സിസ്റ്റം തൊഴിൽമേഖലയിൽ ഇന്ന് സർവ്വസാധാരണമായിരിക്കുന്നു. 1970-ലെ കോൺട്രാക്ട് ലേബർ ആക്ട് ഇത്തരം തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കാൻ വേണ്ടി കൊണ്ടുവന്ന നിയമമാണ് എന്നു പറയുമ്പോഴും ഈ നിയമത്തിലെ അപാകതകൾമൂലം, മാനേജ്മെന്റുകൾ എല്ലാ തൊഴിൽനിയമങ്ങളും കാറ്റിൽപറത്തികൊണ്ടാണ് തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നത്. ടെലികോം മേഖലയിൽ ഏതാണ്ട് പൂർണ്ണമായി തന്നെ കോൺട്രാക്ട് ലേബർ സമ്പ്രദായം ആണ് നിലനില്ക്കുന്നത്. വൻകിട കോർപ്പറേറ്റ് കമ്പനികൾ ഏതുസമയത്തും തൊഴിലാളികളെ പിരിച്ചുവിടുന്നു. നിയമാനുസൃതമായി ലഭിക്കേണ്ട വേതനം, നിയമപരമായ ആനുകൂല്യങ്ങൾ, സാമൂഹ്യസുരക്ഷ ഇവയെല്ലാം ഇവർ തൊഴിലാളികൾക്ക് നിഷേധിക്കുന്നു. അതിനാൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കണമെങ്കിൽ ശക്തമായ നിയമനിർമ്മാണം കൂടിയേതീരൂ. നിലവിലെ കോൺട്രാക്ട് ലേബർ ആക്ട് ഇല്ലാതാക്കി പുതിയ ശക്തമായ നിയമം രാജ്യത്ത് കൊണ്ടുവരണമെന്ന് ബി.എം.എസ്. അഖിലേന്ത്യാ സംഘടനാസെക്രട്ടറി ബി. സുരേന്ദ്ര ആവശ്യപ്പെട്ടു. ഭാരതീയ പ്രൈവറ്റ് ടെലികോം മസ്ദൂർസംഘം സംസ്ഥാന പ്രതിനിധി സമ്മേളനം കോട്ടയത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ടെലികോം മേഖലയിലെ ഏതാണ്ട് 90% തൊഴിലാളികൾക്കും ഇന്ന് സാമൂഹ്യ സുരക്ഷിതത്വം നിഷേധിക്കപ്പെടുന്ന സ്ഥിതി സംജാതമായിരിക്കുന്നു. ആയതിനാൽ രാജ്യത്തെ മുഴുവൻ തൊഴിലാളികൾക്കും സാമൂഹ്യസുരക്ഷ ലഭ്യമാക്കുന്ന സാമൂഹ്യസുരക്ഷ കോഡ് 2020 നടപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് ബി.എം.എസ്. സംസ്ഥാനപ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ പറഞ്ഞു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് കെ.കെ. വിജയൻ അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. സംഘടനാസെക്രട്ടറി കെ. മഹേഷ്, കോട്ടയം ജില്ലാസെക്രട്ടറി എസ്.എസ്. ശ്രീനിവാസപിള്ള, യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി സിബി വർഗീസ്, സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് കെ.ജി. ശ്രീകാന്ത്, ഡെപ്യൂട്ടി ജനറൽസെക്രട്ടറി ജെ. ജയേഷ്, ട്രഷറർ കെ.പി. കലേഷ് എന്നിവർ സംസാരിച്ചു.

പുതിയ ഭാരവാഹികളായി സിബി വർഗീസ് ഇടുക്കി (പ്രസിഡന്റ്), കെ.ജി. ശ്രീകാന്ത് കോട്ടയം (വർക്കിംഗ് പ്രസിഡന്റ്), ജെ. ജയേഷ് ആലപ്പുഴ (ജനറൽസെക്രട്ടറി), കെ.പി. കലേഷ് കോട്ടയം (ട്രഷറർ) തുടങ്ങി 23 അംഗ ഭാരവാഹികളെ തിരഞ്ഞെടുത്തു.



**സിബി വർഗീസ്**
**പ്രസിഡന്റ്**



**കെ.ജി.ശ്രീകാന്ത്**
**വർക്കിങ് പ്രസിഡന്റ്**



**ജയേഷ്**
**ജനറൽ സെക്രട്ടറി**

# കെ.എസ്.ആർ.ടി.സി : എംപ്ലോയീസ് സംഘ് പ്രതിഷേധിച്ചു

**പാലക്കാട്:** കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് വിഷുവിനും പെരുന്നാളിനും ശമ്പളം നല്കാത്ത തൊഴിലാളി ദ്രോഹ ഭരണത്തിനെതിരെ കെ.എസ്.ടി. എംപ്ലോയീസ് സംഘ് പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പ്രതിഷേധിച്ചു. കെ.എസ്.ആർ.ടി.സി.യുടെ ചരിത്രത്തിലാദ്യമായി ഓണം ബോണസ് വരെ നിഷേധിച്ച സർക്കാർ വിഷുവിനും പെരുന്നാളിനും ശമ്പളവും നിഷേധിച്ചിരിക്കുകയാണെന്നും ഇത് ജീവനക്കാരോടുള്ള വെല്ലുവിളിയാണെന്നും പ്രതിഷേധം ഉദ്ഘാടനം ചെയ്ത് സംസ്ഥാനസെക്രട്ടറി പി.കെ. ബൈജു പറഞ്ഞു. നാട് മുഴുവൻ ഈസ്റ്ററും വിഷുവും പെരുന്നാളും ആഘോഷിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. ജീവനക്കാരന്റെ വീട്ടിൽമാത്രം അടുപ്പ് കത്തരുത്. എന്ന പിടിവാശിയാണ് ഇടതുസർക്കാരിന്. തൊഴിലാളിയെ പട്ടിണിക്കിട്ട് പരുവപ്പെടുത്തി സ്ഥാപനത്തിന്റെ കണ്ണായ ഭൂമി കച്ചവടം ചെയ്യാനുള്ള ശ്രമമാണ് നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കെ.എസ്.ആർ.ടി.സി. ജീവനക്കാരന്റെ ശമ്പളം തുടർച്ചയായി നിഷേധിക്കുന്ന തൊഴിലാളിവിരുദ്ധ ഫാസിസ്റ്റ് സമീപനം ജീവനക്കാരെയും പൊതുസമൂഹത്തെയും അണിനിരത്തി ചെറുത്തുതോല്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ. സുരേഷ്കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ടി.വി. രമേഷ്കുമാർ, കെ. സുധീഷ് എന്നിവർ സംസാരിച്ചു. പി. പ്രമോദ്, എൽ. മധു, നാഗനന്ദകുമാർ, പി. പ്രദീപ് കുമാർ, ശിവകുമാർ, എ. വിനോദ് എന്നിവർ പ്രകടനത്തിന് നേതൃത്വം നല്കി.



**ശമ്പള നിഷേധത്തിനെതിരെ കെ.എസ്.ടി.എംപ്ലോയീസ് സംഘിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ഡിപ്പോയിൽ നടത്തിയ പ്രതിഷേധ ധർണ്ണ സംസ്ഥാന സെക്രട്ടറി പി.കെ.ബൈജു ഉദ്ഘാടനം ചെയ്യുന്നു.**



**പി.ജെ.സനോജിത്തിനെ തൃശൂർ ശക്തൻ മാർക്കറ്റിലെ തൊഴിലാളികൾ ആദരിക്കുന്നു.**

# സനോജിത്തിനെ ആദരിച്ചു

**തൃശൂർ:** ലോക ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ മെഡലും മുംബയിൽ നടന്ന ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ച് വെങ്കലവും കരസ്ഥമാക്കിയ തൃശൂർ അഞ്ചേരി സ്വദേശി പറമ്പിൽ വീട്ടിൽ ജോൺസൺ മകൻ പി.ജെ. സനോജിത്തിനെ ശക്തൻ മാർക്കറ്റിലെ തൊഴിലാളികൾ ആദരിച്ചു.

ശക്തൻ പച്ചക്കറി മാർക്കറ്റിലെ ബി.എം.എസ്. തൊഴിലാളിയാണ് ജോൺസൺ. 19 രാജ്യങ്ങൾ പങ്കെടുത്ത ലോക വെയ്റ്റ് ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ സനോജിത്തിനെ ബി.എം.എസ്. ജില്ലാപ്രസിഡന്റ് കെ.വി. വിനോദ് ഉപഹാരം നല്കി ആദരിച്ചു. പൂൾ ലീഡർമാരായ പി.കെ. രാജു, ലിജോ സി.ജെ. എന്നിവർ ക്യാഷ് അവാർഡ് നല്കി. എം.എം. വത്സൻ, കെ.എ. മാത്യൂസ്, കെ.എം. ശിവദാസൻ, എം.കെ. ഗിരിജൻ, മഹേഷ് എന്നിവർ മെഡൽ ജേതാവിനെയും കുടുംബാംഗങ്ങളെയും പൊന്നാടയണിയിച്ച് ആദരിച്ചു. ബി.എം.എസ്. മേഖലാസെക്രട്ടറി ഗോപി കള്ളായി, സുധി അയ്യന്തോൾ, ഷിബിൻ എച്ച്, ഷൺമുഖൻ കെ., കെ. മുകേഷ് എന്നിവർ സംസാരിച്ചു. എം.കെ. ഗിരിജൻ അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ വിവിധ യൂണിയനുകളിലെ തൊഴിലാളികളും പങ്കെടുത്തു.




**ബി.എം.എസ്. പാലക്കാട് ജില്ലാ നേതൃ ശിബിരം സംസ്ഥാന പ്രസിഡന്റ് സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്യുന്നു.**

# അഴിമതിയും കെടുകാര്യസ്ഥതയും ജനജീവിതം താറുമാറാക്കി



കെ.വി. വിനോദ്
പ്രസിഡന്റ്



സേതു തിരുവെങ്കിടം
സെക്രട്ടറി



എ.എം.വിപിൻ.
ട്രഷറർ

**തൃശൂർ:** അഴിമതിയും ഭരണ കെടുകാര്യസ്ഥതയും കേരളത്തിലെ ജനജീവിതം താറുമാറാക്കിയെന്ന് ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ പറഞ്ഞു. ബി.എം. എസ്. തൃശൂർ ജില്ലാപ്രതിനിധി സമ്മേളനം കുന്നംകുളത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ സാമ്പത്തിക സാമൂഹ്യമേഖല അപ്പാടെ തകർന്നിരിക്കുകയാണ്. കേരളം ചരിത്രത്തിലെ ഏറ്റവും വലിയ കടക്കെണിയിൽപ്പെട്ടിരിക്കുകയാണ്. പണം കടമെടുക്കുന്നതാകട്ടെ സർക്കാരിന്റെ ദൈനംദിന ചെലവുകൾ നടത്താനാണ്. ഉല്പാദനക്ഷമമായ കാര്യങ്ങൾക്ക് മുടക്കാൻ സർക്കാരിന്റെ പക്കൽ പണമില്ല. ഇത് സംസ്ഥാനത്തിന്റെ പുരോഗതിയെ സാരമായി ബാധിക്കുന്നു. ഇതുമൂലമുണ്ടാകുന്ന അനിശ്ചിതാവസ്ഥ ഏറ്റവും കൂടുതൽ ബാധിക്കുന്നത് തൊഴിൽമേഖലയെയാണ്. ഓരോ ദിവസവും പുറത്തുവരുന്നത് പുതിയ പുതിയ അഴിമതികളാണ്. ഏതു കരാറിൽ സർക്കാർ ഒപ്പുവെച്ചാലും അതിൽ അഴിമതി തെളിഞ്ഞുവരുന്ന നിർഭാഗ്യകരമായ സാഹചര്യമാണ്. കേരളത്തിന്റെ സാമൂഹിക അന്തരീക്ഷത്തെയാകെ തകർക്കും വിധമുള്ള വർഗീയ ചേരിതിരിവിനും തീവ്രവാദികൾക്ക് ചൂട്ടുപിടിക്കാനുമാണ് സർക്കാരും പാർട്ടിയും ശ്രമിക്കുന്നത്. ലക്ഷക്കണക്കിന് തൊഴിലാളികൾ നേരിടുന്ന ദുരവസ്ഥ കാണാൻ സി.ഐ.ടി.യു. വിനും താല്പര്യമില്ലാതായി. 12 മണിക്കൂർ ജോലിസമയം വർദ്ധിപ്പിച്ചും ചെയ്ത ജോലിക്ക് കൂലി കൊടുക്കാതെയും തോട്ടംമേഖയിൽ തൊഴിലാളിക്ക് മിനിമം വേതനം കൊടുക്കാതെയും ചോർന്നൊലിക്കുന്ന ലയങ്ങളെ അവഗണിച്ചും അവർ മുന്നോട്ട് പോവുകയാണ്. വ്യവസായ സൗഹൃദ അന്തരീക്ഷത്തിൽ സംസ്ഥാനം രാജ്യത്തെ ഏറ്റവും പിന്നോക്ക അവസ്ഥയിലെത്തിയിട്ടും കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു.

രൂക്ഷമായ വിലവർദ്ധനവിൽ തൊഴിലാളികൾ നട്ടംതിരിയുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ പോലും കൃത്യമായി കൊടുക്കാൻ സർക്കാരിന് കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ശക്തമായ സമരമാർഗ്ഗം അവലംബിക്കാൻ ബി.എം. എസ്. നിർബന്ധിതമാവുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നല്കി. ജില്ലാ പ്രസിഡന്റ് എം.കെ. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ദേശീയ സെക്രട്ടറി വി. രാധാകൃഷ്ണൻ, സംസ്ഥാന ജനറൽസെക്രട്ടറി ജി. കെ. അജിത്ത്, സംഘടനാസെക്രട്ടറി കെ. മഹേഷ്, സംസ്ഥാന ട്രഷറർ സി. ബാലചന്ദ്രൻ, ടി.സി. സേതുമാധവൻ, എ.സി. കൃഷ്ണൻ, സേതു തിരുവെങ്കിടം, ആനന്ദൻ, പ്രസര വാസവൻ, ദീപാ രാജേന്ദ്രൻ, കെ.കെ. തിലകൻ, സി.കെ. പ്രദീപ്, കെ.വി. വിനോദ് തുടങ്ങിയവർ പ്രസംഗിച്ചു.

പുതിയ ഭാരവാഹികൾ:

പ്രസിഡന്റ് – കെ.വി. വിനോദ്. വൈസ്പ്രസിഡന്റുമാർ – (1) കെ. ആർ. സന്തോഷ് (2) കെ.ബി. ജയശങ്കർ (3) സി.കെ. പ്രദീപ് (4) എം. എസ്. സുനിൽ (5) ദീപാ രാജേന്ദ്രൻ. സെക്രട്ടറി – സേതു തിരുവെങ്കിടം. ജോയിന്റ് സെക്രട്ടറിമാർ – (1) അഡ്വ. പ്രസര വാസവൻ (2) കെ. ഹരീഷ് (3) കെ.ജെ. ജിജേഷ് കുമാർ (4) സി. രാജേഷ് (പോസ്റ്റൽ) (5) ബിജു കാവിലക്കാട്. ട്രഷർ – എ.എം. വിപിൻ.

# വേതനത്തിന്റെ കാര്യത്തിൽ കാലാനുസൃതമായ മാറ്റംവേണം

**കാസർഗോഡ്:** ഭാരതം സാമ്പത്തികരംഗത്ത് വൻശക്തിയായി വളരുന്നതോടൊപ്പം തൊഴിലാളികളുടെ ജീവിതനിലവാരവും ഉയരേണ്ടതുണ്ടെന്നും വേതനത്തിന്റെ കാര്യത്തിൽ കാലാനുസൃതമായ മാറ്റം അനിവാര്യമാണെന്നും ബി.എം.എസ്. സംസ്ഥാനസെക്രട്ടറി അഡ്വ. പി. മുരളീധരൻ അഭിപ്രായപ്പെട്ടു. അതുകൊണ്ടാണ് മിനിമം വേതനത്തിനുപകരം ലിവിംഗ് വേതനം നടപ്പാക്കണമെന്ന് ബി.എം.എസ്. ദേശീയ സമ്മേളനം ആവശ്യപ്പെടുന്നതെന്നും ബി.എം.എസ്. കാസർഗോഡ് ജില്ലാ പ്രവർത്തക സമിതിയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു

ജില്ലാപ്രസിഡന്റ് വി.വി. ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാസെക്രട്ടറി ഗോവിന്ദൻ മടിക്കൈ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാഭാരവാഹികളായ ശ്രീനിവാസൻ, കെ.വി. ബാബു, ദിനേശ്, സത്യനാഥ്, അനിൽ ബി. നായർ എന്നിവർ സംസാരിച്ചു.

കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ലിഫ്റ്റ് തകരാറിലായതിനാൽ രോഗികളെ സഹായിച്ച ബി.എം.എസ്. തൊഴിലാളികളായ ശ്രീധരൻ, നാഗേഷ്, അനിൽ, നാരായണ, പ്രദീപ്, രാജേഷ് എന്നിവരെ യോഗം ആദരിച്ചു.

# കർഷക തൊഴിലാളിസംഘ് ജില്ലാസമ്മേളനം

**കണ്ണൂർ:** കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ് നേരിട്ട് വിതരണം ചെയ്യണമെന്നു കർഷക തൊഴിലാളി ഫെഡറേഷൻ ജനറൽസെക്രട്ടറി കെ.ബി. സത്യനാഥ് സർക്കാരിനോട് ആവശ്യപ്പെട്ടു. കണ്ണൂർ മസ്ദൂർഭവനിൽ ജില്ലാവാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



കർഷക തൊഴിലാളി സംഘം കണ്ണൂർ ജില്ലാ സമ്മേളനം ഫെഡറേഷൻ ജനറൽ സെക്രട്ടറി കെ.ബി.സത്യനാഥ് ഉദ്ഘാടനം ചെയ്യുന്നു.

യൂണിയൻ ജനറൽസെക്രട്ടറി വനജ രാഘവൻ സ്വാഗതം പറഞ്ഞു. എ. ദയാറാണി അദ്ധ്യക്ഷത വഹിച്ചു. പി.വി. പുരുഷോത്തമൻ, പി.കെ. രാജൻ എന്നിവർ പ്രസംഗിച്ചു. ബി.എം.എസ്. ജില്ലാസെക്രട്ടറി എം. വേണുഗോപാൽ സമാപനപ്രസംഗം നടത്തി. ഷീബ ചാവശ്ശേരി നന്ദി പറഞ്ഞു. പുതിയ ഭാരവാഹികളായി എ. ദയാറാണി (പ്രസിഡന്റ്), വനജ രാഘവൻ (ജനറൽസെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

# വയോജന വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കണം

**നാഗ്പൂർ** : വനിതകളായ വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ പ്രത്യേകം നടപടികൾ സ്വീകരിക്കണമെന്ന് ബി.എം.എസ്. ദേശീയ ഉപാദ്ധ്യക്ഷ ശ്രീമതി ഗീത തായ്ചൌബ്ബെ പ്രസ്താവിച്ചു. സമൂഹത്തിൽ മറ്റുള്ളവരിൽനിന്നും വ്യത്യസ്തമായി വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഈ ജനവിഭാഗത്തെ മുന്നോട്ട് കൊണ്ടുപോകേണ്ടത് നാടിന്റെ കടമയാണെന്നും അവർ ചൂണ്ടിക്കാട്ടി. നാഗപ്പൂരിൽ നടക്കുന്ന വരിഷ്ഠ നാഗരിക് പരിസംഘിന്റെ ദേശീയ പ്രവർത്തകയോഗത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അവർ.

വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള പ്രവർത്തകസമിതി അംഗങ്ങൾ സംഘടനാചർച്ചയിലും കാര്യപരിപാടികളിലും പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. കേരളത്തിൽനിന്നും സി. മന്മഥൻപിള്ള (ദേശീയ ജനറൽസെക്രട്ടറി പോസ്റ്റൽ പെൻഷനേഴ്സ് സംഘ്) വി. സുധാകരൻ മേജർ പോർട്ട് & ഡോക് പെൻഷനേഴ്സ് സംഘ്) കെ.വി. അച്യുതൻ (ജനറൽസെക്രട്ടറി സീനിയർ സിറ്റിസൺസ് സംഘ്) എന്നിവർ സംസാരിച്ചു.

രാജ്യം നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ സുനിൽ.ജി (പൂന), രവി രാമൻ (മുംബൈ), വിവേക് ജി. ദേശ്പാണ്ഡെ (വിദർഭ) എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

വയോജനങ്ങളുടെ റെയിൽവേ കൺസഷൻ സംബന്ധമായി കേന്ദ്രനേതൃത്വം റെയിൽവേ മന്ത്രിയെ കണ്ട് നിവേദനം കൊടുത്ത് ചർച്ച നടത്തിയെന്നും ഉടൻ പരിഹാരം കാണുമെന്നും ദേശീയ ജനറൽസെക്രട്ടറി വസന്ത് റാവു പിമ്പിലാപൂർ സമ്മേളനത്തിൽ അറിയിച്ചു. മുഴുവൻ സംസ്ഥാനങ്ങളിലും സ്റ്റാറ്റ്യൂട്ടറി പെൻഷൻ നടപ്പിലാക്കുന്നതിനായി പ്രക്ഷോഭപരിപാടികൾ ആരംഭിക്കുവാൻ യോഗത്തിൽ തീരുമാനമുണ്ടായി.



**ഷിപ്പ്യാർഡ് എംപ്ലോയീസ് സംഘ് സമർപ്പണ നിധി യൂണിയൻ ട്രഷറർ രഞ്ജിത്തിൽ നിന്നും ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറി വി.കെ.അനികുമാർ സ്വീകരിക്കുന്നു.**

# ഭാരതീയ പ്രൈവറ്റ് ടെലികോം മസ്ദൂർസംഘ് സംസ്ഥാന പഠനശിബിരം

**കൽപ്പറ്റ** : ഭാരതീയ പ്രൈവറ്റ് ടെലികോം മസ്ദൂർസംഘ് സംസ്ഥാന പഠനശിബിരം 2023 മാർച്ച് 11, 12 തീയതികളിൽ വയനാട് ജില്ലയിലെ കല്പറ്റയിൽവെച്ച് നടന്നു.

ബി.പി.ടി.എം. എസ്. സംസ്ഥാന പ്രസിഡന്റ് കെ.കെ. വിജയൻ അദ്ധ്യക്ഷത വഹിച്ചു. ബി.പി.ടി.എം.എസ്. സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജയേഷ് ജെ. സ്വാഗതം ആശംസിച്ചു. ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്തു.

വിവിധ കാലാംശങ്ങളിൽ ഇ.എസ്.ഐ., പി.എഫ്. എന്നീ പദ്ധതികളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും ബി.എം.എസ്. ദേശീയസെക്രട്ടറി വി. രാധാകൃഷ്ണൻ സംസാരിക്കുകയും സംശയനിവാരണം നടത്തുകയും ചെയ്തു.

ബി.എം.എസ്. ദക്ഷിണ ക്ഷേത്രീയ സഹസംഘടന സെക്രട്ടറി എം.പി. രാജീവൻ മുഖ്യപ്രഭാഷണം നടത്തി. സംഘടന വികാസവും ദൃഢീകരണവും എന്ന വിഷയത്തെക്കുറിച്ചു ബി.പി.ടി.എം.എസ്. സംസ്ഥാന ജനറൽസെക്രട്ടറി സിബി വർഗീസ് സംസാരിച്ചു. ബി.എം.എസ്. സംസ്ഥാന സംഘടനാസെക്രട്ടറി കെ. മഹേഷ് സമാരോപ് പ്രഭാഷണം നടത്തി. ബി.പി.ടി.എം.എസ്. വയനാട് ജില്ല വർക്കിംഗ് പ്രസിഡന്റ് പ്രദീപ്കുമാർ നന്ദി രേഖപ്പെടുത്തി.

# ഷോപ്സ് & കൊമേഴ്സ്യൽ മേഖലയിലെ ക്ഷേമബോർഡ് കാര്യക്ഷമമാക്കണം

പാലക്കാട്: കേരളത്തിൽ 35 ലക്ഷത്തോളം ജോലി ചെയ്തുവരുന്ന ഷോപ്സ് & കൊമേഴ്സ്യൽ മേഖലയിൽ തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡ് കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന് ബി.എം.എസ്. ജില്ലാസെക്രട്ടറി വി. രാജേഷ്, പാലക്കാട് ജില്ലാ വാണിജ്യ വ്യവസായ മസ്ദൂർസംഘം ജില്ലാസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സർക്കാരിനോടാവശ്യപ്പെട്ടു.

യൂണിയൻ ജില്ലാപ്രസിഡന്റ് ടി. കുമരേശന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ആർ. സുരേഷ്, വി. ശിവദാസ്, പി. പ്രദീപ്, കെ. സന്തോഷ്, സി.പി. സുനിൽ എന്നിവർ സംസാരിച്ചു.

പുതിയ ഭാരവാഹികളായി ടി. കുമരേശൻ പ്രസിഡന്റായും പി. ശശികുമാർ, വി. അജിത്ത്കുമാർ, സി.സി. ചെന്താമന, കെ. പ്രദീപ് വൈസ്പ്രസിഡന്റുമാരായും ആർ. സുരേഷ് ജനറൽസെക്രട്ടറിയായും, ആർ. ഉണ്ണികൃഷ്ണൻ, ഇ.പി. സുനിൽ, കെ. സന്തോഷ് ജോയിന്റ് സെക്രട്ടറിമാരായും എം. രാജരാജൻ ഖജാൻജിയായും സമ്മേളനം തിരഞ്ഞെടുത്തു.

# വാർഷികസമ്മേളനം

പത്തനംതിട്ട: കേരളത്തിലെ ലക്ഷക്കണക്കിന് തയ്യൽ ക്ഷേമനിധി അംഗങ്ങളുടെ ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്ന് തയ്യൽ മസ്ദൂർ ഫെഡറേഷൻ ജനറൽസെക്രട്ടറി കെ. ജയൻ ആവശ്യപ്പെട്ടു. ആൾ കേരള മലയോര തയ്യൽതൊഴിലാളി അസോസിയേഷൻ പത്തനംതിട്ട ജില്ലാ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യൂണിയൻ പ്രസിഡന്റ് എം.കെ. അരവിന്ദൻ അദ്ധ്യക്ഷത വഹിച്ചു. എ.കെ. ഗിരീഷ്, സോണി സത്യൻ, എ.എസ്. രഘുനാഥ്, പി.എസ്. ശശി, ലേഖ, സന്തോഷ്, കൃഷ്ണകുമാരി തുടങ്ങിയവർ പ്രസംഗിച്ചു. ഭാരവാഹികളായി കൃഷ്ണകുമാരി പി. പിള്ള (പ്രസിഡന്റ്), പി.എസ്. ശശി (ജനറൽസെക്രട്ടറി), ലേഖ സന്തോഷ് (ട്രഷറർ) എന്നിവരെ സമ്മേളനം തെരഞ്ഞെടുത്തു.

# തയ്യൽതൊഴിലാളിസംഘം ജില്ലാവാർഷികസമ്മേളനം

**താനൂർ**: തയ്യൽതൊഴിലാളി സംഘം മലപ്പുറം ജില്ലാവാർഷിക സമ്മേളനം താനൂർ വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ നടന്നു. വാർഷികസമ്മേളനത്തിൽ തയ്യൽ, പെൻഷൻപ്രായത്തിലും ഉപജീവനമാക്കി തുടരുന്നവരെയും തയ്യലിലൂടെ മികവുറ്റ രീതിയിൽ ഉപജീവനം തുടരുന്നവരെയും തൊഴിൽ ശ്രേഷ്ഠപുരസ്കാരം നല്കി ആദരിച്ചു. തയ്യൽ മസ്ദൂർ ഫെഡറേഷൻ ജനറൽസെക്രട്ടറി കെ. ജയൻ ഉദ്ഘാടനം ചെയ്തു. ജില്ലാ തയ്യൽതൊഴിലാളി സംഘം പ്രസിഡന്റ് സ്മിതാ ബാലൻ, സെക്രട്ടറി മോഹനൻ പുത്രാട്ടിൽ, ബി.എം.എസ്. ജില്ലാസെക്രട്ടറി സതീഷ്, ദേവു ഉണ്ണി എന്നിവർ പങ്കെടുത്തു.

കെ.കെ. ഉണ്ണികൃഷ്ണൻ നിറമരുതൂർ, സുശീല ടി.വി. ചാമരം കാട്ടിലങ്ങാടി, നന്ദിതാ ഗോപി കാട്ടിലങ്ങാടി, സൗഗന്ധി തേഞ്ഞിപ്പാലം, ശ്രീനാരായണൻ ചെമ്മാട് എന്നിവർ തൊഴിൽ ശ്രേഷ്ഠ പുരസ്കാരം കരസ്ഥമാക്കി. തിരൂരിലെ തയ്യൽതൊഴിലാളി ജിഷയുടെ മകൾ സ്നേഹ എന്ന മ്യൂസിക്കൽ (വോക്കൽ) റാങ്ക് ജേതാവിനെയും ആദരിച്ചു.

**കോഴിക്കോട്**

കേരള തയ്യൽതൊഴിലാളി സംഘം കോഴിക്കോട് ജില്ലാവാർഷിക പ്രതിനിധി സമ്മേളനം മാനാഞ്ചിറ സ്പോർട്സ് കൗൺസിലിൽ വെച്ച് നടന്നു. അംശാദായം കൃത്യമായി അടച്ചിട്ടും ആനുകൂല്യങ്ങളും പെൻഷനും കൃത്യമായി കൊടുക്കാൻ ക്ഷേമബോർഡ് തയ്യാറാകുന്നില്ല. കേരളസർക്കാർ ഈ ബോർഡ് പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നില്ല എന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് തയ്യൽതൊഴിലാളി സംസ്ഥാന ഫെഡറേഷൻ പ്രസിഡന്റ് ശ്രീമതി സോണി സത്യൻ പറഞ്ഞു. ശ്രീമതി അനിത ഹരിദാസ് അദ്ധ്യക്ഷത വഹിച്ചു. സിന്ധു അശോക് സ്വാഗതം പറഞ്ഞു. കെ.പി. പ്രകാശൻ, പി. രവീന്ദ്രൻ, എ. ശശീന്ദ്രൻ, ടി.എം. പ്രശാന്ത് എന്നിവർ സംസാരിച്ചു. സമാരോപ് ഭാഷണം കെ. സുരേഷ് കുമാറും നന്ദി ബിന കടമേരിയും രേഖപ്പെടുത്തി

ജില്ലാ പ്രസിഡന്റായി റീന സഹദേവനേയും ജനറൽസെക്രട്ടറിയായി ടി.എം. പ്രശാന്തിനേയും തിരഞ്ഞെടുത്തു.




**കേരള തയ്യൽ തൊഴിലാളി സംഘം കോഴിക്കോട് ജില്ലാ വാർഷിക പ്രതിനിധി സമ്മേളനം ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് സോണി സത്യൻ ഉദ്ഘാടനം ചെയ്യുന്നു.**




**കേരള കൺസ്ട്രക്ഷൻ മസ്ദൂർ സംഘ് പത്തനംതിട്ട ജില്ലാ വാർഷിക സമ്മേളനം ഫെഡറേഷൻ വൈസ്പ്രസിഡന്റ് ബിനീഷ് ബോയ് ഉദ്ഘാടനം ചെയ്യുന്നു.**

# കൺസ്ട്രക്ഷൻ മസദൂർ സംഘ് വാർഷിക സമ്മേളനം

**പത്തനംതിട്ട:** നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സംസ്ഥാന സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കേരള കൺസ്ട്രക്ഷൻ മസ്ദൂർ സംഘ് ജില്ലാ വാർഷിക സമ്മേളനം ആവശ്യപ്പെട്ടു. നിർമ്മാണരംഗത്തെ അസംസ്കൃത വസ്തുക്കളുടെ വിലയിൽ ഉണ്ടായ വർദ്ധനവ് മൂലം നിർമ്മാണ മേഖല സ്തംഭനാവസ്ഥയിൽ ആണ്. ഈ സാഹചര്യംമൂലം തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ കുറയുകയും സർക്കാരിന് ലഭിക്കേണ്ട റവന്യു വരുമാനത്തിൽ കുറവ് വരുകയും ചെയ്യുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിൽ ലഭ്യതയുള്ള മേഖല നിർമ്മാണ മേഖല ആണെന്നിരിക്കെ നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിലും തൊഴിൽലഭ്യത ഉറപ്പ് വരുത്തുന്നതിനും സാധിച്ചില്ല എങ്കിൽ ആയതിന്റെ പ്രത്യാഘാതം മറ്റ് തൊഴിൽ മേഖലകളിലും അനുഭവപ്പെടും. ക്വാറി ഉല്പന്നങ്ങളുടെ വില നിയന്ത്രിക്കുവാൻ സർക്കാർ നിയന്ത്രണത്തിൽ സമിതി രൂപീകരിക്കുകയും ഡാമുകളിൽ അടിഞ്ഞുകിടക്കുന്ന മണൽ സർക്കാർ നിയന്ത്രണത്തിൽ ശേഖരിച്ച് നിർമ്മാണ ആവശ്യങ്ങൾക്ക് വിതരണം ചെയ്യുകയും സംസ്ഥാനത്തെ പൊതുമേഖല സിമന്റ് കമ്പനികൾ ഉല്പാദിപ്പിക്കുന്ന സിമന്റ് ചുരുങ്ങിയ വിലയ്ക്ക് നിർമ്മാണപ്രവർത്തനം നടത്തുന്ന സാധാരണക്കാർക്ക് വിതരണം ചെയ്യുവാൻ സാധിക്കണമെന്നും ജില്ലാ വാർഷികസമ്മേളനം ആവശ്യപ്പെട്ടു.

നിർമ്മാണ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന വൈസ്പ്രസിഡന്റ് ബിനീഷ് ബോയ് വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. യൂണിയൻ ജില്ലാപ്രസിഡന്റ് പി.ജി. ഹരികുമാർ അദ്ധ്യക്ഷത വഹിച്ചു. യൂണിയൻ ജനറൽസെക്രട്ടറി എ.എസ്. രഘുനാഥൻ, ജില്ലാ ഉപാദ്ധ്യക്ഷ സരളാദേവി, യൂണിയൻ ഭാരവാഹികളായ സജികുമാർ, സി.ആർ. അനിൽകുമാർ, രത്നകുമാർ, പി.കെ. ചന്ദ്രൻ എന്നിവർ സമ്മേളനത്തിൽ സംസാരിച്ചു. ബി.എം.എസ്. ജില്ലാസെക്രട്ടറി എ.കെ. ഗിരീഷ് സമാപന പ്രഭാഷണം നടത്തി.

യൂണിയൻ ഭാരവാഹികളായി അജിത്കുമാർ (പ്രസിഡന്റ്), എ.എസ്. രഘുനാഥൻ (ജനറൽസെക്രട്ടറി), സജികുമാർ കുളനട (ഖജാൻജി) എന്നിവരെ തിരഞ്ഞെടുത്തു.

**ആലപ്പുഴ**

കൺസ്ട്രക്ഷൻ ആന്റ് ജനറൽ മസ്ദൂർസംഘ് ആലപ്പുഴ ജില്ലാ വാർഷിക സമ്മേളനം നിർമ്മാണ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന ഖജാൻജി കെ. ജയൻ ഉദ്ഘാടനം ചെയ്തു.

യൂണിയൻ ജില്ലാപ്രസിഡന്റ് ബിനീഷ് ബോയി, യൂണിയൻ ജനറൽസെക്രട്ടറി എം. സന്തോഷ്, ബി. എം.എസ്. ആലപ്പുഴ ജില്ലാപ്രസിഡന്റ് ബി. രാജശേഖരൻ, ജില്ലാ ഉപാദ്ധ്യക്ഷന്മാരായ കെ. സദാശിവൻ പിള്ള, സി. ഗോപകുമാർ, യൂണിയൻ ഭാരവാഹികളായ വി. ശാന്ത ജി. കുറുപ്പ്, വി.എസ്. നടരാജൻ, പി. ദിനുമോൻ, കെ.കെ. സുരേഷ്, എ.കെ. സിനേഷ്, പി.വി. ഷീന, എസ്. ബാബു, കെ. മനോഹരൻ എന്നിവർ സമ്മേളനത്തിൽ സംസാരിച്ചു.

# സംസ്ഥാനസർക്കാർ തൊഴിലാളി വഞ്ചന അവസാനിപ്പിക്കണം

**കോഴിക്കോട്:** തൊഴിലാളികളോടുള്ള വിവേചനം അവസാനിപ്പിക്കണമെന്നും നിർമ്മണതൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് സംവിധാനം നടപ്പിലാക്കണമെന്നും നിർമ്മാണതൊഴിലാളി ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സലീം തെന്നിലാപുരം ആവശ്യപ്പെട്ടു.

നിർമ്മാണതൊഴിലാളി സംഘം 39-ാം ജില്ലാ വാർഷികപ്രതിനിധി സമ്മേളനം നളന്ദ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമ്മാണതൊഴിലാളിസംഘം ജില്ലാ ജോയിന്റ് സെക്രട്ടറി സി.പി. ദിലീപ് സ്വാഗതം പറഞ്ഞു. യൂണിയൻ പ്രസിഡന്റ് എൽ.വി. മനോജ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാജോയിന്റ് സെക്രട്ടറി ജിജേഷ് ലാൽ നന്ദി രേഖപ്പെടുത്തി.

ബി.എം.എസ്. ജില്ലാസെക്രട്ടറി ടി.എം. പ്രശാന്ത്, അഡ്വ. പി. പ്രമീള, എ.എം. പ്രേമരാജൻ, പി. രവീന്ദ്രൻ, കെ.എൻ. സുരേഷ് കുമാർ, രവി എരഞ്ഞിക്കൽ എന്നിവർ സംസാരിച്ചു.

യൂണിയൻ ജനറൽസെക്രട്ടറി സി.പി. രാജേഷ് റിപ്പോർട്ടും ട്രഷറർ എടക്കാട് ഷാജി വരവ്-ചെലവ് കണക്കും അവതരിപ്പിച്ചു.

**ഭാരവാഹികൾ:**

പ്രസിഡന്റ് - എൽ.വി. മനോജ്, വൈസ്പ്രസിഡന്റുമാർ: ബാലകൃഷ്ണൻ മുക്കം, കെ. ജയപ്രകാശൻ, കെ.കെ. രാഗേഷ്, സി.കെ. കൃഷ്ണദാസ്, ഹരിദാസൻ പി., സി.പി. ദിലീപ്, എ.കെ. ഉഷ, ജനറൽസെക്രട്ടറി സി.പി. രാജേഷ്. സെക്രട്ടറിമാർ: സുധീഷ് മരക്കാട്ട്, എൻ.കെ. രാജേഷ്, പി. ജിജേഷ് ലാൽ, പ്രജിത്ത് ഓർക്കാട്ടേരി, പി. സജീവൻ, ട്രഷറർ എടക്കാട് ഷാജി.




**നിർമ്മാണ തൊഴിലാളി സംഘം കോഴിക്കോട് ജില്ലാ വാർഷിക സമ്മേളനം ഫെഡറേഷൻ ജനറൽ സെക്രട്ടറി സലീം തെന്നിലാപുരം ഉദ്ഘാടനം ചെയ്യുന്നു.**

# വില്ലേജ് ഓഫീസ് ധർണ്ണ നടത്തി

**പാലക്കാട്:** നിർമ്മാണ തൊഴിലാളികളുടെ പെൻഷനും മറ്റു ആനുകൂല്യങ്ങളും കവർന്നെടുക്കുന്ന ഇടതുപക്ഷ സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ കേരളത്തിലുടനീളം നടക്കുന്ന സമരത്തിന്റെ ഭാഗമായി ബി.എം.എസ്. പാലക്കാട് ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാലക്കാട് മുൻസിപ്പാലിറ്റിയിലെ കൊപ്പം വില്ലേജ് ഓഫീസിനുമുന്നിൽ നടത്തിയ ധർണ്ണാസമരം യൂണിയൻ ജില്ലാപ്രസിഡന്റ് വി. ശിവദാസ് ഉദ്ഘാടനം ചെയ്തു. വി. ദണ്ഡപാണി അദ്ധ്യക്ഷത വഹിച്ചു. മേഖലാ സെക്രട്ടറി വി.ശരത്, ബി. വിജയരംഗ, ഗുരുവായൂർകുട്ടി, മണി, ദാസൂട്ടി എന്നിവർ പങ്കെടുത്തു സംസാരിച്ചു.

# പ്ലാന്റേഷൻ മസ്ദൂർ സംഘം വാർഷിക സമ്മേളനം

**പത്തനംതിട്ട:** തോട്ടംതൊഴിലാളികളുടെ ശമ്പള പരിഷ്കരണം ഉടൻ നടപ്പിലാക്കണമെന്ന് ഈസ്റ്റേൺ പ്ലാന്റേഷൻ മസ്ദൂർസംഘം വാർഷികസമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു. കേരളത്തിലെ റബ്ബർ, തേയില, കാപ്പി, ഏലം മേഖലയിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ ശമ്പള കരാറിന്റെ കാലാവധി കഴിഞ്ഞിട്ട് 16 മാസങ്ങൾ പിന്നിട്ടിരിക്കുന്നു. നാളിതുവരെ 8 ഓളം പി.എൽ.സി. യോഗങ്ങൾ നടന്നുവെങ്കിലും തോട്ടം ഉടമകളുടെ നിഷേധ നിലപാടും സംസ്ഥാനസർക്കാരിന്റെ നിഷ്ക്രിയ നയവും മൂലം ഇത് സംബന്ധിച്ച് തീരുമാനമായില്ല. തോട്ടം ഉടമകളുടെ ഭാഗത്തുനിന്ന്കൊണ്ട് മാനേജ്മെന്റിന് നിരവധി കാര്യങ്ങൾ ചെയ്തുകൊടുത്ത പിണറായി സർക്കാർ തോട്ടംതൊഴിലാളികളെ വഞ്ചിക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. തോട്ടം തൊഴിലാളികൾക്ക് വാസയോഗ്യമായ വീട് നിർമ്മിച്ചുനല്കുന്ന കാര്യത്തിലും മറ്റ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിലും ഉടമകളുടെ സംഘടനയായ എ.പി.കെ.യും കേരളാസർക്കാരും തൊഴിലാളി വിരുദ്ധ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ആയതിനാൽ തോട്ടംതൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് മുഖ്യമന്ത്രി ഇടപെട്ട് അടിയന്തിരപരിഹാരം കാണണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

യൂണിയൻ പ്രസിഡന്റ് കെ. എൻ. സതീഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം പ്ലാന്റേഷൻ മഹാസംഘ് ദേശീയ ജനറൽസെക്രട്ടറി എൻ.ബി. ശശിധരൻ ഉദ്ഘാടനം ചെയ്തു. ബി.എം. എസ്. ജില്ലാപ്രസിഡന്റ് എം.കെ. അരവിന്ദൻ, ജില്ലാസെക്രട്ടറി എ. കെ. ഗിരീഷ്, ഫെഡറേഷൻ വൈസ്പ്രസിഡന്റ് എ.എസ്. രഘുനാഥ്, ബി.എം.എസ്. ജില്ലാവൈസ്പ്രസിഡന്റ് പി.എസ്. ശശി, യൂണിയൻ ജനറൽസെക്രട്ടറി പി.ജി. ഹരികുമാർ എന്നിവർ സംസാരിച്ചു. പുതിയ ഭാരവാഹികളായി കെ. എൻ. സതീഷ്കുമാർ-പ്രസിഡന്റ്, പി.ജി. ഹരികുമാർ-സെക്രട്ടറി, സുരേഷ്ബാബു-ഖജാൻജി എന്നിവരെ തിരഞ്ഞെടുത്തു.




**കോഴിക്കോട് ബി.എം.എസ്. ഓഫീസിൽ നടന്ന ഏഷ്യാനെറ്റ് എംപ്ലോയീസ് സംഘ് റീജിയണൽ സമ്മേളനം**

# ചുമട്ടുതൊഴിലാളി നിയമം ഭേദഗതി ചെയ്യണം

**കോഴിക്കോട്:** നിയമത്തിന്റെ അപൂർണത കാരണം ചുമട്ടുതൊഴിൽ അനുദിനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കാൻ ചുമട്ടുതൊഴിലാളി നിയമം ഭേദഗതി ചെയ്യണമെന്നും കേരള പ്രദേശ് ഹെഡ് ലോഡ് ആൻഡ് ജനറൽ മസ്ദൂർ ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി എൻ.വി. രാജേഷ് പറഞ്ഞു.

കോഴിക്കോട് ജില്ലാ ചുമട് മസ്ദൂർസംഘം വാർഷിക പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യൂണിയൻ ജില്ലാപ്രസിഡന്റ് സുനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. ജനറൽസെക്രട്ടറി പി. പരമേശ്വരൻ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ കെ.പി. രാജഗോപാൽ സാമ്പത്തിക റിപ്പോർട്ട് അവതരിപ്പിച്ചു. ബി.എം.എസ്. ജില്ലാസെക്രട്ടറി ടി.എം. പ്രശാന്ത്, കെ.പി. പ്രകാശൻ, പി. രവീന്ദ്രൻ, രവി എരഞ്ഞിക്കൽ എന്നിവർ സംസാരിച്ചു. പി. ദയാധരൻ നന്ദി പറഞ്ഞു.

**ഭാരവാഹികൾ**

പ്രസിഡന്റ് : പി.എൻ. സുനിൽകുമാർ, വൈസ്പ്രസിഡന്റ്മാർ : എ.സി. വിനോദൻ, കൂട്ടായി, കെ.പി. സജീന്ദ്രൻ, ടി.എം. .ഷാജു, കെ.പി. സുനിൽകുമാർ, ഷിജു. ജനറൽസെക്രട്ടറി : പി. പരമേശ്വരൻ, സെക്രട്ടറിമാർ : പി. ധയാധരൻ, ഇ. രതീഷ് ബാബു, എൻ. ശ്രീധരൻ, കെ.കെ. രൂപേഷ്, സി.കെ. മധു, ട്രഷറർ: കെ.പി. രാജഗോപാൽ.




**കോഴിക്കോട് ജില്ലാ ചുമട് മസ്ദൂർ സംഘം വാർഷിക സമ്മേളനം ഫെഡറേഷൻ സെക്രട്ടറി എൻ.വി.രാജേഷ് ഉദ്ഘാടനം ചെയ്യുന്നു.**

# തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തണം

**കണ്ണൂർ:** കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന ചുമട്ട് തൊഴിലാളികളുടെ ജോലി ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാർ നിയമനിർമ്മാണം നടത്തണമെന്ന് കേരള പ്രദേശ് ഹെഡ്ലോഡ് ആൻഡ് ജനറൽ മസ്ദൂർ ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി ശ്രീനിവാസൻ കാസർഗോഡ് ആവശ്യപ്പെട്ടു. കണ്ണൂർ ജില്ലാ ചുമട് മസ്ദൂർസംഘം ജില്ലാ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

യൂണിയൻ ജനറൽസെക്രട്ടറി കെ,പി. ജ്യോതിർമനോജ് സ്വാഗതം പറഞ്ഞു. ബി.എം.എസ്. ജില്ലാപ്രസിഡന്റ് സി.വി. തമ്പാൻ അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാ വൈസ്പ്രസിഡന്റ്മാരായ പി. കൃഷ്ണൻ, അഡ്വ. കെ.പി. സുരേഷ്കുമാർ എന്നിവർ ആശംസാപ്രസംഗം നടത്തി. ശൈലേഷ് നന്ദിയും പറഞ്ഞു.

പുതിയ വർഷത്തെ ഭാരവാഹികളായി സി.വി. തമ്പാൻ (പ്രസിഡന്റ്), കെ.പി. ജ്യോതിർ മനോജ് (ജനറൽസെക്രട്ടറി), ജിഗീഷ് ബാബു എം.പി. (ട്രഷറർ) എന്നിവരെ യോഗം തിരഞ്ഞെടുത്തു.

**2023 ഏപ്രിൽ 7,8,9 തിയ്യതികളിൽ പാറ്റ്നയിൽ (ബീഹാർ) നടന്ന ഭാരതീയ മസ്ദൂർ സംഘത്തിന്റെ ഇരുപതാമത് ത്രൈവാർഷിക സമ്മേളനം അംഗീകരിച്ച പ്രമേയങ്ങളിലെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് രാജ്യവ്യാപകമായി നടത്തിയ ആഹ്വാനത്തിന്റെ ആദ്യപടിയായി ഏപ്രിൽ 28 ന് കളക്ട്രേറ്റുകളിലേക്ക് മാർച്ചും ധർണ്ണയും സംഘടിപ്പിച്ചു.**

**മിനിമം വേതനത്തിന് പകരം ലിവിങ് വേജസ് നടപ്പാക്കുക., ദേശീയ തൊഴിൽ നയം രൂപീകരിക്കുക. എല്ലാവർക്കും സാമൂഹ്യ സുരക്ഷാ പദ്ധതി ഏർപ്പെടുത്തുക, കരാർ തൊഴിൽ നിയമം പരിഷ്ക്കരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് പ്രക്ഷോഭം.**




**പാലക്കാട് ജില്ലാ കളക്ട്രേറ്റ് മാർച്ചും ധർണ്ണയും സംസ്ഥാന ട്രഷറർ സി.ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.**

# ദേശീയ തൊഴിൽനയം രൂപീകരിക്കണം

ഏപ്രിൽ 26-ന് ഭാരതീയ മസ്ദൂർസംഘം രാജ്യവ്യാപകമായി ആഹ്വാനംചെയ്ത പ്രക്ഷോഭത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് നടന്ന സെക്രട്ടറിയേറ്റ് ധർണ്ണ സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ എല്ലാ വിഭാഗം തൊഴിലാളികളുടെയും സുരക്ഷിതത്വം ഉറപ്പാക്കുന്ന ദേശീയ തൊഴിൽനയം രൂപീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ദേശീയ തൊഴിൽനയം രൂപീകരിക്കുക, കോൺട്രാക്ട് ലേബർ സമ്പ്രദായം അവസാനിപ്പിക്കുക, തുല്യജോലിക്ക് തുല്യവേതനം എന്ന നയം അംഗീകരിച്ച് കരാർ തൊഴിലാളികൾക്ക് സ്ഥിരം തൊഴിലാളികളുടെ വേതനം ഉറപ്പ് നല്കുക, ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, ക്ഷേമനിധി പെൻഷൻ കൃത്യമായും നല്കുക, ക്ഷേമനിധി പെൻഷൻ മിനിമം 5000 രൂപയാക്കുക, കെ.എസ്.ആർ.ടി.സി.യെ സർക്കാർ ഡിപ്പാർട്ട്മെന്റാക്കുക, കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ വേതനം കൃത്യമാക്കുക, പൊതുജനങ്ങളുടെ യാത്രാസൗകര്യം ഉറപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിയ ധർണ്ണയിൽ ബി.എം.എസ്. സംസ്ഥാന ജനറൽസെക്രട്ടറി ജി.കെ. അജിത്ത്, തിരുവനന്തപുരം ജില്ലാസെക്രട്ടറി കെ. ജയകുമാർ എന്നിവർ സംസാരിച്ചു. പാളയം രക്തസാക്ഷിമണ്ഡപത്തിൽനിന്ന് ആരംഭിച്ച മാർച്ചിന് ജില്ലാ, മേഖല ഭാരവാഹികൾ നേതൃത്വം നല്കി.

### എല്ലാ തൊഴിലാളികൾക്കും സാമൂഹിക സുരക്ഷ ഉറപ്പാക്കണം

**പത്തനംതിട്ട:** സംഘടിത-അസംഘടിത മേ



**ആലപ്പുഴയിൽ നടന്ന കളക്ട്രേറ്റ് മാർച്ചും ധർണ്ണയും ബി.എം.എസ്. സംസ്ഥാന സെക്രട്ടറി കെ.ചന്ദ്രലത ഉദ്ഘാടനം ചെയ്യുന്നു.**

ഖലയിലെ മുഴുവൻ തൊഴിലാളികൾക്കും സാമൂഹ്യസുരക്ഷാ പദ്ധതികൾ ഉറപ്പാക്കണമെന്ന് ദേശീയ സെക്രട്ടറി വി. രാധാകൃഷ്ണൻ ആവശ്യപ്പെട്ടു. ദേശീയ പ്രക്ഷോഭത്തിന്റെ ഭാഗമായി ബി.എം.എസ്. പത്തനംതിട്ട ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ കളക്ട്രേറ്റിൽ നടത്തിയ ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡന്റ് എം.കെ. അരവിന്ദൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാസെക്രട്ടറി എ.കെ. ഗിരീഷ്, വൈദ്യുതി മസ്ദൂർ സംഘ് വർക്കിംഗ് പ്രസിഡന്റ് അനിൽകുമാർ, എൻ.ജി.ഒ. സംഘ് ജില്ലാ പ്രസിഡന്റ് ജി. ഗിരീഷ്, എ.എസ്. രഘുനാഥൻ, പി.എസ്. ശശി, സി.എസ്. ശ്രീകുമാർ, പി.ജി. ഹരികുമാർ എന്നിവർ സംസാരിച്ചു. അബാൻ ജംഗ്ഷനിൽനിന്നും ആരംഭിച്ച പ്രകടനത്തിന് ബി.എം.എസ്. ജില്ലാ ഭാരവാഹികളായ എൻ.വി. പ്രമോദ്, വി. ജി. ശ്രീകാന്ത്, കെ.ജി. അനിൽകുമാർ, ഹരികുമാർ ചുട്ടിയിൽ, കെ. ജി. സുരേന്ദ്രൻ, കെ. എം. രത്നകുമാർ, സോണി സത്യൻ, സരളാദേവി, യമുനാദേവി തുടങ്ങിയവർ നേതൃത്വം നല്കി.

**മിനിമം വേതനത്തിന് പകരം ജീവിക്കാനാവശ്യമായ വേതനം ലഭ്യമാക്കണം**

കാക്കനാട്/എറണാകുളം: രാജ്യത്തെ തൊഴിലാളികളുടെ ജീവിത സാഹചര്യം മാറിയതനുസരിച്ച് മിനിമം വേജസ് നിയമത്തിനുപകരം ലിവിങ് വേജസ് (ജീവിക്കാനാവശ്യമായ വേതനം) ലഭ്യമാക്കുന്നതിനുള്ള നിയമം നടപ്പാക്കണമെന്ന് ബി.എം.എസ്. ദേശീയ നിർവ്വാഹക സമിതിയംഗം കെ.കെ. വിജയകുമാർ ആവശ്യപ്പെട്ടു.

ദേശീയപ്രക്ഷോഭത്തിന്റെ ഭാഗമായി ബി.എം.എസ്. എറണാകുളം ജില്ലാകമ്മിറ്റി സംഘടിപ്പിച്ച കളക്ട്രേറ്റ് ധർണ്ണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാസെക്രട്ടറി ധനീഷ് നീറിക്കോട്, കെ.എസ്. ശ്യാംജിത്, എം.ആർ. രമേശ്കുമാർ, ശ്രീജേഷ് ശ്രീകുമാർ, കെ.കെ. വിജയൻ, എം.എൽ. സെൽവൻ എന്നിവർ സംസാരിച്ചു.



**കോട്ടയത്ത് നടന്ന പ്രതിഷേധ മാർച്ചും ധർണ്ണയും ബി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് എം.പി.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു.**

കാസർഗോഡ്: ദേശീയപ്രക്ഷോഭത്തിന്റെ ഭാഗ



**ബി.എം.എസ് നേതൃത്വത്തിൽ നടത്തിയ കണ്ണൂർ കലക്ട്രേറ്റ് ധർണ്ണ ജില്ലാ പ്രസിഡന്റ് സി.വി.തമ്പാൻ ഉദ്ഘാടനം ചെയ്യുന്നു.**

മായി കാസർഗോഡ് കലക്ട്രേറ്റിലേക്ക് മാർച്ചും ധർണ്ണയും നടന്നു. ജില്ലാപ്രസിഡന്റ് വി.വി. ബാലകൃഷ്ണൻ അദ്ധ്യക്ഷം വഹിച്ചു. ബി.എം. എസ്. ദക്ഷിണ ക്ഷേത്ര സഹസംഘടനാ സെക്രട്ടറി എം.പി. രാജീവൻ ഉദ്ഘാടനം ചെയ്തു. ബി. എം.എസ്. ജില്ലാഭാരവാഹികളായ വി. ബാബു, ദിനേശ് പി, സിന്ധു.പി., ഗീതാ ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. ജില്ലാസെക്രട്ടറി വി. ഗോവിന്ദൻ മടിക്കൈ സ്വാഗതവും ജില്ലാ ജോയിന്റ് സെക്രട്ടറി കെ. ഉപേന്ദ്രൻ നന്ദിയും രേഖപ്പെടുത്തി.

പ്രകടനത്തിന് ജില്ലാഭാരവാഹികളായ അനിൽ ബി. നായർ, എം.കെ. രാഘവൻ, ഹരീഷ്, വിശ്വനാഥ ഷട്ടർ, ശ്രീനിവാസൻ, കൃഷ്ണകുമാർ, വി.ബി. സത്യനാഥ് എന്നിവരും ലീലാകൃഷ്ണൻ, പുരുഷോത്തമൻ, രവി, ശിവരാമൻ, ഭരതൻ, സുനിൽ, അനൂപ്, സുരേഷ് തമ്പാൻ, രവീന്ദ്രൻ, കുഞ്ഞികൃഷ്ണൻ, ഭാസ്കരൻ, ചന്ദ്രശേഖരൻ, ഗുരുദാസ് എന്നിവരും നേതൃത്വം നല്കി.

**കൊല്ലം:** കൊല്ലം കളക്ട്രേറ്റിലേയ്ക്കു മാർച്ചും ധർണ്ണയും നടത്തി. രാജ്യത്തെ തൊഴിലാളികൾക്ക് മിനിമം വേജസ്സല്ല ലിവിംഗ് വേജസ്സ് അടിയന്തിരമായി നടപ്പിലാക്കണമെന്ന് ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് ബി.എം.എസ്. സംസ്ഥാന ഡെപ്യൂട്ടി ജനറൽസെക്രട്ടറി ശിവജി സുദർശനൻ ആവശ്യപ്പെട്ടു. കരാർമേഖലയിൽ നിലനില്ക്കുന്ന തൊഴിലാളിവിരുദ്ധ നയങ്ങൾ പിൻവലിക്കുക, സാമ്പത്തിക വികസനത്തിൽ ദേശീയ തൊഴിൽനയംരൂപീകരിക്കുക, എല്ലാവിഭാഗം തൊഴിലാളികളെയും സാമൂഹ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു. പി. ജയപ്രകാശ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാസെക്രട്ടറി കെ. അജയൻ, ജില്ലാ വൈസ്പ്രസിഡന്റ് പരിമണം ശശി, എൻ.ടി.യു. സംസ്ഥാനപ്രസിഡന്റ് പി.എസ്. ഗോപകുമാർ, കെ.എസ്.ടി.ഇ.എസ്. ജില്ലാവർക്കിംഗ് പ്രസിഡന്റ് ബി.എസ്. സന്തോഷ്, കെ.എസ്.ഇ.ബി. ജില്ലാസെക്രട്ടറി ആർ. ഷിബു, പെൻഷനേഴ്സ് സംഘ് സംസ്ഥാന വൈസ്പ്രസിഡന്റ് മഹാദേവകുമാർ, ജില്ലാ ഭാരവാഹികളായ ഡി.എസ്. ഉണ്ണി, കെ. ശിവരാജൻ, ആർ. രാജീവ്, ആർ.കെ. സുധീഷ്കുമാർ, എസ്. സുന്ദരൻ, ഏരൂർ മോഹനൻ, സനൽ, സജില കുമാരി മുതലായവർ സംസാരിച്ചു.

**കോട്ടയം:** പ്രക്ഷോഭ പരിപാടിയുടെ ഭാഗമായി കോട്ടയം കളക്ട്രേറ്റിലേയ്ക്ക് നൂറുകണക്കിന് തൊഴിലാളികൾ പങ്കെടുത്ത പ്രകടനവും തുടർന്ന ധർണ്ണയും നടന്നു. ധർണ്ണ ബി.എം.എസ്. സംസ്ഥാന വൈസ്പ്രസിഡന്റ് എം.പി. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. ജില്ലാപ്രസിഡന്റ് വി.എസ്. പ്രസാദ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാസെക്രട്ടറി എസ്.എസ്. ശ്രീനിവാസപിള്ള സ്വാഗതം ആശംസിച്ചു. സംസ്ഥാന സമിതിയംഗം കെ.എൻ. മോഹനൻ ആശംസ അർപ്പിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി എസ്. വിനയൻ കൃതജ്ഞത രേഖപ്പെടുത്തി.

**പാലക്കാട്:** ഏപ്രിൽ 26–ന് ബി.എം.എസ്. ദേശവ്യാപകമായി നടത്തിയ പ്രക്ഷോഭത്തിന്റെ ഭാഗമായി ബി.എം.എസ്. പാലക്കാട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന കളക്ട്രേറ്റ്



**തൃശ്ശൂർ ജില്ലാ കളക്ടറേറ്റ് മാർച്ചും ധർണ്ണയും ബി.എം.എസ്. സംസ്ഥാന സെക്രട്ടറി സി.ജി.ഗോപകുമാർ ഉദ്ഘാടനം ചെയ്യുന്നു.**

മാർച്ചും ധർണ്ണയും ബി.എം.എസ്. സംസ്ഥാന ട്രഷറർ സി. ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജില്ലാപ്രസിഡന്റ് സലീം തെന്നിലാപുരം അദ്ധ്യക്ഷത വഹിച്ചു. ജില്ലാസെക്രട്ടറി വി. രാജേഷ്, ജില്ലാഭാരവാഹികളായ പി.കെ. രവീന്ദ്രനാഥ്, വി. ശിവദാസ്, എസ്. ബദരിനാഥ്, വി. മാധവൻ, വി. മണികണ്ഠൻ, കെ. സുധാകരൻ, ടി. കുമരേശൻ, ആർ. സുരേഷ്, എം. ഗിരീഷ്, എസ്. രാജേന്ദ്രൻ, എൻ. സുബ്രഹ്മണ്യൻ എന്നിവർ പ്രസംഗിച്ചു.

തൃശൂർ: ബി.എം.എസ്. തൃശൂർ ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ധർണ്ണ സംസ്ഥാന സെക്രട്ടറി സി.ജി. ഗോപകുമാർ ഉദ്ഘാടനം ചെയ്തു. ബി.എം.എസ്. ജില്ലാപ്രസിഡന്റ് എം.കെ. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാഭാരവാഹികളായ എ.സി. കൃഷ്ണൻ, സേതു തിരുവെങ്കിടം, പി. ആനന്ദൻ, അഡ്വ. പ്രസാര വാസവൻ, കെ.ബി. ജയശങ്കർ, ബിബിൻ മംഗലം, കെ.വി. വിനോദ്, ജിജേഷ്കുമാർ എന്നിവർ സംസാരിച്ചു.

## രാജ്യം പുരോഗതിയിലേയ്ക്കു കുതിക്കുമ്പോൾ കേരളസർക്കാർ മുഖംതിരിഞ്ഞ് നില്ക്കുന്നു

**കോഴിക്കോട്:** ബി.എം.എസ്. ദേശീയപ്രക്ഷോഭത്തിന്റെ ഭാഗായി കലക്ട്രേറ്റിലേക്ക് മാർച്ചും ധർണ്ണയും നടത്തി. രാജ്യം പുരോഗതിയിലേയ്ക്കു കുതിക്കുമ്പോൾ കേരളസർക്കാർ അതിനെതിരെ മുഖംതിരിഞ്ഞ് നില്ക്കുകയാണ്. കറണ്ട്ചാർജ്, വാട്ടർചാർജ്, ഭൂനികുതി, കെട്ടിടനികുതി, പെട്രോൾ, ഡീസൽ, അധികനികുതി എന്നിവ അടിച്ചേല്പിച്ച് കേരളജനതയെ കൊല്ലുന്ന പിണറായി സർക്കാർ നയംതിരുത്തണമെന്ന് ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് ബി.എം.എസ്. സംസ്ഥാന സെക്രട്ടറി കെ. വി. മധുകുമാർ പറ




**മലപ്പുറം ജില്ലാ കളക്ട്രേറ്റ് മാർച്ചും ധർണ്ണയും ബി.എം.എസ്. സംസ്ഥാന സെക്രട്ടറി സിബി വർഗീസ് ഉദ്ഘാടനം ചെയ്യുന്നു.**

ഞ്ഞു. ബി.എം.എസ്. ജില്ലാപ്രസിഡന്റ് പി. ശശിധരൻ അദ്ധ്യക്ഷത വഹിച്ചു. എൻ.ജി.ഒ. സംഘ് സംസ്ഥാന ട്രഷറർ ദേവനന്ദൻ, കെ.എസ്.ടി.ഇ.എസ്. സംസ്ഥാനസെക്രട്ടറി സി. ഹരീസ്, കെ.വി.എം.എസ്. സംസ്ഥാന വൈസ്പ്രസിഡന്റ് മനോജ് എന്നിവർ സംസാരിച്ചു. ബി.എം.എസ്. ജില്ലാസെക്രട്ടറി ടി.എം. പ്രശാന്ത് സ്വാഗതവും ജില്ലാ വൈസ്പ്രസിഡന്റ് കെ. സുരേഷ്കുമാർ നന്ദിയും രേഖപ്പെടുത്തി.



**വയനാട് ജില്ലാ കലക്ടർ ഡോ.രേണു രാജ് ഐ.എ.എസ്. മുമ്പാകെ ബി.എം.എസ്. പ്രതിനിധി സംഘം നിവേദനം നൽകുന്നു.**

ആലപ്പുഴ: ബി.എം.എസ്. ആലപ്പുഴ ജില്ലാസമിതിയുടെ നേതൃത്വത്തിൽ ആലപ്പുഴ കളക്ട്രേറ്റിലേയ്ക്ക നടന്ന മാർച്ചും ധർണ്ണയും ബി.എം.എസ്. സംസ്ഥാനസെക്രട്ടറി ശ്രീമതി കെ. ചന്ദ്രലത ഉദ്ഘാടനം ചെയ്തു. ജില്ലാപ്രസിഡന്റ് ബി. രാജശേഖരൻ അദ്ധ്യക്ഷത വഹിക്കുകയും ജില്ലാസെക്രട്ടറി ബിനീഷ്ബോയ്, ഫെറ്റോ സംസ്ഥാന ജനറൽസെക്രട്ടറി എസ്.കെ. ജയകുമാർ, ബി.എം.എസ്. സംസ്ഥാനസമിതിയംഗങ്ങളായ എ.എൻ. പങ്കജാക്ഷൻ, സി. ഗോപകുമാർ, കെ. സദാശിവൻപിള്ള, ജില്ലാഭാരവാഹികളായ പി. ശ്രീകുമാർ, സജീവ് എസ്., വനജ രതീഷ് ബാബു, സ്നേഹാ വിജയൻ, എൻ. ദേവദാസ്, റ്റി.സി. സുനിൽകുമാർ, പി. യശോധരൻ, ജെ. മനോജ്, സ്മിതാ സിദ്ധാർത്ഥൻ, ആർ. സന്തോഷ്, എം. സന്തോഷ്, അരുൺകുമാർ ജി.എം., കെ.റ്റി. രാജു, ജി. ഗോപകുമാർ, അഭിലാഷ് ബേർളി എന്നിവർ ധർണ്ണാസമരത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയും ചെയ്തു.

ഇടുക്കി ചെറുതോണി: തൊഴിലാളികളുടെ ജീവിതനിലവരമുയരണമെങ്കിൽ മിനിമം വേജസ് എന്നത് കാലാനുസൃതമായി പരിഷ്കരിച്ച് ലിംവിംഗ് വേജസ് നടപ്പിലാക്കണമെന്ന് ബി.എം.എസ്. ദേശീയ സമിതിയംഗം എൻ.ബി. ശശിധരൻ




**കോഴിക്കോട് ജില്ലാ കളക്ട്രേറ്റ് മാർച്ചും ധർണ്ണയും ബി.എം.എസ്. സംസ്ഥാന സെക്രട്ടറി കെ.വി.മധുകുമാർ ഉദ്ഘാടനം ചെയ്യുന്നു.**

ആവശ്യപ്പെട്ടു. കേരളത്തിൽ നടക്കുന്ന ദേശീയപ്രക്ഷോഭത്തിന്റെ ഭാഗമായി ഇടുക്കി കളക്ട്രേറ്റിലേയ്ക്ക് നടത്തിയ മാർച്ചും ധർണ്ണയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ലാവൈസ് പ്രസിഡന്റ് വി.എൻ. രവീന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാപ്രസിഡന്റ് കെ. ജയൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാസെക്രട്ടറി എസ്.ജി. മഹേഷ്, ജില്ലാ വൈസ്പ്രസിഡന്റുമാരായ ബി. വിജയൻ, ബി. ഭുവനചന്ദ്രൻ, കെ.എം. സിജു, സെക്രട്ടറിമാരായ പി. മോഹനൻ, ഡി. ഡേവിഡ്, എം.ബി. റെജികുമാർ, സിനീഷ്കുമാർ, എസ്. അരവിന്ദ് തുടങ്ങിയവർ സംസാരിച്ചു. സുനിൽകുമാർ, പി.കെ. രതീഷ്, സതീഷ് വേണുഗോപാൽ, പി.റ്റി. ബാബു തുടങ്ങിയവർ മാർച്ചിന് നേതൃത്വം നല്കി.

**മലപ്പുറം:**

കലക്ടറേറ്റിനു മുൻപിൽ നടത്തിയ ധർണ്ണ ബി.എം.എസ്. സംസ്ഥാന സെക്രട്ടറി സിബി. വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. ജില്ലാവൈസ്പ്രസിഡന്റ് എൻ.വി. രാജേഷ് അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാസെക്രട്ടറി എൽ. സതീഷ്, ജില്ലാ നേതാക്കളായ ഒ. ഗോപാലൻ, ദേവുഉണ്ണി, വിശ്വനാഥൻ, ദിനേശൻ, പ്രദീപ് പാപ്പന്നൂർ, ജെ. ജനീഷ്, ബാബുരാജ്, നിഷാദ് എന്നിവർ പ്രസംഗിച്ചു.

**കണ്ണൂർ**

ബി.എം.എസ്. കണ്ണൂർ ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന കണ്ണൂർ കളക്ട്രേറ്റ് ധർണ്ണ പ്രസിഡന്റ് സി.വി. തമ്പാൻ ഉദ്ഘാടനം ചെയ്തു.

ജില്ലാ വൈസ്പ്രസിഡന്റ് പി. കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. വിവിധ സർവ്വീസ് സംഘടനകളെയും യൂണിയനുകളെയും പ്രതിനിധീകരിച്ച് പി. ബാലൻ, എം. നാരായണൻ, ടി. ഷാനവാസ്, കെ.പി. ജ്യോതിർ മനോജ്, വനജ രാഘവൻ, പി.വി. പുരുഷോത്തമൻ, എം. പ്രസന്നൻ, അഡ്വ. കെ.പി. സുരേഷ് കുമാർ, എ. ദയാറാണി എന്നിവർ പ്രസംഗിച്ചു. ജില്ലാസെക്രട്ടറി എം. വേണുഗോപാൽ സമാപനപ്രസംഗം നടത്തി.

## ബി.എം.എസ്. ദേശീയ സമ്മേളനം ഉന്നയിച്ച മറ്റാവശ്യങ്ങൾ

1. സാമൂഹ്യ സുരക്ഷാകോഡ് ഉടൻ നടപ്പാക്കുക.
2. എല്ലാവർക്കും വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, ഭക്ഷണം, വീട്, തൊഴിൽ എന്നിവ ഉറപ്പാക്കുക.
3. അങ്കണവാടി, ആശ, സർവ്വശിക്ഷാ അഭിയാൻ, ദേശീയ ആരോഗ്യമിഷൻ തുടങ്ങിയ പദ്ധതികളിലെ ജീവനക്കാർക്ക് മാന്യമായ ശമ്പളവും സാമൂഹ്യ സുരക്ഷാപദ്ധതികളും പെൻഷനും നടപ്പാക്കുക.
4. പെൻഷനുകൾ കാലാനുസൃതമായി പുതുക്കുകയും വിലക്കയറ്റത്തിനനുസരിച്ച് ക്ഷാമബത്ത നല്കുകയും വേണം.
5. തൊഴിൽപ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ത്രികക്ഷിസംവിധാനം ശക്തിപ്പെടുത്തുക.
6. അഖിലേന്ത്യാ തൊഴിൽസമ്മേളനം വിളിച്ചുചേർക്കുക.
7. തുല്യജോലിക്കു തുല്യവേതനം എന്ന നയം അംഗീകരിച്ച് കരാർതൊഴിലാളികൾക്ക് സ്ഥിരംതൊഴിലാളികളുടെ വേതനം ഉറപ്പുനല്കാൻ കരാർതൊഴിലാളി നിയമം ഭേദഗതി ചെയ്യുക.



**ഇടുക്കി ജില്ലാ കളക്ട്രേറ്റ് മാർച്ചും ധർണ്ണയും ബി.എം.എസ്. ദേശീയ സമിതിയംഗം എൻ.ബി.ശശിധരൻ ഉദ്ഘാടനം ചെയ്യുന്നു.**

# ഇ.എസ്.ഐ. ചികിത്സ പൂർവ്വസ്ഥിതി തുടരണം

## – വി.രാധാകൃഷ്ണൻ

ഇ.എസ്.ഐ. ഒരു കോൺട്രിബ്യൂട്ടറി സ്കീം എന്ന നിലയിൽ അംഗ തൊഴിലാളികൾക്ക് സെക്കന്ററി,സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ ലഭ്യമാക്കുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലേക്ക് റഫർ ചെയ്തിരുന്നു. ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതിയ സർക്കുലർ പ്രകാരം സർക്കാർ ആശുപത്രികളിലേക്ക് റഫർ ചെയ്യണമെന്നാണ് നിർദ്ദേശിക്കുന്നത്. ഈ നിർദ്ദേശം പദ്ധതി ഗുണഭോക്താക്കളായ തൊഴിലാളികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ പ്രസ്തുത സർക്കുലർ പിൻവലിക്കണമെന്നും പൂർവസ്ഥിതി തുടരണമെന്നും ഡയറക്ടർ ജനറലിന് കത്തയച്ചതായി ബി.എം.എസ്. ദേശീയ സെക്രട്ടറി വി.രാധാകൃഷ്ണൻ പറഞ്ഞു.

മെയ് 26 ന് ചേരുന്ന ബോർഡ് യോഗത്തിൽ ഇക്കാര്യം ഉന്നയിക്കുമെന്നും ബോർഡ് ഡയറക്ടർ കൂടിയായ രാധാകൃഷ്ണൻ അറിയിച്ചു.

# വില്ലേജ് ഓഫീസ് മാർച്ച് നടത്തി

**ആലുവ:** നിർമ്മാണതൊഴിലാളികളുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കവർന്നെടുക്കുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ തൊഴിലാളി വഞ്ചനയ്ക്കെതിരെ ബി.എം.എസ്. ആലുവ മേഖല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആലുവ വെസ്റ്റ് വില്ലേജ് ഓഫീസിലേയ്ക്ക് മാർച്ചും ധർണ്ണയും നടത്തി. മാരകരോഗം ബാധിച്ച് മരണത്തെ മുഖാമുഖം കണ്ടുകൊണ്ട് ജീവിതം തള്ളിനീക്കുന്ന നൂറുകണക്കിന് തൊഴിലാളികളാണ് ചികിത്സാ ധനസഹായത്തിനായി സർക്കാരിന്റെ ദയക്കുവേണ്ടി കാത്തുനില്ക്കുന്നത്. അപേക്ഷ സമർപ്പിച്ച് രണ്ടുവർഷം ആയിട്ടും മരണാനന്തര ധനസഹായം, വിവാഹധനസഹായം, പെൻഷനുൾപ്പെടെ മുടങ്ങി കിടക്കുന്ന ആനുകൂല്യങ്ങൾ ഉടൻ വിതരണം ചെയ്യണമെന്ന് ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് ബി.എം.എസ്. എറണാകുളം ജില്ലാ കമ്മിറ്റിയംഗം അനുരാജ് പായിപ്ര ആവശ്യപ്പെട്ടു. യൂണിയൻ മേഖലാപ്രസിഡന്റ് ബൈജു തേവക്കൽ അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. മേഖലാ പ്രസിഡന്റ് സന്തോഷ് പൈ, മേഖലാസെക്രട്ടറി വി.കെ. അനിൽകുമാർ, പി.ആർ. രഞ്ജിത്ത് കുമാർ പി.വി. സതീഷ് ടി.എസ്. റെജി എന്നിവർ സംസാരിച്ചു.

**ആലുവ ഈസ്റ്റ്:** വില്ലേജ് ഓഫീസിലേയ്ക്കുള്ള മാർച്ചും ധർണ്ണയും ബി.എം.എസ്. എറണാകുളം ജില്ലാസമിതി അംഗം സജിത്ത് ബോൾഗാട്ടി ഉദ്ഘാടനം ചെയ്തു. ബൈജു തേവക്കൽ അദ്ധ്യക്ഷത വഹിച്ചു. വി.കെ. അനിൽകുമാർ, സന്തോഷ് പൈ, പി.വി. സതീഷ്, ടി.എസ്. റെജി, സഞ്ജീവ് നൊച്ചിമ, സനോജ് തേവക്കൽ എന്നിവർ സംസാരിച്ചു.




**നിർമ്മാണ തൊഴിലാളി സംഘം നടത്തിയ ആലുവ വെസ്റ്റ് വില്ലേജ് ഓഫീസ് മാർച്ചും ധർണ്ണയും ബി.എം.എസ്. എറണാകുളം ജില്ലാ കമ്മിറ്റിയംഗം അനുരാജ് പായിപ്ര ഉദ്ഘാടനം ചെയ്യുന്നു.**

# ഷോപ്പ് തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിക്കണം

**കണ്ണൂർ:** പത്ത് ലക്ഷത്തിലധികം തൊഴിലാളികൾ ജോലിചെയ്തുവരുന്ന സംസ്ഥാനത്തെ വാണിജ്യ മേഖലയിലെ തൊഴിലാളികൾ കോവിഡാനന്തരം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തുന്നതിനും അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും മേഖലയിലെ തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കണമെന്നും, തൊഴിലാളികളുടെ പ്രതിമാസ വേതനം 21000 രൂപയാക്കണമെന്നും കണ്ണൂർ ജില്ലാവാണിജ്യ വ്യവസായ മസ്ദൂർസംഘ് വാർഷിക സമ്മേളനം സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെട്ടു.

യൂണിയൻ പ്രസിഡണ്ട് അഡ്വ. കെ.പി. സുരേഷ് കുമാർ അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാ പ്രസിഡന്റ് സി.വി. തമ്പാൻ ഉദ്ഘാടനം ചെയ്തു. ബി.എം.എസ്. ജില്ലാഭാരവാഹികളായ പി. കൃഷ്ണൻ, കെ.പി. ജ്യോതിർ മനോജ്, വനജ രാഘവൻ, പി. കെ. രാജൻ, പി.വി. പുരുഷോത്തമൻ, എം. വേണുഗോപാൽ, ബിനീഷ് കെ.പി.കെ., എം. പ്രസന്നൻ എന്നിവർ സംസാരിച്ചു.

പുതിയ ഭാരവാഹികളായി അഡ്വ. കെ.പി. സുരേഷ്കുമാർ (പ്രസിഡന്റ്), കെ. ഗോവിന്ദൻ, പ്രീത പി., പ്രമോദ് കെ., ചന്ദ്രശേഖരൻ എം., പ്രദീപൻ എ. (വൈസ്പ്രസിഡന്റ്മാർ), എം. വേണുഗോപാൽ (ജനറൽസെക്രട്ടറി), ഷാജി പി.പി., ശ്രീകുമാർ, ടി.ആർ., സുരേന്ദ്രൻ പി., പ്രതിഭ വി., ബിനീഷ് കെ.പി.കെ. (സെക്രട്ടറിമാർ) മിഥുൻ കെ.ആർ. (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

## ഉപഭോക്തൃവില സൂചിക

കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലെ 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ വില സൂചിക ഔദ്യോഗികമായി പ്രഖ്യാപിച്ച പട്ടികയാണ് ചുവടെ ചേർക്കുന്നത്. Department of economics and statistics Trivandrum Dated 20-04-2023 അടിസ്ഥാനവർഷം 1998 – 99 = 100

പഴയ സീരീസ് അനുസരിച്ച്

| Sl. No. | സെന്റർ | ലിങ്കിങ് ഫാക്ടർ | വിലസൂചിക (അടിസ്ഥാനവർഷം: 2011-12=100) 2023 ജനുവരി | 2023 ഫെബ്രുവരി | വിലസൂചിക (അടിസ്ഥാനവർഷം: 1998-99=100) 2023 ജനുവരി | 2023 ഫെബ്രുവരി |
|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 2.11 | 196 | 194 | 414 | 409 |
| 2. | കൊല്ലം | 2.09 | 190 | 188 | 397 | 393 |
| 3. | പുനലൂർ | 2.10 | 193 | 191 | 405 | 401 |
| 4. | പത്തനംതിട്ട | 2.03 | 204 | 202 | 414 | 410 |
| 5. | ആലപ്പുഴ | 2.05 | 193 | 193 | 396 | 396 |
| 6. | കോട്ടയം | 2.08 | 197 | 197 | 410 | 410 |
| 7. | മുണ്ടക്കയം | 2.17 | 191 | 190 | 414 | 412 |
| 8. | ഇടുക്കി | 1.97 | 194 | 192 | 382 | 378 |
| 9. | എറണാകുളം | 2.03 | 191 | 190 | 388 | 386 |
| 10. | ചാലക്കുടി | 2.00 | 208 | 207 | 416 | 414 |
| 11. | തൃശൂർ | 1.87 | 201 | 200 | 376 | 374 |
| 12. | പാലക്കാട് | 2.09 | 185 | 185 | 387 | 387 |
| 13. | മലപ്പുറം | 2.00 | 188 | 189 | 376 | 378 |
| 14. | കോഴിക്കോട് | 2.02 | 198 | 190 | 400 | 402 |
| 15. | വയനാട് | 1.93 | 191 | 191 | 369 | 369 |
| 16. | കണ്ണൂർ | 2.02 | 197 | 197 | 398 | 398 |
| 17. | കാസർഗോഡ് | 2.05 | 200 | 199 | 410 | 408 |

# കെ. എസ്. ആർ. ടി. സി.
# മന്ത്രിയുടെ പ്രസ്താവന ഫാസിസത്തിന്റെ സ്വരം

**തിരുവനന്തപുരം:** കെ.എസ്. ആർ.ടി.സി. ജീവനക്കാർ പണിമുടക്കിയതിനെതിരെ ഗതാഗത വകുപ്പ് മന്ത്രി മാധ്യമങ്ങളിലൂടെ നടത്തിയ പ്രസ്താവന അങ്ങേയറ്റം അപഹാസ്യവും തൊഴിലാളികളുടെ അവകാശങ്ങൾക്കു മേലുള്ള കടന്നുകയറ്റവുമാണ്. പണിയെടുത്ത കൂലിക്കുവേണ്ടി നടത്തുന്ന സമരങ്ങളെ ഫാസിസ്റ്റ് രീതിയിൽ ചെറുക്കാനള്ള സർക്കാർ സമീപനം അംഗീകരിക്കാനാവില്ല. കൃത്യമായി ശമ്പളം ലഭിക്കണം എന്നതുൾപ്പെടെ വിവിധ ആവശ്യങ്ങളുന്നയിച്ച് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം നോട്ടീസ് നല്കി നിയമാനുസൃതമായി പണിമുടക്കിൽ പങ്കെടുത്ത ജീവനക്കാരെ ഭീഷണിപ്പെടുത്തി വരുതിയിലാക്കാനുള്ള ശ്രമം ഭരണഘടനയിൽ തൊട്ട് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ ഒരു മന്ത്രിക്ക് ഭൂഷണമല്ല. പൊതുസ്വത്തിന് ഒരു രൂപയുടെ പോലും നഷ്ടം വരുത്താതെ അവകാശങ്ങൾക്കുവേണ്ടി സമാധാനപരമായി പണിമുടക്കിൽ പങ്കെടുത്ത തൊഴിലാളികളിൽനിന്നും നഷ്ടം ഈടാക്കും സ്ഥലം മാറ്റും എന്ന തരത്തിലുള്ള ഭീഷണികളെ നിയമപരമായ മാർഗ്ഗത്തിലും ജനാധിപത്യ പ്രതിഷേധങ്ങളിലൂടെയും പരാജയപ്പെടുത്തുമെന്ന് എംപ്ലോയീസ് സംഘ് സംസ്ഥാന ജനറൽസെക്രട്ടറി എസ്. അജയകുമാർ പറഞ്ഞു.

കെ. എസ്. ആർ. ടി. സി. യെ മൂന്നായി വിഭജിക്കാനുള്ള നീക്കത്തെയും അദ്ദേഹം അപലപിച്ചു. സർക്കാർ തീരുമാനങ്ങളെ അന്ധമായി അംഗീകരിക്കുന്ന ട്രെയ്ഡ് യൂണിയനുകളുടെ ഒത്താശ കൊണ്ടുമാത്രം ഇത്തരം തീരുമാനങ്ങൾ നടപ്പാക്കാമെന്നത് സർക്കാരിന്റെ വ്യാമോഹം മാത്രമാണ്. കെ. എസ്.ആർ.ടി.സി.യെ ഇപ്പോൾതന്നെ ഒന്നായി നടത്താനുള്ള ബസ്സും ജീവനക്കാരും ഇല്ലാത്ത അവസ്ഥയാണ്. മൂന്നായി വിഭജിക്കുമ്പോൾ പ്രാദേശിക സ്ഥാപനങ്ങളുടെ അവസ്ഥയിലേക്ക് കെ.എസ്.ആർ.ടി.സി. ചുരുങ്ങുകയും ചെയ്യും.

സ്ഥാപനത്തെ ഒന്നായി സ്വകാര്യവല്ക്കരിക്കുമ്പോൾ ഉണ്ടാകാവുന്ന പ്രതിഷേധങ്ങളെ മറികടക്കാനാണ് മൂന്നായി വിഭജിക്കാൻ സർക്കാർ ശ്രമിക്കുന്നത്. മൂന്നു ഭരണകേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതിലൂടെ അധിക ബാദ്ധ്യത ഉണ്ടാവും എന്നല്ലാതെ മറ്റൊരു പ്രയോജനവും ഇല്ല. ഇത്തരം വികലമായ ശുപാർശകൾ ഉൾക്കൊള്ളുന്ന ഖന്ന റിപ്പോർട്ട് അപ്പാടെ തള്ളിക്കളയണമെന്നും അല്ലാത്തപക്ഷം പൊതുജന പങ്കാളിത്തത്തോടെ ശക്തമായ പ്രക്ഷോഭ സമരങ്ങളെ നേരിടേണ്ടിവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# അസംഘടിത തൊഴിലാളി സംഘം കണ്ണൂർ ജില്ലാ വാർഷിക സമ്മേളനം

**കണ്ണൂർ:** അസംഘടിത തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി ആവിഷ്കരിക്കപ്പെട്ട അസംഘടിത തൊഴിലാളി ക്ഷേമനിധി നിയമത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി നടപ്പാക്കണമെന്ന് അസംഘടിത തൊഴിലാളി സംഘം കണ്ണൂർ ജില്ലാസമ്മേളനം ആവശ്യപ്പെട്ടു. മസ്ദൂർ ഭവൻ ഹാളിൽ ചേർന്ന വാർഷികസമ്മേളനം ഫെഡറേഷൻ സെക്രട്ടറി ടി. കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. വനജ രാഘവൻ അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാസെക്രട്ടറി എം. വേണുഗോപാൽ, ഭാരവാഹികളായ പി. കൃഷ്ണൻ, എം. പ്രസന്നൻ, എ. ദയാറാണി എന്നിവർ സംസാരിച്ചു. പുതിയ ഭാരവാഹികളായി വനജ രാഘവൻ-പ്രസിഡന്റ്, പി.കെ. രാജൻ-ജനറൽസെക്രട്ടറി, പി.വി. പുരുഷോത്തമൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

# പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കണം

**കോഴിക്കോട്:** സംസ്ഥാനത്തെ ഒട്ടുമിക്ക ക്ഷേമനിധി ബോർഡുകളും പെൻഷൻ നല്കുന്നതിനുപോലും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പെൻഷൻ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന് ബി.എം.എസ്. സംസ്ഥാന വൈസ്പ്രസിഡന്റ് ഇ. ദിവാകരൻ പറഞ്ഞു. കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ നടന്ന അസംഘടിത പെൻഷനേഴ്സ് സംഘ് ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ക്ഷേമപദ്ധതികൾ പ്രഖ്യാപിക്കുന്ന കാര്യത്തിൽ കേരളം മുൻപന്തിയിൽ ആണെങ്കിലും ഫലപ്രദമായി നടപ്പാക്കുന്ന കാര്യത്തിൽ നമ്മുടെ സംസ്ഥാനം ഏറ്റവും പിന്നോക്കമാണ്. ഇരുപത് ലക്ഷത്തിൽപരം തൊഴിലാളികൾ രജിസ്റ്റർ ചെയ്യപ്പെട്ട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 4 ലക്ഷത്തിൽ അധികം പെൻഷൻകാരുണ്ട്. എന്നാൽ സെസ്സ് കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാവുകയും മറ്റ് ബോർഡുകളിൽനിന്നും കടമെടുക്കേണ്ട സാഹചര്യവുമാണ് ഉണ്ടായിരിക്കുന്നത്. സെസ്സ് പിരിക്കുന്നതിനുള്ള ചുമതല തദ്ദേശസ്ഥാപനങ്ങൾക്ക് നല്കിയെങ്കിലും സോഫ്റ്റ് വെയർ ക്രമീകരണത്തിന് കാലതാമസം നേരിടുന്നു എന്നതാണ് നിലവിലുള്ള അവസ്ഥയെന്നും മുൻ ബോർഡ് ഡയറക്ടർ കൂടിയായ അദ്ദേഹം തുടർന്നുപറഞ്ഞു.

പ്രസിഡന്റ് കെ.എം. ചന്ദ്രൻ അദ്ധ്യക്ഷനായി. ബി.എം.എസ്. ജില്ലാ പ്രസിഡന്റ് പി. ശശിധരൻ, സംഘടനാചർച്ച നയിച്ചു. ഒ.പി. പ്രഭാകരൻ സ്വാഗതം പറഞ്ഞു. സെക്രട്ടറി വി. ചന്ദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു. നമ്പാല രാജൻ, കെ.എൻ. വിശ്വനാഥൻ, ഒ. ഭവാനി, പി. പരമേശ്വരൻ, കെ.കെ.പ്രേമൻ, സെൽവരാജ്, സി.പി. രാജേഷ് എന്നിവർ സംസാരിച്ചു.




**അസംഘടിത പെൻഷനേഴ്സ് സംഘം കോഴിക്കോട് ജില്ലാ മൂന്നാം വാർഷിക സമ്മേളനം ബി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് ഇ.ദിവാകരൻ ഉദ്ഘാടനം ചെയ്യുന്നു.**

# ആദരാഞ്ജലി




ആധ്യാത്മിക പ്രഭാഷകനും
ശാസ്ത്രജ്ഞനുമായ
ഡോ.എൻ.ഗോപാലകൃഷ്ണൻ



കണ്ണൂർ മുൻ ജില്ലാ പ്രചാരകനും
അയ്യപ്പസേവാസമാജം
സംസ്ഥാനസെക്രട്ടറിയുമായിരുന്ന
എൻ.ജി.രവീന്ദ്രൻ



ജോലിക്കിടെ അക്രമിയുടെ
കുത്തേറ്റ് ക്രൂരമായി കൊലചെയ്യ
പ്പെട്ട കൊട്ടാരക്കര താലൂക്ക് ആശു
പത്രിയിലെ ഡോ.വന്ദന ദാസ്



പ്രശസ്ത മലയാള സിനിമാ താരം
**മാമുക്കോയ**

# കെ.എസ്.ആർ.ടി.സി: ഭൂമികുംഭകോണത്തിനുള്ള സർക്കാർശ്രമം ചെറുത്തുതോല്പിക്കും

**പാലക്കാട്** : കെ.എസ്.ആർ.ടി.സി.യുടെ ഭൂസ്വത്ത് തട്ടിയെടുക്കാനുള്ള സർക്കാർ ശ്രമം ചെറുത്ത് തോല്പിക്കുമെന്ന് കെ.എസ്.ടി. എംപ്ലോയീസ് സംഘ് സംസ്ഥാന ഡെപ്യൂട്ടി ജനറൽസെക്രട്ടറി പ്രദീപ് വി. നായർ പറഞ്ഞു. കെ.എസ്.ആർ.ടി.സി.യുടെ സ്ഥാവര ജംഗമ വസ്തുക്കൾ സ്വകാര്യ കുത്തകകൾക്ക് തീറെഴുതിയും ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിക്കുന്ന എൻ.പി.എസ്., പി.എഫ്, ഇൻഷൂറൻസ് പ്രീമിയം ഉൾപ്പെടെയുള്ളവ അടക്കാതെയും ഇടതുസർക്കാർ കെ.എസ്.ആർ.ടി.സി.യെ കൊള്ളയടിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. പാലക്കാട് ജില്ലയിൽ നടന്ന വാഹനപ്രചരണജാഥയുടെ സമാപനം പാലക്കാട് ഡിപ്പോയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യൂണിറ്റ് പ്രസിഡന്റ് കെ. പി. രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ്പ്രസിഡന്റ് വി. ശിവദാസ്, സംസ്ഥാനസെക്രട്ടറി പി.കെ. ബൈജു എന്നിവർ സംസാരിച്ചു. പാലക്കാട് ജില്ലാസെക്രട്ടറിയും ജാഥാ ക്യാപ്റ്റനുമായ ടി. വി. രമേഷ് കുമാർ സ്വീകരണത്തിന് നന്ദി പറഞ്ഞു. വിവിധ സ്വീകരണസ്ഥലങ്ങളിൽ ബി.എം.എസ്. നേതാക്കളായ എം. ഗിരീഷ്, യു. ശരവണൻ, സി. സേതുമാധവൻ, എം. ശിവദാസ്, അജയൻ, കെ.എസ്. പൊൻമല, പി. മാണിക്യൻ, കെ. കൃഷ്ണൻ, ആർ, ഗിരീഷ് എന്നിവരും കെ.എസ്.ടി. എംപ്ലോയീസ് സംഘ് നേതാക്കളായ പി. ആർ. മഹേഷ്, കെ. സുധീഷ്, പി.സി. ഷാജി, യു. തുളസീദാസ്, സി. ചന്ദ്രപ്രകാശ്. സി. പ്രമോദ്, കെ. മുരളീധരൻ, സി. ശശാങ്കൻ എന്നിവർ സംസാരിച്ചു.



**ശമ്പള നിഷേധത്തിനെതിരെ കെ.എസ്.ടി എംപ്ലോയീസ് സംഘ് മുവാറ്റുപുഴ ഡിപ്പോയിൽ നടത്തിയ പ്രതിഷേധ സമരം.**



ഭാരതീയ ജ്യോതിഷ വിചാര സംഘത്തിന്റെ ആഭിമുഖ്യത്തിൽ ആറന്മുളയിൽ നടന്ന ജില്ലാതല കുടുംബസംഗമവും സെമിനാറും സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീകുമാർ പെരിനാട് ഉദ്ഘാടനം ചെയ്യുന്നു.

# കുടുംബസംഗമം

പത്തനംതിട്ട: ഭാരതീയ ജ്യോതിഷ വിചാരസംഘത്തിന്റെ ജില്ലാതല കുടുംബസംഗമവും സെമിനാറും സംസ്ഥാന ജനറൽസെക്രട്ടറി ശ്രീകുമാർ പെരിനാട് ഉദ്ഘാടനം ചെയ്തു. ജില്ലാപ്രസിഡന്റ് രജീഷ് കൃഷ്ണ അദ്ധ്യക്ഷനായി. മുൻ ഡി.ജി.പി. അലക്സാണ്ടർ ജേക്കബ് മുഖ്യപ്രഭാഷണം നടത്തി. ബി.എം.എസ്. സംസ്ഥാനസെക്രട്ടറി ജി. സതീഷ് കുമാർ, ജില്ലാപ്രസിഡന്റ് എം.കെ. അരവിന്ദൻ, സെക്രട്ടറി ഗിരീഷ്, ബി.ജെ.വി.എസ്. സംസ്ഥാന ട്രഷറർ ആർ. സോമശേഖരൻപിള്ള, ജില്ലാസെക്രട്ടറി രാജേഷ് മോഹനൻ പോറ്റി, ദിലീപൻ, നാരായണൻ ഭട്ടതിരി, ലാൽപ്രസാദ് ഭട്ടതിരി, ഗിരീഷ്, അശോകൻ, വിനായക്, സുജിത് ഭട്ടതിരി എന്നിവർ പ്രസംഗിച്ചു. ഓമനക്കുട്ടൻ, രത്നാകരൻ ആചാരി എന്നിവർ വാസ്തു ശാസ്ത്ര ക്ലാസ്സുകൾ നയിച്ചു.



കേരള നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ബി.എം.എസ്. പ്രതിനിധിയായി നിയമിക്കപ്പെട്ട സലീം തെന്നിലാപുരം.



ടെക്സ്റ്റൈൽ വ്യവസായ ബന്ധ സമിതിയിലേക്ക് ബി.എം.എസ്. പ്രതിനിധിയായി നിയമിക്കപ്പെട്ട പി.കെ.രവീന്ദ്രനാഥ്

# ജോലിസ്ഥിരത ഉറപ്പുവരുത്തണം

കണ്ണൂർ: പ്രൈവറ്റ് ബസ്സുകളിൽ ക്ലീനർമാരെ ജോലിയിൽനിന്നും ഒഴിവാക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും തൊഴിലാളികളുടെ ജോലി സ്ഥിരത ഉറപ്പുവരുത്തണമെന്നും പ്രൈവറ്റ് ബസ് & ഹെവി വെഹിക്കിൾസ് മസ്ദൂർ സംഘ് കണ്ണൂർ ജില്ലാസമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു.

ബി.എം.എസ്. ജില്ലാപ്രസിഡന്റ് സി.വി. തമ്പാൻ ഉദ്ഘാടനം ചെയ്തു. കെ.പി. ജ്യോതിർ മനോജ് സ്വാഗതം പറഞ്ഞു. എം. പ്രസന്നൻ അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാ വൈസ്പ്രസിഡന്റ് പി. കൃഷ്ണൻ, സെക്രട്ടറി എം. വേണുഗോപാൽ എന്നിവർ പ്രസംഗിച്ചു. പുതിയ ഭാരവാഹികളായി മണികണ്ഠൻ എം.വി. (പ്രസിഡന്റ്), കെ.പി. ജ്യോതിർ മനോജ് (ജനറൽസെക്രട്ടറി), എം. പ്രസന്നൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

# പരിഷ്കരണങ്ങൾ പരാജയപ്പെടുന്നതിന് പഴി പറയേണ്ടത് തൊഴിലാളിയെയല്ല

**തിരുവനന്തപുരം** : കെ.എസ്.ആർ.ടി.സി.യിൽ മുന്നൊരുക്കങ്ങളില്ലാതെ നടപ്പാക്കുന്ന പരിഷ്കരണങ്ങൾ പരാജയപ്പെടുമ്പോൾ, പഴി മുഴുവൻ പണിയെടുക്കുന്ന തൊഴിലാളികളുടെ മേൽ ചാരി തടിതപ്പുന്ന സ്ഥിരം ശൈലിതന്നെയാണ് കട്ടപ്പുറത്തെ ബസ്സുകളുടെ കാര്യത്തിൽ അട്ടിമറിയെന്ന മാനേജ്മെന്റിന്റെ പ്രചരണത്തിന് പിന്നിലുള്ളത്. കോവിഡ് കാലത്ത് ഇടിച്ചൊതുക്കി നശിപ്പിച്ചതും രണ്ടര വർഷത്തിലധികമായി കാടും പടർപ്പുമായി തുരുമ്പെടുത്ത് കട്ടപ്പുറത്തിരിക്കുന്ന 2880 ബസ്സുകൾ സർവീസ് യോഗ്യമാക്കാൻ ഇരട്ടി അധ്വാനവും സമയവും വേണ്ടിവരുമെന്നത് സൗകര്യപൂർവ്വം വിസ്മരിച്ച് മാനേജ്മെന്റ് നടത്തുന്ന പ്രചരണം അപലപനീയമാണ്. പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ള ബസ്സുകളുടെ കാലാവധി നീട്ടിക്കൊണ്ടുള്ള ഉത്തരവിറക്കിയാൽ, അത് കണ്ട് ഭയന്ന് അറുപഴഞ്ചൻ ബസ്സുകളുടെ പ്രവർത്തനക്ഷമത വർദ്ധിക്കില്ല. ബസ്സുകൾ കട്ടപ്പുറത്തിരിക്കുന്നത്, സിംഗിൾ ഡ്യൂട്ടി വിഷയവുമായി കൂട്ടിക്കെട്ടേണ്ടതില്ല. മെക്കാനിക്കൽ വർക്ക് നോംസ് പരിഷ്കരിക്കുന്നതിന് മുമ്പ് ആധുനിക യന്ത്രസാമഗ്രികളും വർക്ക്ഷോപ്പുകളിൽ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കണമെന്ന് എംപ്ലോയീസ് സംഘ് ആദ്യം മുതൽ ആവശ്യപ്പെടുന്നതാണ്.

മെക്കാനിക്കൽ ജീവനക്കാർ പണിയെടുക്കുന്നില്ലായെന്ന് പത്രമാധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തുകയല്ല വേണ്ടത്. എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ) മുതൽ അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥ ശ്രേണിയുടെ വീഴ്ച സമ്മതിക്കേണ്ടിവരും. യഥാസമയം സ്പെയർ പാർട്സുകൾ ലഭ്യമാവാത്ത സാഹചര്യത്തിൽ കട്ടപ്പുറത്തിരിക്കുന്ന ബസ്സുകളിൽ നിന്നും സ്പെയർ പാർട്സുകൾ ഇളക്കിയെടുക്കുന്ന അധികജോലി ചെയ്താണ് പലപ്പോഴും പല ബസ്സുകളും സർവീസ് യോഗ്യമാക്കുന്നത്. ഇതൊന്നും പരിഹരിക്കാതെ മെക്കാനിക്കൽ ജീവനക്കാരെ പഴിചാരി തടിതപ്പാനുള്ള മാനേജ്മെന്റ് തന്ത്രം അപഹാസ്യമാണ്.

2017 മുതൽ ലൈലാന്റ് കമ്പനിക്ക് കുടിശ്ശികയിട്ടതും, സ്പെയർ പാർട്സുകൾ ലോക്കൽ പർച്ചേസ് ചെയ്യുന്നതും മെക്കാനിക്കൽ ജീവനക്കാരല്ല. പഴയ സ്പെയർ പാർട്സുകൾ ഉപയോഗിച്ച ശേഷം പുതിയതിന്റെ ബില്ലുകൾ സമർപ്പിക്കുന്നുവെങ്കിൽ കെ.എസ്.ആർ.ടി.സി.യിലെ വിജിലൻസ് വിഭാഗത്തെ പിരിച്ചുവിടുകയാണ് വേണ്ടത്. പുതിയ ബസ്സുകൾ സ്വിഫ്റ്റ് കമ്പനിക്ക് നല്കി പഴയ ബസ്സുകളുമായി സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാരെ പരസ്യമായി അവഹേളിക്കുന്നത് അവസാനിപ്പിക്കണം. മെക്കാനിക്കൽ വിഭാഗത്തെ അഴിച്ചുപണിയുകയല്ല, ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുകയാണ് വേണ്ടതെന്ന് കെ.എസ്.ടി. എംപ്ലോയീസ് സംഘ് സംസ്ഥാന ജനറൽസെക്രട്ടറി എസ്. അജയകുമാർ പ്രതികരിച്ചു.